പതിനൊന്നാം പദ്ധതി
ജനകീയാസൂത്രണം

ഭക്ഷ്യസുരക്ഷയ്ക്ക്
ക്ഷീരോല്പാദനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളംകുന്നത്തുകാവ്
തൃശ്ശൂർ - 680 581

കൈപ്പുസ്തകം
മലയാളം

Handbook
Malayalam

ഭക്ഷ്യസുരക്ഷയ്ക്ക്
ക്ഷീരോൽപ്പാദനം

Bhakshya Surakshakku
Ksheerolppadanam

ചീഫ് എഡിറ്റർ
പ്രൊഫ. എൻ. രമാകാന്തൻ
ഡയറക്ടർ, കില

Chief Editor
Prof. N. Ramakantan
Director, KILA

എഡിറ്റർ
എം. പ്രകാശ്
ഡയറി എക്സ്റ്റൻഷൻ ഓഫീസർ, വയനാട്

Editor
M. Prakash
Dairy Extension Officer, Wayanad

എഡിറ്റോറിയൽ സഹായം
അജിത് വെണ്ണിയൂർ

Editorial Assistance
Ajith Venniyoor

പ്രസാധനം
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ
അഡ്മിനിസ്ട്രേഷൻ (കില)
മുളംകുന്നത്തുകാവ്,
തൃശ്ശൂർ – 680 581, കേരളം
ഫോൺ : 0487 – 2201312, 2200244
പരിഷ്കരിച്ച പതിപ്പ്
ജൂൺ 2009

Published by
Kerala Institute of Local
Administration (KILA)
Mulamkunnathukavu, Thrissur - 680-581,
Kerala www.kilaonline.org
email : mail@kilaonline.org
Phone : 0487 - 2201312, 2200244
June 2009

ഉള്ളടക്കം

പേജ്

1. ഭക്ഷ്യസുരക്ഷയുടെ കാലിക പ്രസക്തിയും ക്ഷീരമേഖലയും 7
2. സുസ്ഥിര ക്ഷീരവികസനം........ 11
3. ഊർജ്ജിത തീറ്റപ്പുൽകൃഷി വ്യാപനം........ 16
4. ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങളും ചുമതലകളും 20
5. ക്ഷീര സഹകരണ സംഘങ്ങളും നിയമങ്ങളും 25
6. ക്ഷീരസംഘം - വൈവിദ്ധ്യവൽക്കരണം 30
7. പാലിന്റെ ഗുണനിയന്ത്രണം........ 37
8. പാലിൽ സൂക്ഷ്മാണുക്കളുടെ പ്രവർത്തനം 43
9. ക്ഷീരകർഷകക്ഷേമനിധി 49
10. ക്ഷീരസംഘങ്ങളും ചെറുകിട വ്യവസായ സംരംഭങ്ങളും 52
11. ക്ഷീര മേഖലയും ഇൻഷുറൻസ് പദ്ധതികളും 54
12. മാംസോൽപ്പാദന മേഖലയിലെ പ്രാദേശിക ഇടപെടലുകൾ........ 63
13. പശുവളർത്തലിലെ നാട്ടറിവുകൾ 67
14. ക്ഷീരസംഘങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 70
15. വിജയഗാഥ 74
16. അനുബന്ധം 84
17. പൗരാവകാശരേഖ 102
18. അനുബന്ധം - ഉത്തരവുകൾ 116



ആമുഖം

കേരളത്തിലെ പാവപ്പെട്ട നിരവധി പേരുടെ ഉപജീവനമാർഗമാണ് പശുവളർത്തൽ. വനിതകളുടേയും സാധാരണക്കാരുടേയും പ്രധാന പ്പെട്ട അനുബന്ധ വരുമാനമാർഗം പശുപരിപാലനമാണ്. ബയോഗ്യാസ് പ്ലാന്റ് നിർമാണത്തിലൂടെ ഇന്ധനോൽപ്പാദനവും പോഷക സമൃദ്ധ മായ ചാണകമട്ടിന്റെ ഉപയോഗത്തിലൂടെ കാർഷിക മേഖലയുടെ പുഷ്ടിപ്പെടുത്തലും കന്നുകാലി വളർത്തലിന്റെ അനുബന്ധ വരുമാ നമെന്ന നിലയിൽ അതീവ പ്രാധാന്യമർഹിക്കുന്നു. ഉത്തമപോഷകാ ഹാരമായ പാലിന്റെ ഉപഭോഗം ഗ്രാമീണ മേഖലയിൽ സാധ്യമാകു ന്നത് സ്വന്തം വീടുകളിൽ പാലുൽപാദനം ഉള്ളതുകൊണ്ട് മാത്രമാ ണ്. ഗ്രാമീണ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പശുവളർത്ത ലിന്റേയും മൃഗപരിപാലനത്തിന്റേയും പങ്ക് ചെറുതല്ല.

സംസ്ഥാനത്തെ ക്ഷീരോൽപാദനത്തിന്റെ വളർച്ചാനിരക്കിലുണ്ടായ അനഭിലഷണീയമായ കുറവും കാലിസമ്പത്തിന്റെ ശോഷണവും ഏറെ ആശങ്കാജനകമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻഫണ്ട് ഫലപ്രദമായി ഉപയോഗപ്പെടുത്തിയും വിവിധ ഏജൻസികളുടെ ഏകോപനത്തിലൂടെയും ഇത് പരിഹരിക്കാനാവും. വയനാട്, പാല ക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ നിന്നാണ് സംസ്ഥാനത്ത് എഴുപത് ശതമാനം പാലും സംഭരിക്കുന്നത്. പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപാദനത്തിന് ഊന്നൽ നൽകി ദീർഘകാലാടിസ്ഥാനത്തിൽ പാലുൽപാദനം, പാലിന്റെ ഗുണനിലവാരം എന്നിവയിൽ കൃത്യമായ ലക്ഷ്യം നിർണ്ണയിച്ചുകൊണ്ടും കർമ പരിപാടികൾ തയ്യാറാക്കി വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെ നടപ്പാക്കാനാവും.

വയനാട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പാൽ, മാംസം, മുട്ട എന്നിവയുടെ ഉല്പാദന വർദ്ധനവിനായി നടപ്പാക്കിയ മാതൃകാപരമായ പ്രവർത്തനങ്ങൾ മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്. വയനാട്ടിലെ കർഷക ആത്മഹത്യകൾ തടയുന്നതിൽ ക്ഷീരവികസന മേഖലയിലെ ഇടപെടലുകൾക്ക് വളരെയേറെ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞുവെന്നുള്ള വസ്തുത എടുത്തു പറയേണ്ടതാണ്. ക്ഷീര വികസന മേഖലയുടെ വളർച്ചയ്ക്ക് ക്ഷീര സഹകരണ സംഘങ്ങൾക്ക് ഒട്ടേറെ സംഭാവനകൾ നൽകുവാൻ കഴിയുമെന്ന് വയനാട്ടിലെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര വികസന വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റി, മിൽമ, ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയ ഏജൻസികളുടെ കൂട്ടായ പ്രവർത്തനങ്ങൾ നേട്ടങ്ങൾ കൈവരിക്കുന്നതിന് സാഹയകമായിട്ടുണ്ട്.

ഗ്രാമീണ സമ്പദ്ഘടനയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ക്ഷീര വികസന മേഖലയുടെ വളർച്ചയ്ക്ക് ഈ കൈപ്പുസ്തകം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. കിലയുടെ നേതൃത്വത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ ഭക്ഷ്യസുരക്ഷയ്ക്ക് ക്ഷീരോൽപ്പാദന വർദ്ധനവ് എന്ന വിഷയത്തിൽ നടന്നുവരുന്ന പങ്കാളിത്ത പഠന പരമ്പരകൾ പാലുൽപ്പാദന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്താൻ സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു. കൈപ്പുസ്തകം തയ്യാറാക്കുന്നതിൽ സഹായിച്ച ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ തുടങ്ങിയവരോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു.

പ്രൊഫ. എൻ. രമാകാന്തൻ
ഡയറക്ടർ, കില



1 ഭക്ഷ്യസുരക്ഷയുടെ കാലിക പ്രസക്തിയും ക്ഷീരമേഖലയും

ഭാരതത്തിലെ ഭക്ഷ്യധാന്യോൽപ്പാദന വളർച്ച, ജനസംഖ്യാ വളർച്ചാ നിരക്കിനെ അപേക്ഷിച്ച് കുറഞ്ഞു എന്നത് ഏവരേയും ആശങ്കപ്പെടുത്തിയിട്ടുണ്ട്. 2007-08 ലെ റിക്കാർഡ് ഉൽപ്പാദനമായ 230 ദശലക്ഷം ടൺ കണക്കിലെടുത്താൽപോലും 2000-01 നു ശേഷമുള്ള വളർച്ചാനിരക്ക് എൺപതുകൾക്ക് മുൻപുള്ളതിനേക്കാൾ കേവലം മൂന്നിലൊന്നു മാത്രമാണെന്നത് ഭക്ഷ്യോൽപ്പാദന മേഖലയിലെ മുരടിപ്പ് എത്രമാത്രം ഭയാനകമാണെന്ന് വെളിപ്പെടുത്തുന്നു. 2004-05 ലെ വാർഷിക പ്രതിശീർഷ ഭക്ഷ്യധാന്യ ലഭ്യത 157 കിലോഗ്രാം ആണ്. ഇത് കോളോണിയൽ കാലഘട്ടത്തിലെ (1937 -41) ശരാശരിയോട് ഏതാണ്ട് തുല്യമായി നിൽക്കുന്നു എന്നത് ആശ്ചര്യജനകമാണ്.

2007-08 ൽ മനുഷ്യ ഉപയോഗത്തിന് ലഭ്യമായ ഭക്ഷ്യധാന്യത്തിന്റെ 40 ശതമാനവും (80 ദശലക്ഷം ടൺ) ഉപയോഗിക്കുന്നത് ഇന്ത്യയിലെ ജനസംഖ്യയുടെ കേവലം ആറിലൊന്ന് മാത്രം വരുന്ന (200 ദശലക്ഷം) വരേണ്യ വർഗമാണ്. ഇവരുടെ ശരാശരി പ്രതിവർഷ, പ്രതിശീർഷ ഉപഭോഗം (400

കിലോഗ്രാം) വികസിത രാജ്യങ്ങളോട് കിടപിടിക്കുന്നതാണ്. എന്നാൽ ഇന്ത്യയിലെ ആറിൽ അഞ്ച് ഭാഗംവരുന്ന പാവപ്പെട്ടവന് ലഭിക്കുന്ന ധാന്യമാകട്ടെ 120 ലക്ഷം ടൺ മാത്രമാണ്. ഇന്ത്യയിലെ പാവപ്പെട്ടവരുടെ പ്രതിവർഷ, പ്രതിശീർഷ ഭക്ഷ്യധാന്യ ഉപഭോഗം കേവലം 121 കിലോഗ്രാം ആണ്. ഇതോടൊപ്പം പാൽ, പച്ചക്കറി എന്നിവയുടെ നാമമാത്രമായ ഉപഭോഗം കണക്കിലെടുത്താൽ തന്നെയും ഇന്ത്യയിലെ പാവപ്പെട്ടവരുടെ ഭക്ഷണലഭ്യത ഏതാണ്ട് 1400 കലോറിയാണ്. ഇത് നമ്മുടെ ഭക്ഷ്യ ആവശ്യകതയിൽ സുരക്ഷയുടെ നിലവാരത്തിൽ നിന്ന് എത്രയോ താഴെയാണെന്ന് കണ്ടെത്താൻ കഴിയും. ഭക്ഷ്യോൽപ്പാദനത്തിൽ ഉണ്ടാകുന്ന അനഭിലഷണീയമായ വളർച്ചാ നിരക്ക്, കുറഞ്ഞ വരുമാനക്കാരന്റെ ഭക്ഷ്യസുരക്ഷയെ അപകടകരമാം വിധം ബാധിക്കുമെന്നുള്ളത് നിസ്തർക്കമാണ്.

2003 ലെ കാനേഷുമാരി അനുസരിച്ച് ഇന്ത്യയിൽ 187.38 ദശലക്ഷം കന്നുകാലികളും 96.62 ദശലക്ഷം എരുമകളും ഉണ്ടെന്ന് കണക്കാക്കുന്നു. പാലുൽപ്പാദനത്തിലും (87 ദശലക്ഷം ടൺ) കന്നുകാലി സമ്പത്തിന്റെ കാര്യത്തിലും ഇന്ത്യ ഒന്നാം സ്ഥാനത്താണ്. കന്നുകാലി സമ്പത്തിൽ 12.07 ശതമാനം മാത്രമാണ് സങ്കരവർഗയിനങ്ങൾ. സങ്കരവർഗ പശുക്കളുടെ 60 ശതമാനം തമിഴ്നാട്, കേരളം, ഉത്തർപ്രദേശ്, കർണാടക, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലാണ്. ലോക എരുമ സമ്പത്തിൽ 56.5 ശതമാനവും ഇന്ത്യയുടെ സംഭാവനയാണ്. 1997 മുതൽ 2003 വരെയുള്ള കാലയളവിൽ സങ്കരവർഗ പശുക്കൾ 12.6 ശതമാനവും എരുമ സമ്പത്ത് 7.5 ശതമാനവും വർദ്ധിച്ചിട്ടുണ്ട്. ഇന്ത്യയുടെ കാലി സമ്പത്തിന്റെ 1.75 ശതമാനം (21.22 ലക്ഷം) മാത്രമാണ് കേരളത്തിലുള്ളത്. സംസ്ഥാനത്തെ എരുമ സമ്പത്ത് ഏതാണ്ട് 1.86 ശതമാനം മാത്രവുമാണ്. കേരളത്തിലെ കന്നുകാലികളിൽ 81.76 ശതമാനവും സങ്കരയിനത്തിൽപ്പെട്ടതാണ്. 2000 മുതൽ 2003 വരെയുള്ള കാലയളവിൽ നമ്മുടെ കാലിസമ്പത്ത് 14.79 ശതമാനം കുറഞ്ഞുവെന്നത് ആരേയും അമ്പരപ്പിക്കുന്നതാണ്. ഒരു ഉപഭോഗ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തിലെ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം ആശാവഹമല്ലെന്ന് താഴെക്കൊടുക്കുന്ന പട്ടിക വ്യക്തമാക്കുന്നു.

കേരളത്തിലെ മൃഗോൽപ്പന്നങ്ങളുടെ ഉൽപാദനവും ആവശ്യകതയും

ക്രമ നമ്പർ	വർഷം	പാലുൽപ്പാദനം ലക്ഷം ടൺ		മുട്ടയുൽപ്പാദനം ലക്ഷം ടൺ		മുട്ടയുൽപ്പാദനം ലക്ഷം ടൺ	
		ആവശ്യ-കത	ഉല്പാദനം	ആവശ്യ-കത	ഉല്പാദനം	ആവശ്യ-കത	ഉല്പാദനം
1	2002-03	23.65	24.2	4217	1347	253	177.74
2	2003-04	23.87	21.11	4258	1277	256	188.22
3	2004-05	24.16	20.25	4314	1197	257	195.27
4	2005-06	24.38	20.69	4341	1196	261	195.37
5	2006-07	24.53	21.19	4362	1199	262	196.53
6	2007-08	ലഭ്യമല്ല	22.48	ലഭ്യമല്ല	1379	ലഭ്യമല്ല	205.21

(അവലംബം: ഇക്കണോമിക്ക് റിവ്യൂ-2008)

പാലുൽപ്പാദനം 2001-02 ൽ 27.18 ലക്ഷം ടണ്ണായിരുന്നത് 2005-06 ആയപ്പോഴേക്കും 20.63 ലക്ഷം ടണ്ണായി കുറഞ്ഞു. എന്നാൽ 2006-07 , 2007-08 വർഷങ്ങളിൽ കാലിസമ്പത്ത് ഭയാനകമാംവിധം കുറഞ്ഞപ്പോഴും പാലുൽപ്പാദനത്തിൽ നേരിയ വർദ്ധന ഉണ്ടായി എന്നത് (യഥാക്രമം 21.19, 21.48 ലക്ഷം ടൺ) ശുഭോദർക്കമാണ്.

ഇന്ത്യയിലെ പാലുൽപ്പാദനം ക്രമാനുഗതമായി ഉയർന്നുകൊണ്ടിരിക്കുന്നുവെന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. ദേശീയ പാലുൽപ്പാദന മേഖലയിൽ കേരളത്തിന്റെ വിഹിതം 1993-94 കാലയളവിൽ 3.2% ആയിരുന്നത് 2005-06 ആയപ്പോഴേക്കും 2.1 % ആയി കുറഞ്ഞു. തീറ്റപ്പുല്ലിന്റെ ലഭ്യതയുടെ കാര്യത്തിൽ കേരളം മോശമല്ലാത്ത വർദ്ധന രേഖപ്പെടുത്തുന്നുണ്ട്. 1990 കളിൽ കേരളത്തിന്റെ തീറ്റപ്പുല്ലുൽപ്പാദനത്തിന്റെ വളർച്ച 4.24% ആയിരുന്നത് (ഇന്ത്യയുടേത് 4.16%) 1997-2002 കാലയളവിൽ അല്പം കുറഞ്ഞ് 3.78 ശതമാനത്തിലെത്തി. (ഇന്ത്യയുടേത് 4.32%) എങ്കിൽകൂടിയും നമ്മുടെ കാലിസമ്പത്തിന്റെ ആരോഗ്യകരമായ സംരക്ഷണത്തിനുള്ള തീറ്റപ്പുല്ല് തുലോം അപര്യാപ്തമാണ്. സംസ്ഥാന സർക്കാരിന്റേയും ക്ഷീരവി

കസന വകുപ്പ്, മൃസംരക്ഷണ വകുപ്പ് തുടങ്ങിയ ഏജൻസികളുടേയും ഫലപ്രദമായ നടപടികളിലൂടെ എം.എസ്.ഡി.പി പോലുള്ള പദ്ധതികൾ മൂലം അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പശുക്കൾ, വർദ്ധിച്ചുവരുന്ന ഉൽപ്പാദനക്ഷമത, കന്നുകുട്ടി പരിപാലനം പോലുള്ള വികസന പദ്ധതികൾ, ക്ഷീരകർഷക ക്ഷേമനിധി പോലുള്ള ക്ഷേമ പദ്ധതികൾ തുടങ്ങിയവ ക്ഷീരോൽപ്പാദന മേഖലയുടെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

കേരളത്തിൽ പ്രതിദിനം 10 ലക്ഷം ലിറ്റർ പാൽ വരെ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഭക്ഷ്യോൽപ്പാദനത്തിന് വളരെയേറെ പരിമിതികൾ ഉള്ള കേരളത്തിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വയനാട്, പാലക്കാട്, ഇടുക്കി പോലുള്ള ജില്ലകളിൽ പ്രത്യേക പാക്കേജ് നടപ്പാക്കുന്നത് പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടാൻ സഹായകമാണ്. ഭക്ഷ്യ സുരക്ഷയ്ക്ക് ക്ഷീരോൽപ്പാദന വർദ്ധനവ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളുടേയും കൂട്ടായ ശ്രമം അനിവാര്യമാണ്.



2 സുസ്ഥിര ക്ഷീരവികസനം (Sustainable Dairy Development)

പ്രകൃതിവിഭവങ്ങളെ (Natural Resources) സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതിക്ക് ഇണങ്ങുന്ന രീതിയിൽ (Environmen friendly) പരമാവധി ഉൽപ്പാദനക്ഷമത (Productivity) കൈവരിക്കുന്നതിന് സ്ഥായിയായും സമഗ്രമായും അനുബന്ധ മേഖലകളെ സംയോജിപ്പിച്ചും (Integration) നടത്തുന്ന പശുവളർത്തൽ രീതിയാണ് സുസ്ഥിര ക്ഷീരവികസനം. പശുവളർത്തൽ ലാഭകരമാക്കുക, നിലനിർത്തുന്നതിന് പ്രേരണ ഉണ്ടാക്കുക, ശാസ്ത്രീയ പരിപാലന രീതികൾ ഉപയോഗപ്പെടുത്തുക, മറ്റ് കാർഷിക- ഗാർഹിക മേഖലകളുമായി ഇതിനെ ബന്ധിപ്പിച്ച് സാധ്യമായ എല്ലാ വരുമാന മാർഗങ്ങളും ലഭ്യമാക്കുക എന്നീ കാര്യങ്ങളിലൂടെയാണ് സുസ്ഥിര വികസനം സാധ്യമാകുന്നത്. ഇത് പുതുതായി പൊട്ടിമുളച്ച ഒരു രീതിയല്ല. നമ്മുടെ പരമ്പരാഗത ജൈവകൃഷി/ പശുവളർത്തൽ സമ്പ്രദായത്തിൽ ശാസ്ത്രീയതയുടെ മേമ്പൊടി ചേർത്തുകൊണ്ടുള്ളത് മാത്രമാണ്.

പാലുൽപ്പാദനവർദ്ധനവിന് കേരളത്തിൽ ഇതേവരെ നടപ്പാക്കിയിട്ടുള്ള പദ്ധതികളിൽ ദീർഘവീക്ഷണത്തിന്റേയും സുസ്ഥിരതയുടേയും, സംയോജനത്തിന്റേയും അഭാവം മൂലം കന്നുകാലികളിൽ ഉൽപ്പാദനക്കുറവ് (Productivity loss), രോഗങ്ങൾ എന്നിവ കൂടിവരുന്നതായി വിലയിരുത്തപ്പെടുന്നു. ഭക്ഷ്യവിളകളുടെ കൃഷിയിലുണ്ടായ ഇടിവ് തീറ്റവസ്തുക്കളുടെ ലഭ്യത

കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാരണങ്ങളാൽ പശുവളർത്തൽ ലാഭകരമല്ലെന്നുള്ള അഭിപ്രായം ചെറുകിട കർഷകരുടെ ഇടയിൽ നിലനിൽക്കുന്നു. പാൽ വില വർദ്ധനവിലൂടെയും കാലിത്തീറ്റ സബ്സിഡിയിലൂടെയും മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു എന്ന് വിശ്വസിക്കുന്നവർ നിരവധിയാണ്. ഇതിന് സഹായകമാകുന്ന തീരുമാനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തിയാൽ പോലും അത് സ്ഥായിയായി നിലനിൽക്കുന്നതല്ല. ഈ സാഹചര്യത്തിലാണ് ക്ഷീരകർഷകർ സുസ്ഥിരകൃഷിയുടെ പ്രാധാന്യം മനസ്സിലാക്കേണ്ടത്. ചൈന, ജപ്പാൻ, വിയറ്റ്നാം, ഫിലിപ്പിൻസ്, ആസ്ട്രേലിയ, സ്വിറ്റ്സർലാൻഡ് മുതലായ രാജ്യങ്ങളിൽ സുസ്ഥിരകൃഷി വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

സ്ഥലലഭ്യത വളരെക്കുറവായ കേരളത്തിൽ സുസ്ഥിരവും സംയോജിതവുമായ കൃഷിയിലൂടെ മാത്രമേ കാർഷിക മേഖലയുടെ നിലനിൽപ്പ് സാധ്യമാകുകയുള്ളൂ. നെല്ലുൽപ്പാദനം-പച്ചക്കറികൃഷി, കോഴിവളർത്തൽ, അസോള, തീറ്റപ്പുൽകൃഷി, കമ്പോസ്റ്റ് നിർമ്മാണം, മറ്റ് ജൈവനിക്ഷേപവസ്തുക്കളുടെ നിർമാണം എന്നിവ സമന്വയിപ്പിച്ചും ഇവ തമ്മിലുള്ള അഭേദ്യമായ ബന്ധം മുതലെടുത്തും ഓരോന്നിൽ നിന്നും പരമാവധി വരുമാനം ഉറപ്പുവരുത്തിയും സുസ്ഥിര ക്ഷീരവികസനം നടപ്പാക്കാവുന്നതാണ്. പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന ഈ കാർഷിക രീതിയിൽ പ്രാധാന്യം അർഹിക്കുന്നതും കേന്ദ്രബിന്ദുവായി പ്രവർത്തിക്കുന്നതും പശുവളർത്തൽ തന്നെയാണ്. ചാണകവും മൂത്രവും ബയോഗ്യാസ് ഉൽപ്പാദനം, കമ്പോസ്റ്റ് നിർമാണം, കൃഷി എന്നിവയ്ക്ക് ഒഴിച്ചുകൂടാനാവത്തതാണ്. ജൈവപോഷണങ്ങളായ അമൃതപാനി, പഞ്ചഗവ്യം തുടങ്ങിയവയുടെ നിർമാണത്തിനും ചാണകം, മൂത്രം, പാലുൽപ്പന്നങ്ങൾ എന്നിവ അവശ്യഘടകങ്ങളാണ്. മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനും കീടരോഗപ്രതിരോധത്തിനും ജൈവഹോർമോണായും ഇവ ഉപയോഗിക്കുന്നു. കാർഷിക ഉപോൽപ്പന്നങ്ങൾ, അസോള, തീറ്റപ്പുല്ല് എന്നിവ കാലിത്തീറ്റയായി പ്രയോജനപ്പെടുമ്പോൾ പാലുൽപ്പാദന ചെലവ് ഗണ്യമായി കുറയുന്നു. നെൽകൃഷിക്കും മത്സ്യകൃഷിക്കും അസോള ഉപയോഗിക്കപ്പെടുന്നു. താറാവ്, കോഴി എന്നിവയുടെ വിസർജ്യങ്ങൾ, മത്സ്യങ്ങൾ ആഹാരമാക്കുന്ന ജലസസ്യങ്ങളുടെ വളർച്ചയ്ക്ക് സഹായിക്കുന്നു. ബയോഗ്യാസ് പ്ലാന്റിൽ നിന്നുള്ള

സ്ലറി പച്ചക്കറി കൃഷിക്കും തീറ്റപ്പുൽകൃഷിക്കും ഉപയോഗിക്കാം. ബയോഗ്യാസ് പ്ലാന്റ് നിർമാണത്തിലൂടെ പാചകത്തിനുള്ള ഇന്ധനകാര്യത്തിൽ സ്വയം പര്യാപ്തത നേടാനാകും.

ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം വിറ്റഴിക്കാവുന്ന ഉൽപ്പന്നമിച്ചത്തിന്റെ (marketable surplus)അളവ് കൂടിയിരിക്കേണ്ടത് ആവശ്യമാണ്. അതിനാൽ സ്ഥലത്തിന്റെ പരമാവധി ഉപയോഗം, ജലത്തിന്റേയും മറ്റ് ഉൽപ്പാദനോപാധികളുടേയും ആസൂത്രിതമായ പ്രയോഗം എന്നിവയിലൂടെ സാമ്പത്തിക ഉയർച്ചയുണ്ടാക്കുന്നതും (economically sound) പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ (eco- friendly)ഉപയോഗിക്കപ്പെടുന്നതും സുസ്ഥിര കൃഷിയിൽ അത്യാവശ്യമാണ്. ഇതിൽ ക്ഷീരവികസനത്തിന് അനുയോജ്യമായ ഘടകങ്ങളിൽ പ്രധാനം കുറഞ്ഞ മുതൽമുടക്ക്, ലളിതമായ സാങ്കേതിക വിദ്യ, മിതമായ ആവർത്തന ചെലവ്, ക്ഷീരസഹകരണമേഖലയിലൂടെ പാൽവിപണന സൗകര്യം, അനുബന്ധ വരുമാന സാധ്യതകൾ, സംയോജന സാധ്യത എന്നിവയാണ്. ജൈവക്ഷീരോൽപ്പാദനവും ഇതിലൂടെ സാധ്യമാവും.

സുസ്ഥിര ക്ഷീരവികസന മാതൃകയിൽ ശാസ്ത്രീയമായ പരിപാലനമുറകൾ അനുവർത്തിക്കുന്നത് ലാഭം കൂടുന്നതിന് സഹായിക്കുന്നു. ആരോഗ്യമുള്ളതും കാലാവസ്ഥയ്ക്കനുയോജ്യമായതും ഉൽപ്പാദനശേഷി ഉള്ളതുമായ കറവമാടുകളെ തെരഞ്ഞെടുക്കൽ വൃത്തിയുള്ളതും തറ കോൺക്രീറ്റ് ചെയ്തിട്ടുള്ളതുമായ കാലിത്തൊഴുത്ത് നിർമാണം, രോഗപ്രതിരോധ നടപടികൾ എന്നിവ ഒഴിച്ചുകൂടാനാവാത്തതാണ്. കൂടുതൽ വിളവ് ലഭിക്കുന്ന തീറ്റപ്പുൽ കൃഷി ചെയ്യുന്നതും സങ്കരനേപ്പിയർ, ഗിനിമക്കച്ചോളം, വൻ പയർ എന്നീ വൃക്ഷവിളകൾ (അഗത്തി, ശീമക്കൊന്ന, പീലിവാക) ലഭ്യമായ സ്ഥലത്ത് നട്ടു പിടിപ്പിക്കുന്നതും ക്ഷീരോൽപ്പാദനം ലാഭകരമാക്കുന്നതിന് സഹായിക്കുന്നു.

കർഷകന്റെ വിജ്ഞാനം, ഉൽപ്പന്ന വിപണന സാധ്യത, വായ്പാലഭ്യത തുടങ്ങിയവ ഉറപ്പുവരുത്തുന്നതിന് സുസ്ഥിരകൃഷിയിൽ വേണ്ടത്ര മുൻ-പിൻ (forward- backward linkages) ബന്ധങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇതിനായി ഗവേഷണ സ്ഥാപനങ്ങൾ, ധനകാര്യസ്ഥാപനങ്ങൾ, വിപണി എന്നിവയുമായി മെച്ചപ്പെട്ട ബന്ധം ഉണ്ടാക്കിയെടുക്കണം. വ്യക്തിഗതമായി ഇതിന് സാധിക്കാത്തപക്ഷം സ്വയംസഹായ സംഘങ്ങൾ(SHGs),

സഹകരണസംഘങ്ങൾ(Co-Operatives), സന്നദ്ധ സംഘടനകൾ (NGOs) എന്നിവയിലൂടെ ലക്ഷ്യപ്രാപ്തി നേടാവുന്നതാണ്.

ഉൽപ്പാദനക്ഷമത, സുസ്ഥിരത, ലാഭസാധ്യത (Profitability) എന്നിവയിലൂന്നിയുള്ള കാർഷിക ക്ഷീരോൽപ്പാദന പ്രക്രിയ മാത്രമേ ഭക്ഷ്യസുരക്ഷയ്ക്കും (Food Security) ദാരിദ്ര്യലഘൂകരണത്തിനും സഹായകമാകുകയുള്ളൂ. പരസ്പര പൂരകങ്ങളായ കാർഷിക അനുബന്ധ മേഖലകളെ സംയോജിപ്പിച്ചും ആവശ്യത്തിനുള്ള മുൻ-പിൻ ബന്ധങ്ങൾ ഉറപ്പുവരുത്തിയും വളർത്തിയെങ്കിൽ മാത്രമേ കിടാക്കളുടെ സംരക്ഷണം ലാഭകരമാക്കാൻ സാധിക്കുകയുള്ളൂ.

ശുദ്ധജലം പ്രധാനം

രണ്ട് പശുക്കളുടെ ഇടയിൽ തീറ്റപ്പുൽക്കൂടിനോട് ചേർന്ന് സ്റ്റെയിൻലെസ്സ്റ്റീൽ പാത്രം/ ഡ്രിങ്കിംഗ് ബൗൾ സ്ഥാപിച്ചാൽ 24 മണിക്കൂറും ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കും. പശുക്കളെ നല്ലരീതിയിൽ വളർത്തണമെങ്കിൽ 24 മണിക്കൂറും യഥേഷ്ടം കുടിക്കാൻ ശുദ്ധജലം ലഭ്യമാക്കണം. നല്ല ആരോഗ്യത്തിനും കൂടുതൽ ഉൽപ്പാദനക്ഷമതയ്ക്കും കാലിത്തീറ്റപോലെ തന്നെ പ്രാധാനമാണ് കുടിവെള്ളത്തിന്റെ ലഭ്യതയും.

യന്ത്രവൽക്കരണം അനിവാര്യം

വാണിജ്യാടിസ്ഥാനത്തിൽ പശുപരിപാലനത്തിലേർപ്പെടുമ്പോൾ അധ്വാനം ഗണ്യമായി കുറയ്ക്കുന്നതിനും കൂലിച്ചെലവ് ലാഭിക്കുന്നതിനും യന്ത്രവൽക്കരണം സഹായകമാണ്. ഡബിൾയൂണിറ്റ് മിൽക്കിംഗ് മെഷീൻ ഉപയോഗിച്ച് 2 മണിക്കൂർ കൊണ്ട് 40 പശുക്കളെ കറക്കാൻ സാധിക്കും. പണം മുടക്കാൻ തയ്യാറുള്ള സംരംഭകർക്ക് 100 പശുക്കളുടെ യന്ത്രവൽകൃത-സംയോജിത ഡയറിഫാമുകൾ ലാഭകരമായി ഏറ്റെടുക്കാവുന്നതാണ്. ആവശ്യമായ തൊഴിലാളികളുടെ എണ്ണം റിസർവ്വ് ഉൾപ്പെടെ 8 (ഒരു തൊഴിലാളിക്ക് പ്രതിമാസം 20 ജോലി എന്ന കണക്കിൽ). 100 പശു യൂണിറ്റിന് മിൽക്ക് കൂളറും ജനറേറ്ററും മുകളിൽ പറഞ്ഞതു കൂടാതെ ഉണ്ടായിരിക്കേണ്ടതാണ്. അതോടൊപ്പം അധികവരുമാനം ലഭ്യമാക്കുവാൻ തൊഴുത്തിനോടനുബന്ധിച്ച് ചാണകഷെഡും മൂല്യവർദ്ധനവിനുവേണ്ടി

മണ്ണിരകമ്പോസ്റ്റു യൂണിറ്റും ഡ്രയർ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി ആധുനിക രീതിയിലുള്ള ബയോഗ്യാസ് പ്ലാന്റും നിർമ്മിക്കേണ്ടതാണ്. തൊഴുത്തിന്റെ സമീപത്ത് വൈദ്യുതിയുടെ ലഭ്യതയും ചരക്കു ലോറി വരുവാനുള്ള സൗകര്യവും ഉറപ്പാണം. ചാഫ്കട്ടർ ഉപയോഗിച്ച് പുല്ല് മുറിച്ച് പശുക്കൾക്ക് നൽകുന്നത് അവയുടെ ദഹനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുല്ല് നഷ്ടപ്പെടുന്നത് വളരെയധികം കുറക്കുവാനും കഴിയും. 2 ലക്ഷം രൂപയ്ക്ക് ശേഷികുറഞ്ഞ കാലിത്തീറ്റ നിർമ്മാണത്തിനുള്ള മിഷനറി ലഭ്യമാണ്. ഇത് ഗുണനിലവാരമുള്ള സമീകൃത കാലിത്തീറ്റ സ്വയം നിർമ്മിക്കുന്നതിനും സമീപ പ്രദേശങ്ങളിൽ വിൽപ്പന നടത്തുന്നതിനും സാധിക്കും. ഡയറിഫാമിനോടനുബന്ധിച്ച് അത്യാവശ്യം പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതും അഭികാമ്യമാണ്.

നാടിന് ആവശ്യമുള്ള പാൽ ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ചില്ലെങ്കിൽ ഗുരുതരമായ ആരോഗ്യപ്രശ്നം നേരിടാൻ സാദ്ധ്യതയുള്ളതായി സമീപകാല സംഭവങ്ങൾ (ചൈനയിലെ പാൽപ്പൊടി മരണങ്ങൾ) നമ്മെ ഓർമിപ്പിക്കുന്നു. പാലും മാംസവും മുട്ടയും ധാന്യങ്ങളും ഉൽപ്പാദിപ്പിക്കുന്ന കർഷകരെ മറന്ന് യാതൊരു വികസന പ്രവർത്തനങ്ങളും നടത്തുവാൻ സാധിക്കുകയില്ലെന്നുള്ള വസ്തുത പാശ്ചാത്യർ മനസ്സിലാക്കിയതുകൊണ്ടാണ് ഈ മേഖലയിൽ അവിടുത്തെ കർഷകർക്ക് ഗവൺമെന്റിന്റെ പ്രഥമ പരിഗണന കിട്ടുന്നത് കാലിവളർത്തലിലൂടെ ലഭിക്കുന്ന ചാണകമാണ് നമ്മുടെ കൃഷിയുടെ ഏറ്റവും വലിയ മുതൽകൂട്ട്. ആയതിനാൽ വിവിധ പദ്ധതികളിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള പാലുൽപ്പാദന-മാംസോൽപ്പാദന- മുട്ടയുൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നത് തകരുന്ന ഗ്രാമീണ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആഗോള സാമ്പത്തിക മാന്ദ്യം മുഖേന വിദേശരാജ്യങ്ങളിൽ നിന്ന് ആശങ്കയോടെ കേരളത്തിലെത്തുന്ന മറുനാടൻ മലയാളികൾക്ക് തണലേകുവാനും സഹായകമാകും.



3 ഊർജ്ജിത തീറ്റപ്പുൽകൃഷി വ്യാപനം

ക്ഷീരോൽപ്പാദനത്തിൽ തീറ്റപ്പുല്ലിന്റെ പങ്കിനെക്കുറിച്ച് ക്ഷീരകർഷകർ ബോധവാൻമാരാണെങ്കിലും സ്ഥല പരിമിതിയും ജല ദൗർലഭ്യവും താൽപര്യക്കുറവും ഇതിന് വിഘാതമായി നിൽക്കുന്നു. പുല്ലിനങ്ങൾ ഉൾപ്പെടുന്ന പരുഷാഹാരത്തിന്റെ (Fibrous) കുറവ് പാലുൽപ്പാദനം കുറയുന്നതിനും ക്ഷീരോൽപ്പാദന ചെലവിന്റെ വർദ്ധനയ്ക്കും അനാരോഗ്യത്തിനും വന്ധ്യതയ്ക്കും കാരണമാകും. വിലകൂടിയ കാലിത്തീറ്റയെ പൂർണ്ണമായി ആശ്രയിച്ചു നടത്തുന്ന ക്ഷീരോൽപ്പാദനം സ്ഥായിയായി നിലനിൽക്കുന്നതല്ലെന്ന് ചെറുകിട ക്ഷീരകർഷകർ മനസ്സിലാക്കേണ്ടതുണ്ട്. കേരളത്തിലെ കാലിസമ്പത്ത് സംരക്ഷിക്കുന്നതിനാവശ്യമായ ഗുണമേൻമയുള്ള തീറ്റപ്പുല്ലിന്റെ 20 ശതമാനത്തിൽ താഴെ മാത്രമാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. നെൽകൃഷിയിലുണ്ടായ കുറവ് കാരണം വൈക്കോലിന്റെ ലഭ്യത കുറഞ്ഞു വരികയും ചെയ്യുന്നു.

ക്ഷീരമേഖല നേരിടുന്ന ഗുരുതരമായ ഈ പ്രശ്നത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തുകയും ലഭ്യമായ സ്ഥലത്ത് നിന്ന് പരമാവധി തീറ്റപ്പുല്ല് ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

തമിഴ്നാട് കാർഷിക സർവ്വകലാശാല (TNAU) വികസിപ്പിച്ചെടുത്ത സങ്കരനേപ്പിയർ ഇനമായ സി.ഒ 3 (CO3) ആണ് ഇന്ന് കേരളത്തിലെ ക്ഷീരകർഷകർക്ക് താൽപ്പര്യമുള്ളതും വ്യാപകമായി കൃഷി ചെയ്തു വരുന്നതുമായ തീറ്റപ്പുല്ലിനം. കുറഞ്ഞ സ്ഥലത്ത് നിന്നും പരമാവധി ഖരപദാർത്ഥം (dry matter) ലഭ്യമാകുമെന്നതും മാസം തോറും വിളവെടുപ്പ് നടത്താമെന്നതും ഈ ഇനത്തിന്റെ പ്രത്യേകതയാണ്. സി.ഒ 3 യുടെ കൃഷി വ്യാപകമാക്കുന്നതിനും അത് ചെയ്യുന്നതിന് കർഷകർക്കും സ്വാശ്രയ ഗ്രൂപ്പുകൾക്കും പ്രേരണ നൽകുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്. ഹ്രസ്വകാല വിളകളായ ചെളം, വൻപയർ എന്നിവ കൃഷി ചെയ്യുന്നതിന് പ്രോൽസാഹനം നല്കേണ്ടതാണ്. ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കേരള കന്നുകാലി വികസന ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഇതിന് വേണ്ട പ്രവർത്തനങ്ങളും സാമ്പത്തിക സഹായവും നൽകുന്നുണ്ട്. ഇതോടൊപ്പം ക്ഷീരകർഷകർ നിരന്തരം ബന്ധപ്പെടുന്ന പ്രാഥമിക ക്ഷീരസഹകരണ സംഘത്തിന് തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിൽ പല കാര്യങ്ങളും നടപ്പാക്കാൻ സാധിക്കും. സംഘത്തിന് നടപ്പാക്കാൻ പറ്റുന്ന പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ ചുവടെ ചേർക്കുന്നു.

1. സംഘത്തിന് സ്വന്തമായി സ്ഥലം ലഭ്യമാണെങ്കിൽ അവിടെ മാതൃകാപരമായി തീറ്റപ്പുൽകൃഷി നടപ്പാക്കുന്നത് സംഘവുമായി നിരന്തരം ബന്ധപ്പെടുന്ന ക്ഷീര കർഷകർക്ക് പ്രേരണ ഉണ്ടാകുന്നതിന് സഹായകരമാകും. ഇതോടൊപ്പം ആവശ്യക്കാർക്ക് പുൽക്കട വിതരണം ചെയ്യാനും സാധിക്കും. എല്ലാ ക്ഷീര സംഘം ഓഫീസിനോടനുബന്ധിച്ചും വിവിധ തീറ്റപ്പുല്ലിനങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണ്.
2. ക്ഷീരകർഷകരുടെ സ്വാശ്രയ സംഘങ്ങൾ ക്ഷീരസംഘം തലത്തിൽ രൂപീകരിച്ച് തരിശായി കിടക്കുന്ന, ജലസേചന സൗകര്യമുള്ള കര, വയൽ എന്നിവ പാട്ടത്തിനെടുത്ത് പുൽകൃഷി നടപ്പാക്കാനും ക്ഷീരസംഘം മുഖേന ഇതിന്റെ വില്പന നടത്താനും സാധിക്കും. താൽപര്യമുള്ള ക്ഷീരകർഷകർക്ക് നേരിട്ടും പാട്ടകൃഷി ചെയ്യാവുന്നതാണ്.
3. സംഘം തലത്തിൽ മികച്ച രീതിയിൽ തീറ്റപ്പുൽകൃഷി ചെയ്യുന്ന ക്ഷീരോൽപ്പാദകന് പ്രോൽസാഹനവും അംഗീകാരവും നൽകുക.

4. തീറ്റപ്പുൽകൃഷി ആവശ്യത്തിന് ചെയ്യാൻ സാധിക്കാത്ത ക്ഷീരകർഷകർക്ക് അത് വാങ്ങുന്നതിനും, അധികമായി ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് അത് വിൽക്കുന്നതിനുമുള്ള ഒരു ഏജൻസിയായി ക്ഷീരസംഘങ്ങൾ മാറേണ്ടതാണ്. ലാഭേച്ഛ കൂടാതെ തീറ്റപ്പുല്ലിന്റെ സംഭരണവും വില്പനയും സംഘങ്ങൾക്ക് എളുപ്പത്തിൽ നടത്താവുന്നതാണ്.
5. ക്ഷീരസംഘങ്ങൾക്ക് വൈക്കോലിന്റെ സംഭരണവും, വില്പനയും നടത്താവുന്നതാണ്. വൈക്കോലിന്റെ ലഭ്യതയും വിലയും ഇതിലൂടെ നിയന്ത്രിക്കാൻ സാധിക്കും.
6. (TMR-Total Mixed Ration) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യാവുന്നതാണ്.
7. വൃക്ഷവിളകളായ അഗത്തി, ശീമക്കൊന്ന, പീലവാക എന്നിവ വഴിയോരങ്ങളിൽ നട്ടുപിടിപ്പിക്കുന്നതിനും കർഷകരുടെ പുരയിടങ്ങളുടെ അതിർത്തിയിൽ നടുന്നതിനും വേണ്ട നടപടികൾക്ക് നേതൃത്വം നൽകാൻ സാധിക്കും. വൃക്ഷവിളകളിലൂടെ തീറ്റയിൽ മാംസ്യത്തിന്റെ അളവ് സംഘങ്ങൾക്ക് കൂട്ടാൻ സാധിക്കും.
8. പശുവളർത്തലിൽ ഏർപ്പെടാത്ത, സ്ഥല ലഭ്യതയുള്ള കർഷകർ, അയൽക്കൂട്ടങ്ങൾ എന്നിവരെ തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കാവുന്നതും, ക്ഷീരസംഘത്തിലൂടെ പുല്ലിന്റേയും പുൽക്കടയുടേയും വിപണനം സാധ്യമാക്കി ലാഭമുണ്ടാക്കുന്നതിന് സഹായിക്കാവുന്നതുമാണ്.
9 സംഘം പ്രവർത്തന പരിധിയിൽ വരുന്ന റോഡിന്റെയും കനാലിന്റെയും വശങ്ങളിലും പൊതുസ്ഥലങ്ങളിലും അനുയോജ്യമായ തീറ്റപ്പുല്ല് നടുന്നതിന് ക്ഷീരസംഘത്തിന് നേതൃത്വം നല്കാം. ഇതിനായി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്.
10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ ഏജൻസികൾ എന്നിവ മുഖേന വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ നിർവഹണത്തിൽ ക്ഷീരസംഘങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. സംഘങ്ങൾ ഇതിന് വേണ്ട അടിസ്ഥാന പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. പാലുൽപ്പാദനത്തിലെ ചെലവ് കൂടുകയും ലാഭം കുറയുകയും ചെയ്യുന്നതിനാൽ ഈ രംഗത്ത് നിന്നും പിൻവാങ്ങുന്ന ക്ഷീരകർഷകരെ സാഹയിക്കുന്നതിനായി

ഊർജ്ജിത തീറ്റപ്പുൽകൃഷി വ്യാപനം നടത്തേണ്ടതാണ്. ഇതിനുള്ള സുപ്രധാന കണ്ണിയായി പ്രവർത്തിക്കാൻ ക്ഷീരസംഘത്തിന് കഴിയും.

11. ക്ഷീരസംഘങ്ങൾ മുഖേന പാരമ്പര്യേതര തീറ്റവസ്തുക്കളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഹ്രസ്വകാല തീറ്റപ്പുൽ വിളകൾ കൃഷി ചെയ്യുന്നതിനും വേണ്ട പ്രോൽസാഹനം നല്കാവുന്നതാണ്.
12. പുതിയ ഇനം തീറ്റപ്പുല്ലിനങ്ങളുടെ നടീൽവസ്തുക്കൾ കർഷകരിലെത്തിക്കുന്നതിനും സൈലേജ്, ഉണക്കപ്പുല്ല് (Hay) തുടങ്ങിയ തീറ്റപ്പുൽസംസ്ക്കരണമാർഗങ്ങളിലൂടെ വേനൽക്കാലത്ത് ചെലവുകുറഞ്ഞ തീറ്റവസ്തുക്കളുടെ ഉൽപ്പാദനം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.
13. സ്കൂൾ തലത്തിൽ ഫോഡർ ക്ലബുകൾ രൂപീകരിക്കുന്നതിനും ആത്മ പദ്ധതിയിലൂടെ ഫോഡർ ഫാം സ്റ്റാളുകൾ/പ്രദർശന തോട്ടങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും നേതൃത്വം നൽകാവുന്നതാണ്.
14. സംഘത്തിന്റെ കന്നുകാലി വികസന നിധി ഫലപ്രദമായി തീറ്റപ്പുൽക്കൃഷി വ്യാപനത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.
15 നല്ല രീതിയിൽ തീറ്റപ്പുൽകൃഷി ചെയ്യുന്ന ക്ഷീര കർഷകരേയും ഗ്രൂപ്പുകളേയും ആദരിക്കുന്നത് തീറ്റപ്പുൽകൃഷി വർദ്ധിപ്പിക്കുന്നതിന് പ്രചോദനമേകും.

ഗുരുത്വാഹാരത്തെ അടിസ്ഥാനമാക്കി പശുവളർത്തലിൽ ഏർപ്പെട്ടിട്ടുള്ള സംസ്ഥാനത്ത് തീറ്റപ്പുൽകൃഷി ദീർഘകാലാടിസ്ഥാനത്തിൽ വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും.ഭക്ഷ്യോൽപ്പാദനം കുറയുമ്പോൾ ആദ്യം പട്ടിണിയിലാകുന്നത് കന്നുകാലികളാണെന്ന് ഓർക്കേണ്ടതുണ്ട്.



4 ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങളും ചുമതലകളും

ഗ്രാമീണ സമ്പദ്ഘടനയിൽ ദാരിദ്ര്യലഘൂകരണത്തിന്റെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ക്ഷീര മേഖലയെ സ്ഥാപനവൽക്കരിക്കുന്നതിന്റെ ഭാഗമായി നിലവിൽ വന്ന പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ (പരമ്പരാഗതവും അതാത് മാതൃകയിലുള്ളതും) ക്ഷീരകർഷകന്റെ വിറ്റഴിക്കാവുന്ന മിച്ചം പാലിന് വിപണി സാധ്യമാക്കുന്നതിനും ഉൽപ്പാദന സേവന ഉപാധികൾ കർഷകരിലെത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സഹകരണ തത്വങ്ങളിലും മൂല്യങ്ങളിലും അധിഷ്ഠിതമായി കേരള സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി വേണം സംഘങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടത്.

ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ ഭക്ഷ്യ സുരക്ഷയ്ക്ക് ക്ഷീരോൽപാദന വർദ്ധനവ് എന്ന ലക്ഷ്യപ്രാപ്തി സാധിക്കുകയുള്ളൂ. ഇതിനായി പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിലെ അംഗങ്ങൾ, ഭരണ സമിതി, ജീവനക്കാർ എന്നിവർ തങ്ങളുടെ ചുമതലകൾ കാര്യക്ഷമമായും പാലുൽപാദന വർദ്ധനവിനെ ലക്ഷ്യമാക്കിയും നടപ്പാക്കേണ്ടതാണ്.

അംഗങ്ങളുടെ ചുമതലകൾ

1. സംഘം നിയമാവലി, സഹകരണ സംഘം നിയമം, ചട്ടം എന്നിവയനുസരിച്ച് അംഗങ്ങളുടെ കടമകൾ നിറവേറ്റുക.
2. സംഘം പൊതുയോഗത്തിൽ ഹാജരായി നടപടികളിൽ സജീവമായി പങ്കെടുക്കുകയും തീരുമാനങ്ങളിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക.
3. ഭരണ സമിതി അംഗങ്ങളെ തിരഞ്ഞെടുക്കുകയും അവരുടെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുക.
4. നിയമാവലിയിൽ കാലാനുസൃതമായ ഭേദഗതികൾ അംഗീകരിക്കുക.
5. സഹകരണ തത്വങ്ങൾ അനുശാസിക്കുന്ന ഗുണങ്ങളും പ്രവർത്തനങ്ങളും നടപ്പിൽ വരുത്തുക.
6. സംഘം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ പരിശ്രമങ്ങളിലും പങ്കാളികളാവുക.

സംഘം ഭരണസമിതിയുടെ ചുമതലകൾ

1. ക്ഷീരസംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ നേതൃത്വപരമായ കാര്യങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ടത് ഭരണസമിതിയുടെ ചുമതലയാണ്.
2. നിയമാവലി, സഹകരണസംഘ നിയമം, ചട്ടം എന്നിവ പ്രകാരമുള്ള കടമകൾ നിറവേറ്റുകയും അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുക.
3. സംഘത്തിന്റെ ദൈനംദിന സാമ്പത്തിക കാര്യങ്ങൾ ശ്രദ്ധിക്കുകയും ധന മാനേജ്മെന്റ് ഉറപ്പാക്കുകയും ചെയ്യുക.
4. ഭരണസമിതി യോഗങ്ങളിൽ പങ്കെടുത്ത് സംഘത്തിന്റെ പ്രവർത്തനം വിലയിരുത്തുക, സംഘത്തിന്റെ ഉന്നമനത്തിനു വേണ്ട തീരുമാനങ്ങളെടുക്കുക.
5. പൊതുയോഗതീരുമാനപ്രകാരം നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായി സംഘത്തിന്റെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുന്നതിന് നേതൃത്വം നൽകുക.

സഹകരണതത്വങ്ങൾ

- തുറന്നതും സ്വമേധയായുള്ളതുമായ അംഗത്വം
- അംഗങ്ങളുടെ ജനാധിപത്യ നിയന്ത്രണം
- അംഗങ്ങളുടെ സാമ്പത്തിക പങ്കാളിത്തം
- സ്വയംഭരണവും സ്വാതന്ത്ര്യവും
- വിദ്യാഭ്യാസവും പരിശീലനവും വിജ്ഞാനവും
- സംഘങ്ങൾ തമ്മിൽ സഹകരണം
- സമൂഹത്തോടുള്ള പ്രതിബദ്ധത

6. സംഘം രേഖകൾ പരിശോധിക്കുകയും ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.
7. ക്ഷീരമേഖലയിലെ മറ്റ് സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി മെച്ചപ്പെട്ട ബന്ധം സ്ഥാപിക്കുക.
8. സംഘത്തിനാവശ്യമായ ആസ്തി സൃഷ്ടിക്കുക, നിലവിലുള്ളവ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
9. സംഘത്തിന്റെ ഓഡിറ്റ് കൃത്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ന്യൂനതകൾക്ക് സമയബന്ധിതമായി പരിഹാരം കണ്ടെത്തുകയും ചെയ്യുക.
10. സംഘം പ്രവർത്തനം സുതാര്യതയോടും പങ്കാളിത്തപരമായും നടപ്പാക്കുക.

സംഘം ജീവനക്കാരുടെ ചുമതലകൾ

1. സംഘത്തിന്റെ ദൈനംദിന പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കുന്നത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ സംഘം സെക്രട്ടറിയാണ്. സംഘം ഭരണസമിതിയുടെ നിർദ്ദേശപ്രകാരമാണ് സെക്രട്ടറി പ്രവർത്തിക്കേണ്ടത്.

2. സംഘം നിയമാവലി, സഹകരണ നിയമം, ചട്ടം എന്നിവ അനുസരിച്ചുള്ള റിക്കാർഡുകൾ സൂക്ഷിക്കൽ, ആസ്തി ആർജ്ജിക്കൽ, ആസ്തികളുടെ സംരക്ഷണം, ധനകാര്യ മാനേജ്മെന്റ്, രേഖകൾ തയ്യാറാക്കൽ, കത്തിടപാടുകൾ, കീഴ്ജീവനക്കാരെ നിയന്ത്രിക്കൽ, വ്യവഹാരങ്ങൾ നടത്തൽ, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ, പണമിടപാടുകൾ നടത്തൽ, ഓഡിറ്റിന് രേഖകൾ ഹാജരാക്കൽ എന്നിവ സംഘം സെക്രട്ടറിയുടെ ചുമതലകളാണ്.
3. ഭരണസമിതിക്ക് നിയമങ്ങൾ സംബന്ധിച്ച് അവശ്യ വിവരങ്ങൾ നൽകുകയും അവയിൽ കാലാകാലങ്ങളിൽ വരുന്ന വ്യത്യാസങ്ങൾ ധരിപ്പിക്കുകയും ചെയ്യുക. ഭരണസമിതി തീരുമാനങ്ങൾ നിയമത്തിനും ചട്ടത്തിനും വിധേയമാണെന്ന് ഉറപ്പു വരുത്തി നടപ്പിൽ വരുത്തുക.
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ച് സംഘം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക്കുക.

സംഘം പ്രവർത്തനം മാതൃകാപരമാക്കുന്നതിനും ലാഭകരമാക്കാനും ഭരണപരമായ പ്രതിസന്ധികൾ ഒഴിവാക്കുന്നതിനുമുള്ള ബാധ്യത അംഗങ്ങൾക്കും ഭരണ സമിതിക്കും ജീവനക്കാർക്കുമുണ്ട്. തങ്ങളുടെ ചുമതലകൾ കൃത്യമായും ആത്മാർത്ഥതയോടും കൃത്യനിഷ്ഠയോടും നിർവഹിക്കാനുള്ള ശ്രമം ഈ മൂന്ന് വിഭാഗങ്ങളിൽ നിന്നും ഉണ്ടാകുകയാണെങ്കിൽ ക്ഷീരസംഘങ്ങളുടെ പ്രസക്തി നാൾക്കുനാൾ വർദ്ധിക്കും. പ്രാദേശിക വികസനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും പാലുൽപ്പാദനത്തിലൂടെ തങ്ങളുടെ സംഭാവന നൽകുന്നതിനും സാധിക്കും.

പ്രസിഡന്റിന്റെ ചുമതലകൾ

1. ഭരണസമിതിയോഗം, പൊതുയോഗം എന്നിവയുടെ തീരുമാനങ്ങൾ സെക്രട്ടറി മുഖാന്തിരം നടപ്പാക്കുക.
2. സംഘം സെക്രട്ടറിയുടെ ദൈനംദിന ജോലികൾക്ക് മേൽനോട്ടം വഹിക്കുക

3. സഹകരണ സംഘം നിയമം, ചട്ടം, സംഘം നിയമാവലി എന്നിവയ്ക്ക് വിധേയമാണ് സംഘത്തിന്റെ പ്രവർത്തനം എന്ന് ഉറപ്പ് വരുത്തുക.
4. ഓഡിറ്റ് മോഡുകളിലും പരിശോധനാറിപ്പോർട്ടിലും സന്ദർശന കുറിപ്പുകളിലും സൂചിപ്പിക്കുന്ന കാര്യങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
5. സംഘത്തിന് കിട്ടാനുള്ള തുക ഈടാക്കിയെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
6. സംഘത്തിന്റെ ആസ്തികളും സ്ഥാവരജംഗമ വസ്തുക്കളും ഫലപ്രദമായി സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.



5 ക്ഷീര സഹകരണ സംഘങ്ങളും നിയമങ്ങളും

സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന ഏവർക്കും സഹകരണ നിയമങ്ങളെകുറിച്ചും ഇതര നിയമങ്ങളെക്കുറിച്ചും ഉള്ള അറിവ് അത്യാവശ്യമാണ്.

1. കേരള സഹകരണ നിയമം

വിഷയം:-	വകുപ്പ്	ചട്ടം
1. രജിസ്ട്രേഷൻ	4, 5, 6, 7, 8, 15	3,4,5
2. ബൈലോഭേദഗതി	10, 11, 12, 13	9, 10
3. സംഘങ്ങളുടെ സംയോജനം ആസ്തിബാധ്യതാ കൈമാറ്റം വിഭജനം	14	13, 14
4. സംഘങ്ങളിലെ അംഗത്വം	16	16,16 A, 16 B
തിരിച്ചറിയൽ കാർഡ്	16 C, 16 D	
5. അംഗത്വത്തിൽ നിന്ന് പുറന്തള്ളൽ	17	18
6. അംഗങ്ങളുടെ വോട്ടവകാശം	20	19
7. ഓഹരി നൽകലും, കൈമാറ്റവും പിൻവലിക്കലും	22,23 24	20, 21, 22 23

8. രജിസ്ട്രാറുടെ ഓഫീസിൽ നിന്ന് രേഖകൾ ലഭിക്കുന്നതിന്	-	24
9. സംഘത്തിലെ കണക്കുകൾ പരിശോധിക്കുന്നതിന്	-	25
10. പൊതുയോഗ കാലഘട്ടത്തിൽ ഓഹരി നൽകൽ, ഓഹരി കൈമാറ്റ നിരോധനം	-	26
11. കമ്മിറ്റിയുടെ നിയമനം	28	35, 35A, 35 B
12. വനിതകൾക്കും SC/ST വിഭാഗ ത്തിനും കമ്മറ്റിയിൽ സംവരണം	28 A	
13. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കെതിരെ അവിശ്വാസം	284 A	43 A
14. ഭരണസമിതിയിലേക്ക് മത്സരിക്കു ന്നതിനുള്ള അയോഗ്യതകൾ	28(2)	44(s) (a x b) k, (2)
15. ഭരണസമിതിയുടെ കാലാവധി	28(1)	
16. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ	28 (B)	35 A (1-4)
17. വാർഷിക പൊതുയോഗവും അധികാരങ്ങളും	29	
18. വിശേഷാൽ പൊതുയോഗം	30(1) -(5)	360(1) (3)
19. രേഖകളുടെയും തീരുമാനങ്ങളു ടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ	-	32
20.കമ്മിറ്റി പിരിച്ചു വിടൽ	32	-
21. കമ്മിറ്റിരൂപീകരണം പരാജയപ്പെടുമ്പോൾ പുതിയ കമ്മിറ്റി നിയമിക്കൽ	33	-
22.കമ്മിറ്റിയുടെ രൂപീകരണം രാജി - അംഗത്വം റദ്ദാക്കൽ	-	38

23.റിക്കാർഡുകളുടെ കൈവശ പ്പെടുത്തൽ	34 (1) -(4)	
24.പ്രസിഡന്റ്/വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പ്	-	43 (1) - (9)
25.ശമ്പളത്തിൽ നിന്നുള്ള കിഴിവ് ചെയ്യൽ	- 37 (1), (2)	52 (1) - (8)
26.സഹകരണവിദ്യാഭ്യാസ ഫണ്ട്	-	53
27.ഫണ്ടുകളുടെ നിക്ഷേപം	-	54, 60
28.പ്രൊവിഡന്റ് ഫണ്ട്	6	58
29.ഗ്രാറ്റിവിറ്റി	62	59
30.ഓഡിറ്റ്	63	64,65
31. അന്വേഷണം, പരിശോധന	65, 66	66, 66A
32.നിർദ്ദേശം നൽകാനുള്ള അധികാരം	66A	
33.ഉദ്യോഗസ്ഥന്മാരുടെ സസ്പെൻഷൻ	66 B	
34.അന്വേഷണത്തിന്റെയോ പരിശോ ധനയുടേയോ ചെലവ്	67	
35.നഷ്ടോത്തരവാദം ചെയ്യൽ (സർചാർജ്ജ്)	68	
36.തർക്കങ്ങൾ തീർപ്പാക്കൽ	69, 70, 98 99	67, 68
37.സഹകരണ ആർബി ട്രേ കോടതി	70 A	
38.സഹ: സംഘങ്ങൾ നിർത്തൽ ചെയ്യലും, പിരിച്ച്വിടലും	71, 72, 73, 74	68, 70
39.ലിക്വിഡേറ്ററുടെ നിയമനം	72	69
40.ലിക്വിഡേറ്ററുടെ അധികാരങ്ങൾ	73	
41. സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യൽ	74	
42.ഉത്തരവുകളുടെ നിർവ്വഹണം	76, 77	74, 94
43.ഉത്തരവിനോ വിധിക്കോ മുമ്പ് സ്വത്തുക്കളുടെ ജപ്തി	78	93

44.സഹ:സംഘങ്ങളുടെ ജീവനക്കാരുടെ സേവനവും, വേതനവും	80	182 - മുതൽ
45.ട്രൈബ്യൂണൽ അപ്പീൽ റിവിഷൻ	81 - 82	95 - 123
46.ഗവൺമെന്റിനും രജിസ്ട്രാർക്കുമുള്ള റിവിഷൻ അധികാരം	87 (1) - (4)	124 A
47.സഹകരണ സർക്കിൾ യൂണിയനുകൾ	88, 89, 90, 91	126 - 170
48.സംഘം ഭരണസമിതിയുടെ തീരുമാനം റദ്ദാക്കൽ	176	
49.ആസ്തി ആർജിക്കുന്നതിനുള്ള യോഗം സംബന്ധിച്ച് രജിസ്ട്രാറുടെ അനുമതി	57	
50.ഭരണസമിതി, പ്രസിഡന്റ് ചുമതലകൾ	38, 44	

2. ഇതര നിയമങ്ങൾ

എ) ഇന്ത്യൻ ശിക്ഷാനിയമം 1860
ബി) ഇന്ത്യൻ തെളിവ് നിയമം 1872
സി) ഇന്ത്യൻ കരാർ നിയമം 1872
ഡി) സിവിൽ നിയമം 1908
ഇ) ക്രിമിനൽ നടപടി നിയമം 1973
എഫ്) തൊഴിൽ നിയമങ്ങൾ 1947
ജി) തിരഞ്ഞെടുപ്പ് നിയമം 1950, 1951
എച്ച്) ഭക്ഷ്യസാധനങ്ങളിൽ മായം ചേർക്കൽ നിയമം 1954
ഐ) കേരള സർവ്വീസ് ചട്ടങ്ങൾ 1956
ജെ) കാലഹരണ നിയമം 1963
കെ) പേയ്മെന്റ് ഓഫ് ബോണസ് ആക്ട് 1965
എൽ) കെട്ടിട വാടക നിയന്ത്രണ നിയമം 1965
എം) കേരള റവന്യൂ റിക്കവറി നിയമം 1968
എൻ) മലിനീകരണം സംബന്ധിച്ച നിയമം 1974
ഒ) പാക്കേജ് & കമ്മോഡിറ്റീസ് ആക്ട് 1977

പി) ഉപഭോക്തൃ സംരക്ഷണ നിയമം 1983
ക്യൂ) മിൽക് & മിൽക് പ്രൊഡക്സ് ഓർഡർ 1992
ആർ) കേരളാ പഞ്ചായത്തീരാജ് നിയമം 1994
എസ്) വനിതാ കമ്മീഷൻ നിയമം 1995
റ്റി) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006
യു) കേരള ക്ഷീരകർഷക ക്ഷേമനിധി നിയമം 2007

മേൽ പറഞ്ഞ നിയമങ്ങളിലെ ആവശ്യം അറിവുകൾ ക്ഷീരസംഘം ഭാരവാഹികൾക്കും ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ഉണ്ടായിരിക്കുന്നത് സംഘത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ഏറെ പ്രയോജനകരമാകും.



6 ക്ഷീരസംഘം - വൈവിദ്ധ്യവൽക്കരണം

ക്ഷീരമേഖലയുടെ പുരോഗതിക്കുവേണ്ടി വിവിധ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. വിവിധ വകുപ്പുകളിൽ സേവന തൽപരരായ വൈവിദ്ധ്യമുള്ള ഉദ്യോഗസ്ഥരും നിലവിലുണ്ട്. എന്നിട്ടും ക്ഷീരമേഖലയിൽ നിന്നും ക്ഷീരകർഷകർ പിൻതിരിയുകയും പുതിയതായി തലമുറ വരാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ഇതിന് മാറ്റം വന്നാലേ ക്ഷീരമേഖലയ്ക്ക് പുരോഗതി ഉണ്ടാകൂ. ഈ ലക്ഷ്യം നേടുന്നതിനായി ക്ഷീര സംഘം തലത്തിൽ പല കർഷക ക്ഷേമ പദ്ധതികളും നടപ്പാക്കാവുന്നതാണ്. ക്ഷീരമേഖലയിൽ വിപണന സംവിധാനം ഒരുക്കുന്നതിൽ പ്രധാന പങ്ക് ക്ഷീരസഹകരണ സംഘങ്ങൾ വഹിക്കുന്നുണ്ട്. ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തന പുരോഗതിക്കും ക്ഷീരോൽപ്പാദകരുടെ ഉന്നമനത്തിനും ഇത്തരം ക്ഷേമപ്രവർത്തനം പ്രചോദനമാകേണ്ടതാണ്. അതുകൊണ്ടുതന്നെ ക്ഷീരകർഷകരുടെ അതാതു കാലത്തെ ആവശ്യം

അറിഞ്ഞുകൊണ്ട് അതിനു പരിഹാരം തേടുന്ന തരത്തിലായിരിക്കണം ക്ഷേമപ്രവർത്തനങ്ങളും പദ്ധതികളും ഉണ്ടാകേണ്ടത്. ഇന്ന് ക്ഷീരകർഷകർ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രയാസം കാലിത്തീറ്റയുടെ അമിതമായ വില വർദ്ധന, താങ്ങാനാവാത്ത ചികിത്സാചെലവ് എന്നിവയാണ്. അതുകൊണ്ടുതന്നെ അവയ്ക്ക് പ്രാധാന്യം നൽകണം. വേനൽക്കാലങ്ങളിൽ പച്ചപ്പുല്ലിന്റെ ലഭ്യത, മറ്റ് പാരമ്പര്യ തീറ്റ വസ്തുക്കളുടെ ലഭ്യത എന്നിവ വളരെ കുറഞ്ഞുവരുന്നതിനാൽ ഉൽപ്പാദനത്തിന് വിലകൂടിയ സമീകൃതാഹാരത്തെ മാത്രം ആശ്രയിക്കേണ്ടിവരുന്നു. ഇതിൽ നിന്നും കർഷകരെ സഹായിക്കാൻ കാലിത്തീറ്റ് വില കുറച്ചു നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. അതുപോലെ നിലവിലുള്ള പാൽ ഉൽപ്പാദനം വർദ്ധിപ്പിച്ച് നിലനിർത്തിപ്പോരുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി നിശ്ചിത അളവിൽ (പ്രതിദിനം 10 ലിറ്റർ) കൂടുതൽ പാൽ നൽകുന്നവർക്ക് പ്രത്യേക കാലിത്തീറ്റ ധനസഹായ പദ്ധതികളും നടപ്പാക്കാവുന്നതാണ്.

ഈ രംഗത്തേയ്ക്ക് വരുന്ന നവാഗതർക്ക് പ്രോത്സാഹനം നൽകുന്നതിനായി കറവമാടുകളെ വാങ്ങുന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നത് നന്നായിരിക്കും. എരുമ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എരുമയെ വാങ്ങിവളർത്തുന്നവർക്ക് പ്രത്യേക പ്രോത്സാഹനവും നൽകാവുന്നതാണ്. ചികിത്സാചെലവിനു വരുന്ന മരുന്നിന്റെ മുഴുവൻ വില സംഘത്തിൽ നിന്നും നൽകുന്ന പദ്ധതികളും നല്ലതാണ്. അതു പോലെ കാലിത്തൊഴുത്ത് തറ കോൺക്രീറ്റ് ചെയ്യുന്നതിന് ധനസഹായം അനുവദിച്ചാൽ കറവമാടിന്റെ രോഗത്തിന് കുറവ് വരും, ചികിത്സാചെലവ് ലാഭിക്കാം.

ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് സാമൂഹികമായ അംഗീകാരം ലഭിക്കേണ്ടതുണ്ട്. അതിനായി ഏറ്റവും കൂടുതൽ പാൽ അളക്കുന്നവർക്കും കൂടുതൽ ഗുണനിലവാരമുള്ള പാൽ അളക്കുന്നവർക്കും അവാർഡുകൾ ഏർപ്പെടുത്താവുന്നതാണ്. ക്ഷീരകർഷകരുടെ കുട്ടികൾക്ക് പഠനസഹായം നൽകുന്ന പദ്ധതിയും ആവിഷ്കരിക്കാം. സ്കൂൾ യൂണിഫോം, കുട, തുടങ്ങിയ പഠനോപകരണങ്ങൾ വാങ്ങി നൽകുക, പഠന ക്യാമ്പുകൾ നടത്തുക, ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുക തുടങ്ങിയകാര്യങ്ങൾ സംഘം വഴി നടപ്പാക്കാവുന്നതാണ്.

വിവാഹത്തിനും വീടുവയ്ക്കുന്നതിനും ധനസഹായം നൽകാവുന്നതാണ്.

കറവമാടിനേയും കൃഷിക്കാരൻ, കറവക്കാരൻ എന്നിവരെയും ഇൻഷുർ ചെയ്യുന്നതിന് പ്രീമിയം നൽകുന്ന പദ്ധതി രൂപീകരിക്കാവുന്നതാണ്. ഒന്നിച്ച് സാധനങ്ങൾ വാങ്ങി പ്രത്യേകാവസരത്തിൽ വിലകുറച്ച് വിതരണം (കുട, യൂണിഫോം, പടക്കം, പാൽ, പാത്രം, കലണ്ടർ) നടത്താവുന്നതാണ്. ജൈവകൃഷിക്കാരുടെ സ്വാശ്രയ സംഘങ്ങൾക്ക് കറവമാടിനെ വാങ്ങുന്നതിനും ബയോഗ്യാസ് തുടങ്ങിയവ നിർമ്മിക്കുന്നതിനും അഡ്വാൻസ് നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ട് കരുതാവുന്നതാണ്. മികച്ച നൂതന സാങ്കേതിക സാമഗ്രികൾ ഉപയോഗിച്ചുള്ള പാൽ സംഭരണം ഏറെ പ്രയോജനകരമാകും. അത്യാവശ്യ ഘട്ടങ്ങളിൽ (പശുമരണം, കുട്ടികൾക്ക് അസുഖം, മരണം തുടങ്ങിയവ) സാമ്പത്തിക സഹായം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ കർഷകരെ ധനപരമായി സഹായിക്കുന്ന തരത്തിലുള്ള പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതേയുള്ളൂ. ടെലിഫോൺ ബൂത്ത്, ഫോട്ടോകോപ്പി, അക്ഷയകേന്ദ്രങ്ങൾ, കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങിയവ ആരംഭിച്ച് സ്വാശ്രയരീതിയിൽ സംഘത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംഘം ഉപ നിബന്ധനകൾ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ട്. കാലിത്തീറ്റ അഡ്വാൻസായി നൽകുന്നതിനുള്ള സർക്കുലർ പരിഷ്ക്കരിച്ചും കാലി മരണനിധി, ദാനനിധി, സഹകരണ പ്രചാരണനിധി, എന്നിവയുടെ വ്യവസ്ഥകൾ കൂട്ടിച്ചേർത്തും നിയമപരമായ അംഗീകാരം വാങ്ങാവു ന്നതാണ്.

കൂടാതെ അംഗങ്ങളുടെ വൈദ്യുതി ബിൽ, ഫോൺ ബിൽ, നികുതികൾ തുടങ്ങിയവ വാങ്ങി അടയ്ക്കുന്നതിനും ടിക്കറ്റുകൾ ബുക്ക്ചെയ്യുന്നതിനും വിവിധ ഏജൻസികളുടെ ധനസഹായ പദ്ധതികൾ അർഹതയുള്ളവർക്ക് വാങ്ങി നൽകുന്നതിന് സഹായിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊണ്ട് ക്ഷീരകർഷകരുടെ ആശ്രയകേന്ദ്രമായി പ്രവർത്തിച്ച് ഈ മേഖലയെ സംപുഷ്ടീകരിക്കാനാവും. കർഷക ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി രക്തദാതാക്കളുടെ ഒരു പട്ടിക എല്ലാവർഷവും തയ്യാറാക്കേ ണ്ടതാണ്.

ദൗത്യപത്രം (മിഷൻ സ്റ്റേറ്റ്മെന്റ്), സേവനം ലഭ്യമാക്കേണ്ട വിഭാഗങ്ങൾ, സ്ഥാപനം നൽകുന്ന സേവനങ്ങൾ, അവയുടെ നടപടിക്രമങ്ങൾ, സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി, പരാതി പരിഹാര മാർഗ്ഗങ്ങൾ, പൗരവകാശ രേഖ സംബന്ധിച്ച അവലോകനം, കാലാകാലങ്ങളിലുള്ള പരിഷ്ക്കരണം തുടങ്ങിയവ പൗരാവകാശരേഖ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള അടിസ്ഥാന ഘടകങ്ങളാണ്. മെച്ചപ്പെട്ട സേവനം നൽകുന്നതിനും സമൂഹവുമായും പാലുൽപ്പാദകരുമായും ഉപഭോക്താക്കളുമായും മറ്റ് സ്ഥാപനങ്ങളുമായും സുദൃഢമായ ബന്ധം സ്ഥാപിക്കുന്നതിനും പൗരാവകാശരേഖ ഉപയോഗപ്പെടുത്താവുന്നതാണ്. ക്ഷീര വികസന വകുപ്പ്, മൃഗസംരക്ഷണവകുപ്പ് എന്നിവയുടെ അംഗീകരിച്ച പൗരാവകാശരേഖകളും ക്ഷീരസഹകരണ സംഘങ്ങളുടെ മാതൃകാ പൗരാവകാശ രേഖയും അനുബന്ധമായി ചേർക്കുന്നു.

ക്ഷീര സഹകരണ സംഘതലത്തിൽ നടപ്പാക്കാവുന്ന പദ്ധതികൾ	ലക്ഷ്യം	നിബന്ധന (കരട്)
1. കാലി തീറ്റയ്ക്ക് വേനൽക്കാല ധന സഹായം	വേനൽക്കാലത്ത് പാലിന്റെ ലഭ്യത ഉറപ്പ് വരുത്തുക	വർഷത്തിൽ കനത്ത വേനൽക്കാലത്ത് (പരമാവധി 4 മാസം) കാലിത്തീറ്റയ്ക്ക് ധനസഹായം നൽകുക.
2.മികച്ച ക്ഷീരോൽപ്പാദ കർക്ക് കാലിത്തീറ്റയ്ക്ക് പ്രത്യേക ധന സഹായം	പാൽ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക	പ്രതിമാസം നിശ്ചിത അളവിൽ കൂടുതൽ പാൽ നൽകുന്ന കർഷകർക്ക് കാലിത്തീറ്റയ്ക്ക് പ്രത്യേക ധനസഹായം
3.കറവമാട് വാങ്ങുന്നതിന് പലിശ രഹിത അഡ്വാൻസ്	കാലിസമ്പത്തും തദ്വാര പാൽ ഉൽപ്പാദനവും വർദ്ധിപ്പിക്കുക.	പരസ്പര കൂട്ടുജാമ്യ വ്യവസ്ഥയിൽ നിശ്ചിത അളവ് പാൽ സംഘത്തിൽ നൽകുന്ന കർഷകർക്ക് / കർഷക ഗ്രൂപ്പിന് കറവപശു വാങ്ങുന്നതിന് പലിശ രഹിത ധനസഹായം നൽകുക.
4.കറവമാട് വാങ്ങുന്നതിന് ധനസഹായം	കാലിസമ്പത്തും തദ്വാര പാൽ ഉൽപ്പാദനവും വർദ്ധിപ്പി യ്ക്കുക.	കൂട്ടുജാമ്യ വ്യവസ്ഥയിൽ പശു വാങ്ങുന്നവർക്ക് അനുവദിച്ച തിരിച്ചടവ് കാലത്ത് കൃത്യമായി അഡ്വാൻസ് മടക്കിയ കർഷകർ / കർഷകഗ്രൂപ്പിന് പ്രത്യേക ധന സഹായം
5.പുതിയ ക്ഷീരകർഷകർക്ക് പ്രോൽസാഹനം	കാലിസമ്പത്തും പാൽ ഉൽപ്പാദനവും പ്രോൽസാഹിപ്പിക്കുക.	പുതിയതായി കാലിവളർത്തൽ രംഗത്ത് വരുന്ന വ്യക്തി പ്രതിമാസം നിശ്ചിത അളവിൽ 3(മൂന്ന്) മാസം കൊണ്ട് നിശ്ചിത അളവ് പാൽ സംഘത്തിൽ നൽകുന്ന പക്ഷം പാൽ വിലയ്ക്ക് പുറമെ ഒരു പ്രത്യേക ധന സഹായം.
6.ആകസ്മിക ധന സഹായം	കറവമാട് ആകസ്മികമായി മരണപ്പെടുകയാണെങ്കിൽ നൽകുന്ന ചെറിയ സമാശ്വാസം.	കറവമാട് ആകസ്മികമായി മരണ പ്പെടുകയാണെങ്കിൽ ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടെങ്കിൽ പോലും മറ്റ് ചെലവുകൾക്ക് ധനസഹായം
7.മൃഗ ചികിത്സാ സഹായം	മൃഗങ്ങളുടെ ആരോഗ്യപരിപാലനം	പ്രതിവർഷം ഒരു നിശ്ചിത തുകയിൽ അധികരിക്കാത്ത മൃഗചികിത്സാ സഹായം അനുവദിക്കുക

ക്ഷീര സഹകരണ സംഘതലത്തിൽ നടപ്പാക്കാവുന്ന പദ്ധതികൾ	ലക്ഷ്യം	നിബന്ധന (കരട്)
8.കന്നുകാലി ഇൻഷ്വറൻസ്	കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുക	സംഘാംഗങ്ങളുടെ കാലികളെ ഇൻഷ്വർ ചെയ്യുന്നതിന് പ്രീമിയം തുകയുടെ നിശ്ചിത ശതമാനം തുക സബ്സിഡി നൽകുക
9.ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിന് സാമ്പത്തിയ സഹായം	കർഷകരുടെ ക്ഷേമം ഉറപ്പ് വരുത്തുക	സംഘത്തിലെ യോഗ്യതയുള്ള ഉൽപ്പാദകരെ സൗജന്യമായി ക്ഷേമനിധിയിൽ അംഗമായി ചേർക്കുക.
10.പാൽ വില ഇൻസന്റീവ്	പാൽ ദൗർലഭ്യം ഉള്ള കാലത്ത് ലഭ്യത ഉറപ്പ് വരുത്തുക.	വേനൽകാലം - ഉത്സവകാലത്ത് സംഘം സംഭരിക്കുന്ന പാലിന് പ്രോത്സാഹന വില നൽകുക
11. SSLC, +2 അവാർഡ് പഠനോപകരണ വിതരണം	കർഷകരുടേയും കുടുംബാംഗങ്ങളുടേയും ക്ഷേമം	വാർഷിക പൊതുയോഗം ബോണസ് വിതരണത്തിനോടത്തിനോടനു ബന്ധിച്ച് മികച്ച വിജയം നേടിയ കർഷകകുടുംബങ്ങളിലെ കുട്ടികൾക്ക് പ്രോത്സാഹനം നൽകുക
12.പാൽകടത്ത് കൂലി	കൂടുതൽ പാൽ സംഭരണം	നിശ്ചിത അളവ് (ഉദാ:40 ലിറ്റർ) കൂടുതൽ സംഘത്തിൽ പാൽ നൽകുന്ന കർഷകർക്ക് ലിറ്ററിന് നിശ്ചിത നിരക്കിൽ കടത്ത് കൂലി
13.കാലിത്തീറ്റ കൂലി	സംഘം വഴിയുള്ള കാലിത്തീറ്റ കച്ചവടം പ്രോത്സാഹിപ്പിക്കുക	സംഘത്തിൽ നിന്നും പ്രതിമാസം നിശ്ചിത എണ്ണം ചാക്കിൽ (ഉദാ: 10 ചാക്ക്) കൂടുതൽ കാലിത്തീറ്റ വാങ്ങുന്ന കർഷകർക്ക് അധികം വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ചാക്കിന് നിശ്ചിത നിരക്കിൽ കടത്ത്കൂലി
14.എൽ.ഐ.സിയുടെ ജന ശ്രീ ഭീമായോജനപോലെ യുള്ള ഇൻഷുറൻസ് പദ്ധതി	കർഷക ക്ഷേമ പദ്ധതി	ജനശ്രീഭീമാ യോജന പദ്ധതിയിൽ ചേരുന്ന ക്ഷീരകർഷകർക്ക് പോളിസി സൗജന്യം
15.കൃത്രിമ ബീജധാന പദ്ധതി.	കർഷകന്റെ വീട്ടിൽ എത്തി ഉരുക്കൾക്ക് കൃത്രിമ ബീജധാനം നടത്തുക.	സംഘത്തിലെ ഒരു ജീവനക്കാരന് പ്രത്യേക പരിശീലനം നൽകി കർഷ കന്റെ വീടുകളിൽ ചെന്ന് ഉരുക്കൾക്ക് കൃത്രിമ ബീജധാനം ചെയ്യുക

ക്ഷീര സഹകരണ സംഘതലത്തിൽ നടപ്പാക്കാവുന്ന പദ്ധതികൾ	ലക്ഷ്യം	നിബന്ധന (കരട്)
16. തീറ്റപുൽകൃഷി പ്രോത്സാഹന പദ്ധതി	ഭൂമിയുള്ള കർഷകന്റെ വീടുകളിൽ തന്നെ തീറ്റപ്പുല്ല് ഉൽപ്പാദിപ്പിക്കുക	നിശ്ചിത അളവ് സ്ഥലത്ത് നിശ്ചിത എണ്ണം തീറ്റ പുൽക്കട കൃഷി ചെയ്ത കർഷകന് ഡിപ്പാർട്ട്മെന്റ് നൽകുന്ന അതേ നിരക്കിൽ ധന സഹായം അനുവദിക്കുക
17. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപുൽകൃഷി പദ്ധതി	സ്വന്തമായി കൃഷിഭൂമി ഇല്ലാത്ത കർഷകർക്ക് ആവശ്യമായ തീറ്റപുല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കുക	സംഘം നേരിട്ടോ കർഷ ഗ്രൂപ്പ് വഴിയോ പാട്ടസ്ഥലത്ത് ഗുണ മേൻമയുള്ള തീറ്റപുല്ല് കൃഷി ചെയ്ത് ആവശ്യക്കാർക്ക് വിൽക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ധന സഹായം നൽകുക
18. കൂടുതൽ പാൽ വാങ്ങുന്ന ഉപഭോക്താവിന് വിലയിൽ കിഴിവ്	സംഘത്തിന്റെ പ്രാദേശിക വില്പന വർദ്ധിപ്പിച്ച് സാമ്പത്തിക ഭദ്രതനേടുക	നിശ്ചിത അളവിൽ (50 ലിറ്റർ) കൂടുതൽ പാൽ വാങ്ങുന്ന ഉപഭോക്താവിന് 5 മുതൽ 10 % വരെ കിഴിവ് നൽകുക
19. കൂടുതൽ പാല് സംഘത്തിന് നൽകുന്ന കർഷകന് പ്രോത്സാഹനം	സംഘത്തിന്റെ പാൽ സംഭരണം വർദ്ധിപ്പിക്കുക	സാമ്പത്തിക വർഷം പാലളന്ന കർഷകർക്ക് പ്രോൽസാഹനം നൽകുക.
20. സംഘത്തിന് ഗുണമേന്മയുള്ള പാൽ നൽകുന്ന കർഷകന് പ്രോത്സാഹനം	പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക	ഓരോ ലിറ്റർ പാലിനും ഏറ്റവും കൂടുതൽ വില ലഭിച്ച കർഷകന് പ്രോത്സാഹനം നൽകുക.

സംഘങ്ങൾ നൽകുന്ന സേവനങ്ങൾ

പദ്ധതിയുടെ പേര്	ലക്ഷ്യം	നിബന്ധന
1. കന്നുകാലി ഇൻഷുറൻസ്	പ്രീമിയം തുകയുടെ 25 %	ഉൽപ്പാദകർ
2. ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിനുള്ള സാമ്പത്തിക സഹായം	100 രൂപ പ്രകാരം	ഉൽപ്പാദകർ



7 പാലിന്റെ ഗുണനിയന്ത്രണം

പാൽ ഉൽപ്പാദനരംഗത്ത് ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ഗുണ നിലവാരം കൂടിയ പാൽ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യാൻ കാര്യമായ ശ്രമങ്ങളൊന്നും ഈ കാലയളവിൽ ഉണ്ടായിട്ടില്ല എന്നത് ഖേദകരമായ ഒരു വസ്തുതയായി അവശേഷിക്കുന്നു. കേരളത്തിലെ ഉപഭോക്താക്കൾ പൊതുവേ വിദ്യാസമ്പന്നരായതുകൊണ്ട് ഗുണനിലവാരത്തെക്കുറിച്ച് വ്യക്തമായ ഉൾക്കാഴ്ച അവർക്കുണ്ട്. ഈ കാരണം കൊണ്ടുതന്നെ ഭാവിയിൽ ഗുണനിലവാരം കൂടിയ പാൽ ഉൽപ്പാദിപ്പിച്ച് സംസ്ക്കരിച്ച് വിപണനം ചെയ്യാൻ ഈ രംഗത്ത് പ്രവർത്തിക്കുന്നവർ ഊന്നൽ നൽകേണ്ടതാണ്.

പാലിന്റെ ഗുണനിലവാരത്തെ സാധാരണ മൂന്നായി തരംതിരിക്കാം. 1) ഘടനാപരമായ ഗുണം. 2) മൈക്രോബയോളജി ഗുണം. 3) പോഷകഗുണം

1. ഘടനാപരമായ ഗുണനിലവാരം

പാലിന്റെ രാസഗുണങ്ങളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ആഹാരസാധനങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതിനുള്ള നിയമത്തിൻ കീഴിൽ വരുന്നതിനാൽ ഇതിനെക്കുറിച്ച്

വ്യക്തമായ അവബോധം ഉൽപ്പാദനരംഗത്ത് പ്രവർത്തിക്കുന്നവരിൽ ഉണ്ടാകേണ്ടതാണ്. പാലിന്റെ ഘടനാപരമായ ഗുണം മിക്കപ്പോഴും പശുവിന്റെ വർഗ്ഗവുമായി പ്രധാനമായും ബന്ധപ്പെട്ടിരിക്കുന്നു. വിവിധ പാൽ ഘടകങ്ങളിൽ കൊഴുപ്പിലാണ് കൂടുതൽ വ്യത്യാസം കണ്ടുവരുന്നത്. പാൽകൊഴുപ്പിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പാലിന്റെ വിലയിലും ഭക്ഷണമൂല്യത്തിലും സ്വാധീനം ചെലുത്തുന്നു. ജനുസ്സ്, വർഗ്ഗ ഗുണം, കറവക്കാലം, പശുവിന്റെ പ്രായം, അന്തരീക്ഷ ഊഷ്മാവ്, കറവകൾ തമ്മിലുള്ള ഇടവേള, തീറ്റയിലുള്ള വ്യത്യാസം, ഋതുഭേദം, ഹോർമോണുകൾ, വ്യക്തിഗതം മുതലായ കാരണങ്ങൾകൊണ്ട് പാൽക്കൊഴുപ്പിന്റെ തോതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. പാലിലെ മായം ചേർക്കൽ തടയുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നിയമത്തിൽ ഉണ്ടെങ്കിലും വിവിധങ്ങളായ ഉദ്ദേശങ്ങളോടെ പാലിൽ മായം ചേർക്കുന്നതായി കണ്ടുവരുന്നു.

1) അളവ് വർദ്ധിപ്പിക്കുക.
2) ആപേക്ഷിക സാന്ദ്രത കൂട്ടുക.
3) പാലിന് കൂടുതൽ കട്ടി ലഭിക്കുന്നതിനുവേണ്ടി.
4) മൊത്തം ഘരപദാർത്ഥങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിനു വേണ്ടി.
5) പുളിച്ച പാലിന്റെ അമ്ലത്തെ നിർവീര്യമാക്കുന്നതിന്വേണ്ടി.
6) പാലിന്റെ സൂക്ഷിപ്പുമേന്മ വർദ്ധിപ്പിക്കുന്നതിനുവേണ്ടി

ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്തേക്കാം

1) പാലിൽ വെള്ളം ചേർക്കുക.
2) പാലിൽനിന്ന് കൊഴുപ്പ് നീക്കം ചെയ്യുക.
3) കൊഴുപ്പുനീക്കിയ പാൽ ചേർക്കുക.
4) പാലിൽ അന്യവസ്തുക്കൾ ചേർക്കുക
5) രാസപദാർത്ഥങ്ങൾ ചേർക്കുക

2. പാലിന്റെ അണുഗുണനിലവാരം(മൈക്രോബയോളജി)

ശുചിയായ ക്ഷീരോൽപ്പാദനത്തിന്റെ പരമമായ ഉദ്ദേശ്യം പാലിൽ ബാക്ടീരിയകളുടെ എണ്ണം ഏറ്റവും കുറയ്ക്കുകയും വൃത്തിയുള്ള പരിസരങ്ങളിൽ ഉൽപ്പാദിപ്പിച്ച പാൽ പോഷണം നഷ്ടപ്പെടാതെ

ഉപഭോക്താക്കൾക്ക് എത്തിക്കുകയുമാണ്. പോഷണപരമായ സവിശേഷതകൾ പാലിനെ സൂക്ഷ്മജീവികൾക്ക് വളരാൻ തികച്ചും അനുയോജ്യമായ ഒരു മാധ്യമമായി തീർക്കുന്നു. എത്ര ശുചിയായ സാഹചര്യത്തിൽ വളർത്തുന്ന പശുവാണെങ്കിൽ പോലും അണുവിമുക്തമായ പാൽ ഉൽപ്പാദിപ്പിക്കുക സാധ്യമല്ല. അണുഗുണനിലവാരം കുറഞ്ഞ പാലിന്റെ സൂക്ഷിപ്പുമേന്മ കുറയാനും പാലിലൂടെ സംക്രമിക്കുന്ന രോഗങ്ങൾ പകരാനും സാധ്യതയുണ്ട് . ചില അണുക്കൾ വിഷവസ്തുക്കൾവരെ ഉൽപ്പാദിപ്പിക്കാൻ പര്യാപ്തമായവയാണ്. പല വിദേശ രാഷ്ട്രങ്ങളിലും പാലിന്റെ വില നിർണ്ണയിക്കുന്നതിനുള്ള ആധാരം അതിലടങ്ങിയിട്ടുള്ള അണുക്കളുടെ എണ്ണമാണ് എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഇന്ത്യയിലും ഇത്തരത്തിലുള്ള ഒരു വില നിർണ്ണയരീതി സമീപഭാവിയിൽ നടപ്പാക്കാൻ സാധ്യതയുണ്ട്. പാലിൽ അണുക്കൾ കൂടുന്നതിനുള്ള മാർഗ്ഗം നിരവധിയാണ്. പശുവിന്റെ ചാണകം, മൂത്രം, കറവക്കാരന്റെ കൈകൾ, വസ്ത്രം, കറവയ്ക്കുപയോഗിക്കുന്ന പാത്രങ്ങൾ, ദ്രവിച്ചതും പൊടിഞ്ഞതുമായ വൈക്കോൽ, പുല്ല്, വെള്ളം, ഈച്ച, അന്തരീക്ഷം എന്നിവയിൽ നിന്നെല്ലാം അണുക്കൾ പാലിൽ കിടക്കുന്നു. ശുചിയായ പാൽ ഉൽപ്പാദനത്തിന് ആരോഗ്യമുള്ള പശുക്കൾ, മുകൾമൂടിയുള്ള പാത്രങ്ങൾ, അണുവന്ധ്യനം (Sterilization) നടത്തിയ ഉപകരണങ്ങൾ, ശുദ്ധജലലഭ്യത, ഈച്ച നിയന്ത്രണം, ശുചിയായ പരിസരം, ശരിയായ കറവരീതി എന്നിവ അവശ്യം അനുവർത്തിക്കേണ്ടതാണ്.

ശേഖരിച്ച പാൽ അരിപ്പയിലൂടെ അരിക്കുകയും ഉടൻ വിപണനം ചെയ്യുന്നില്ലെങ്കിൽ ശീതീകരിച്ച് സൂക്ഷിക്കുകയും വേണം. തൊഴുത്തുകളിൽ പുകവലി, മുറുക്ക് എന്നിവ നിയന്ത്രിക്കേണ്ടതാണ്.

സമ്പൂർണ്ണ ഗുണനിലവാര നിയന്ത്രണം (Total Quality Management) എന്ന തത്വത്തിന് ഇപ്പോൾ ഏറെപ്രസക്തിയുണ്ട്. ചുരുക്കത്തിൽ മേന്മകൂടിയ പാൽ ഉപഭോക്താക്കൾക്ക് ലഭ്യമാകാൻ ഉൽപ്പാദകരും സംസ്ക്കരണ രംഗത്തുള്ളവരും വിതരണക്കാരും ഒരുപോലെ ശ്രദ്ധിക്കേണ്ടതാണ്. ഇവരുടെ ഓരോരുത്തരുടേയും ഉത്തരവാദിത്വങ്ങൾ എന്തൊക്കെ എന്ന് പരിശോധിക്കാം.

A ഉൽപ്പാദകർ

1. ആരോഗ്യമുള്ള പശുക്കളെ വൃത്തിയായ സാഹചര്യത്തിൽ സംരക്ഷിച്ച് കറക്കുക.
2. ആദ്യത്തെ ഏതാനും പിഴിച്ചിൽ ഉപേക്ഷിച്ചാൽ പാലിലെ മൊത്തം അണുക്കളുടെ എണ്ണം കുറയ്ക്കാം.
3. വ്യക്തമായ നിർദ്ദേശങ്ങളോ മാനദണ്ഡങ്ങളോ കൂടാതെ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കാതിരിക്കുക. ആന്റീബയോട്ടിക്കുകൾ ഉപയോഗിച്ചതിന് ശേഷം കുറഞ്ഞത് 72 മണിക്കൂർ കഴിഞ്ഞ് ഉൽപ്പാദിപ്പിക്കുന്ന പാൽ മാത്രമേ വിപണനം ചെയ്യാവൂ.
4. പാലിലെ പൂപ്പൽ വിഷബാധ നിയന്ത്രിക്കുന്നതിന് കാലികൾക്ക് കൊടുക്കുന്ന വൈക്കോൽ, ഖരാഹാരം എന്നിവ പൂപ്പൽ ബാധിച്ചവയല്ല എന്ന് ഉറപ്പുവരുത്തുക.
5. പാലിൽ കീടനാശിനികൾ കടന്നുകൂടാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.
6. പാൽ മുഴുവനായി കറന്നെടുത്ത് മിശ്രണം ചെയ്തതിനുശേഷം മാത്രം പാൽ സൊസൈറ്റികളിൽ വിപണനം ചെയ്യുക.

B പാൽസൊസൈറ്റികൾ

1. പാൽ ശേഖരിക്കുന്നതിനും അളക്കുന്നതിനുമുള്ള പാത്രങ്ങൾ വൃത്തിയായി കഴുകി സൂക്ഷിക്കുക.
2. മോശപ്പെട്ട പാൽ പ്രത്യേകം ശേഖരിക്കുക.
3. പാൽ നേർത്ത അരിപ്പയിലൂടെ അരിച്ച് സൂക്ഷിക്കുക
4. പാൽ തണുപ്പിച്ച് സൂക്ഷിക്കുക. പാൽ വെയിലത്ത് വയ്ക്കാതിരിക്കുക.
5. പാൽ എത്രയും പെട്ടെന്ന് ശീതീകരണികളിൽ എത്തിക്കുക.
6. പാൽ കാനുകൾ വൃത്തിയായി കഴുകി ഉണക്കി സൂക്ഷിക്കുക.
7. ISI മുദ്രയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുക
8. ഉപയോഗിക്കുന്ന രാസവസ്തുക്കൾ ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പ് വരുത്തുക.

9. സാമ്പിളുകൾ എത്രയും പെട്ടെന്ന് പരിശോധനയ്ക്ക് വിധേയമാക്കുക.
10. പാൽപാത്രങ്ങൾ ഫുഡ്ഗ്രേഡ് നിലവാരത്തിലുള്ളവയാണെന്ന് ഉറപ്പ് വരുത്തുക

C ഡെയറി പ്ലാന്റ്

1. ടാങ്കറുകൾ വൃത്തിയായി സൂക്ഷിക്കുക
2. ടാങ്കറുകൾ എത്രയും പെട്ടെന്ന് നിറയ്ക്കുകയും കാലിയാക്കുകയും ചെയ്യുക
3. സംസ്കരണ കേന്ദ്രത്തിലെ എല്ലാ യന്ത്രങ്ങളും വൃത്തിയായി കഴുകുക.
4. പാൽ എല്ലാത്തരം പരിശോധനകൾക്കും വിധേയമാക്കുക.
5. ജീവനക്കാർ തികഞ്ഞ ശുചിത്വം പാലിക്കുക.
6. ഡെയറി പ്ലാന്റ് കെട്ടിടങ്ങളിൽ എല്ലാവർഷവും വാർഷിക അറ്റകുറ്റ പണികൾ നടത്തുക.
7. സംസ്കരിച്ച പാൽ എത്രയും കുറഞ്ഞ സമയത്തിനുള്ളിൽ വിതരണക്കാർക്ക് എത്തിക്കുക.
8. ഹാസപ്പ്/ഐ. എസ്. ഒ തുടങ്ങിയ ഗുണനിലവാരം ഉറപ്പാക്കുക.

D വിതരണക്കാർ

1. പാൽ പായ്ക്കറ്റുകൾ തണുപ്പിച്ച് സൂക്ഷിക്കുക.
2. ലഭിച്ച പാൽ എത്രയും പെട്ടെന്ന് വിപണനം ചെയ്യാൻ ശ്രദ്ധിക്കുക.
3. പാൽ കാനുകളും പായ്ക്കറ്റുകളും വെയിലത്ത് വയ്ക്കാതിരിക്കാൻ ശ്രദ്ധിക്കുക.
4. പായ്ക്കറ്റുകൾ സൂക്ഷിക്കുന്ന ക്രേറ്റുകൾ വൃത്തിയായി സൂക്ഷിക്കുക.
5. പൊട്ടിയ പായ്ക്കറ്റുകൾ നല്ല പായ്ക്കറ്റുകളുമായി ചേരാതിരിക്കാൻ ശ്രദ്ധിക്കുക.

E ഉപഭോക്താക്കൾ

1. പാൽ വാങ്ങുമ്പോൾ ഉൽപ്പാദകന്റെ വിലാസം, പാലിന്റെ നിറം, പായ്ക്ക്ചെയ്ത തീയതി, അന്യ പദാർത്ഥങ്ങളുടെ സാന്നിദ്ധ്യം എന്നിവ

പരിശോധിച്ച് തൃപ്തിപ്പെട്ടതിനു ശേഷം വാങ്ങുക.

പാൽ പായ്ക്കറ്റുകളിൽ എന്തെങ്കിലും അസാധാരണമായി കണ്ടാൽ വില്പനക്കാരോട് ഇതിനെപ്പറ്റി അന്വേഷിക്കുക. ഉത്തരം തൃപ്തികരമല്ലെങ്കിൽ ഫുഡ് ഇൻസ്പെക്ടർക്ക് പരാതിനൽകുക.

ഉപഭോക്തൃസംസ്ക്കാരം വളർച്ചയിലെത്തിയ കേരളത്തിൽ ഉപഭോക്താക്കൾ തങ്ങൾക്കുകിട്ടിയ ഉൽപ്പന്നത്തിന്റെ ഗുണത്തിന് കൂടുതൽ ശ്രദ്ധകൊടുക്കുന്നു. ഉയർന്ന സാക്ഷരതാ ശതമാനവും ഇതിന് അനുകൂലമായ ഘടകമാണ്. പാൽപോലുള്ള ഒരു ഭക്ഷ്യവസ്തുവിന്റെ ഗുണനിലവാരം എത്രയും മെച്ചപ്പെടുമോ അത്രയും നന്ന്. ഉൽപ്പാദകരും സംസ്കരണ രംഗത്തുള്ളവരും ഇക്കാര്യത്തിൽ കൂടുതൽ ഊന്നൽ കൊടുക്കേണ്ടതാണ്. വൻകിട കമ്പനികൾ ക്ഷീരമേഖലയിലേക്ക് കടന്നുവരുന്ന സാഹചര്യം കൂടി കണക്കിലെടുത്ത് സഹകരണ മേഖല പാലിന്റെ ഗുണനിലവാരത്തിന് കൂടുതൽ ഊന്നൽ നൽകിയേ മതിയാകൂ.



8 പാലിൽ സൂക്ഷ്മാണുക്കളുടെ പ്രവർത്തനം

സൂക്ഷ്മാണുക്കൾ

മനുഷ്യന്റെ നഗ്ന നേത്രങ്ങൾകൊണ്ട് കാണാൻ കഴിയാത്ത വളരെ ചെറിയ ജീവികളായ ബാക്ടീരിയ, പൂപ്പൽ, യീസ്റ്റ്, പ്രോട്ടോസോവ, വൈറസ് എന്നിവയെയാണ് സൂക്ഷ്മാണുക്കൾ എന്നു പറയുന്നത്. മൈക്രോസ്കോപ്പിന്റെ സഹായത്താൽ ഇവയെ കാണാൻ സാധിക്കും.

പാലിൽ സൂക്ഷ്മാണുക്കളുടെ പ്രവർത്തനം

സൂക്ഷ്മാണുക്കൾ പ്രധാനമായും പാലിലെ പഞ്ചസാരയായ ലാക്ടോസിനെ ആഹാരമാക്കി വളരുന്നതുമൂലം പാലിൽ അമ്ലത്വം വർദ്ധിക്കുന്നു. അമ്ലത്വം അധികമുള്ള പാൽ തിളപ്പിച്ചാൽ പിരിയുന്നു. ചില അണുക്കൾ പാലിലൂടെ മനുഷ്യനിലെത്തി രോഗങ്ങൾക്ക് കാരണമാകുന്നു.

സൂക്ഷ്മാണുക്കൾ പാലിൽ എവിടെനിന്നും കടന്നുകൂടുന്നു?

1. പശുവിന്റെ ശരീരത്തിൽ നിന്നും അകിടിന്റെ ഉള്ളിൽ നിന്നും പാലിനോടൊപ്പം.
2. പശുവിന്റെ ശരീരത്തിനു പുറമേ നിന്നും കറവ സമയത്തും

3. അന്തരീക്ഷ പൊടിപടലങ്ങൾ, ചാണകം,രോമങ്ങൾ എന്നിവയിൽ നിന്നും
4. കറവക്കാരനിൽ നിന്നും
5. കറവയ്ക്കുപയോഗിക്കുന്ന പാത്രം, കഴുകാൻ ഉപയോഗിക്കുന്ന വെള്ളം എന്നിവയിൽ നിന്നും.

സൂക്ഷ്മാണുക്കളെ പൂർണ്ണമായി ഒഴിവാക്കാനാവില്ല, എന്നാൽ നിയന്ത്രിക്കാം

1. ആരോഗ്യമുള്ള പശുക്കളുടെ ശരീരത്തിൽ നിന്നും താരതമ്യേന കുറഞ്ഞ അണുക്കൾ മാത്രമേ പാലിൽ കടന്നുകൂടുകയുള്ളു.
2. കറവയ്ക്ക് മുമ്പും കറവ കഴിഞ്ഞും പശുവിന്റെ അകിട്, കറവക്കാരന്റെ കൈ, കറവപാത്രങ്ങൾ എന്നിവ അണുനാശിനി ചേർത്ത വെള്ളം ഉപയോഗിച്ച് കഴുകിയശേഷം വൃത്തിയുള്ള തുണികൊണ്ട് തുടയ്ക്കുക
3. കറവക്കാരൻ സാംക്രമിക രോഗങ്ങൾ ഇല്ലാത്ത ആളായിരിക്കുകയും ദുശ്ശീലങ്ങൾ ഒഴിവാക്കുകയും ചെയ്യുക
4. തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുക
5. ഈച്ച, കൊതുക്, മറ്റ് പരാദ ജീവികൾ എന്നിവയുടെ വളർച്ച തടയുക
6. പാൽ പാസ്ചുരീകരിച്ച് മാത്രം ഉപയോഗിക്കുക. പാസ്ചുരീകരിക്കുന്നതുമൂലം പാലിലെ രോഗാണുക്കളിൽ സിംഹഭാഗവും നശിക്കുന്നു.

കറന്നെടുക്കുന്ന പാൽ കഴിവതും തണുത്ത അന്തരീക്ഷത്തിൽ സൂക്ഷിക്കുക. അന്തരീക്ഷ ഊഷ്മാവിൽ സൂക്ഷ്മാണുക്കൾ വളരെ വേഗം പെരുകുന്നു. പാൽ പാത്രത്തോടെ തണുത്ത ജലത്തിൽ ഇറക്കി വയ്ക്കുന്നതും മൂടിയുള്ള പാൽപ്പാത്രത്തിനു പുറത്ത് തണുത്ത വെള്ളത്തിൽ മുക്കിയ വൃത്തിയുള്ള തുണികൊണ്ട് പുതയ്ക്കുന്നതും ഊഷ്മാവ് വർദ്ധിക്കുന്നത് തടയാൻ സഹായിക്കുന്നു.

പാൽ സംസ്കരണവും പാലിൽ കൂടി പകരുന്ന രോഗങ്ങളും

പാലിലടങ്ങിയിരിക്കുന്ന പോഷകഘടകങ്ങളും പാലിന്റെ ദ്രവാവസ്ഥയും അണുക്കൾക്ക് വളരാൻ ഉത്തമമായതുകൊണ്ട് അണുക്കൾ പാലിൽ വളരെ വേഗം വളരാനും പാലിനെ അതിവേഗം കേടാക്കാനും ഇടയാക്കുന്നു. ഉഷ്ണ കാലാവസ്ഥ അണുക്കൾക്ക് വളരാൻ കൂടുതൽ സഹായകരമാണ്. പാൽ

ഉൽപ്പാദിപ്പിക്കുന്നതിലും ശേഖരിക്കുന്നതിലുമുള്ള അശാസ്ത്രീയതയും അശ്രദ്ധയുമാണ് പാലിൽ അണുക്കൾ വളരാൻ ഇടയാക്കുന്നത്. പാലിന്റെ എളുപ്പം കേടുവരുന്ന സ്വഭാവം അതിനെ വേഗം സംസ്ക്കരിക്കുന്നതിന് നിർബന്ധിതമാക്കുന്നു.

പാൽ ശീതീകരണം

പാലിലെ അണുക്കൾക്ക് ഏറ്റവും കൂടുതൽ വളരാൻ പറ്റിയ സാഹചര്യം 20^0Cമുതൽ 40^0C വരെയാണ്. പാൽ ശീതീകരിക്കുന്നതിന്റെ തത്വം പാലിലെ അണുക്കളെ പെരുകുന്നതിൽ നിന്നും തടഞ്ഞുനിർത്തുക എന്നതാണ്. 10^0C നു താഴെയുള്ള താപനില, ബാക്ടീരിയ പെരുകുന്നത് തടയുന്നു. പാൽ ശീതീകരണ കേന്ദ്രങ്ങളിൽ പാൽ 5^0C വരെ തണുപ്പിക്കുന്ന രീതിയാണ് ഉള്ളത്. രാവിലെ കറന്നെടുക്കുന്ന പാൽ ഏകദേശം 5 മണിക്കൂർ വരെ മാത്രമേ കേടുകൂടാതിരിക്കുകയുള്ളൂ. അതിനാൽ കറവ കഴിഞ്ഞ് എത്രയും പെട്ടെന്ന് സംഭരണ കേന്ദ്രങ്ങളിൽ പാൽ എത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഡയറികളിൽ നിന്നും വളരെ ദൂരെ സ്ഥിതി ചെയ്യുന്ന ക്ഷീര സംഘങ്ങൾ സംഭരിക്കുന്ന പാൽ ചില്ലിംഗ് പ്ലാന്റുകളിൽ (ശീതീകരണ പ്ലാന്റുകൾ) എത്തിച്ച് ശീതീകരിക്കുക വഴി പാലിൽ സൂക്ഷ്മാണുക്കളുടെ വളർച്ച തടയാനാകും.

പാസ്ചുറീകരണം (പാസ്ചുറൈസേഷൻ)

പാൽ 72 ^0C വരെ ചൂടാക്കി അതേ ചൂടിൽ 15 സെക്കൻഡ് നേരം വെച്ചതിനുശേഷം 5^0C വരെ പെട്ടെന്ന് തണുപ്പിക്കുന്ന പ്രക്രിയയെ പാസ്ചുരീകരണം എന്നു പറയുന്നു. ചൂടാക്കുന്നതുമൂലം രോഗാണുക്കൾ ഏതാണ്ട് പൂർണമായും നശിക്കുന്നു. പാൽ തണുപ്പിക്കുന്നതിനാൽ ചൂടിൽ നശിക്കാത്ത അണുക്കളുണ്ടെങ്കിൽ അവയുടെ വളർച്ച തടയുന്നു. പാസ്ചുറൈസേഷൻ മൂലം പാലിലെ അണുക്കൾ 99% വരെ നശിക്കുന്നു.

പാലിന്റെ താപനില, അടങ്ങിയിരിക്കുന്ന പോഷകങ്ങൾ എന്നിവ അണുക്കൾ വളരാൻ അനുകൂല സാഹചര്യങ്ങളാണ്.

- പാലിന്റെ ഉൽപ്പാദനം, സംഭരണം എന്നിവയിലെ കാര്യക്ഷമത ഇല്ലായ്മ അണുക്കൾ വളരുന്നതിനും ഗുണനിലവാരം കുറയ്ക്കുന്നതിനും ഇടയാക്കുന്നു.

- പാലിലെ അണുക്കളെ പെരുകുന്നതിൽ നിന്നും തടഞ്ഞുനിർത്തുക എന്നതാണ് പാൽ ശീതീകരണത്തിന്റെ അടിസ്ഥാന തത്വം.
- പാസ്ചുറൈസ് ചെയ്ത പാൽ സാധാരണ ഊഷ്മാവിൽ സൂക്ഷിച്ചാൽ കേട് വരുന്നതിനുള്ള സാധ്യത ഏറുന്നു.
- പാസ്ചുറൈസ് ചെയ്യുന്നത് മൂലം പാലിന്റെ പോഷകഗുണങ്ങൾ കാര്യമായി നഷ്ടപ്പെടുന്നില്ല.

പാസ്ചുറൈസ് ചെയ്ത പാൽ തണുപ്പിച്ച് 4-5 ദിവസം വരെ കേടുകൂടാതെ സൂക്ഷിക്കാവുന്നതാണ്. എന്നാൽ ഇത് അന്തരീക്ഷ ഊഷ്മാവിൽ സൂക്ഷിച്ചാൽ അതിൽ ശേഷിച്ച അണുക്കൾ പെരുകി പാൽ പെട്ടെന്ന് ഉപയോഗശൂന്യമാകുന്നു. . അതിനാൽ ഡയറിയിൽ നിന്നും വിതരണം ചെയ്യപ്പെടുന്ന പാൽ പാസ്ചുറൈസ് ചെയ്തതാണങ്കിൽ ഫ്രിഡ്ജിൽ സൂക്ഷിക്കുകയും എത്രയും വേഗം ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. പാസ്ചുറൈസ് ചെയ്യുന്നതുമൂലം പാലിന്റെ പോഷകഗുണങ്ങൾ കാര്യമായി നഷ്ടപ്പെടുന്നില്ല.

പാലിൽ കൂടി പകരുന്ന രോഗങ്ങൾ

പാലിൽ അടങ്ങിയിരിക്കുന്ന വർദ്ധിച്ച പോഷകഘടകങ്ങൾ, അണുക്കൾ വളരെവേഗം വളരാൻ സഹായിക്കുന്നു. പലപ്പോഴും പാലിൽ രോഗകാരികളായ അണുക്കൾ കലർന്ന് പെരുകാൻ സാധ്യതയുണ്ട്. അത്തരം അണുക്കൾ കലർന്ന പാൽ കഴിക്കുന്നതുമൂലം വിവിധ പകർച്ചവ്യാധികളും പകരാൻ ഇടയാകുന്നു. പാലിൽ കൂടി മനുഷ്യർക്ക് പകരാവുന്ന രോഗങ്ങൾ ചുവടെ ചേർക്കുന്നു.

1. പശുവിൽ നിന്ന് പാലിലേക്കും പിന്നീട് മനുഷ്യരിലേക്കും പകരുന്ന രോഗങ്ങൾ:

പശുവിന്റെ ക്ഷീരഗ്രന്ഥികളിൽനിന്നോ ചാണകത്തിൽ നിന്നോ അണുക്കൾ പാലിലേയ്ക്ക് കലരുന്നു. അത്തരം പാൽ ചൂടാക്കാതെ കഴിക്കുന്ന മനുഷ്യരിലേക്ക് പിന്നീട് ഇത്തരം രോഗങ്ങൾ പകരാൻ ഇടയാകുന്നു.

ഉദാ:- ബോവൈൻ ടി.ബി, അൺഡുലന്റ് ഫീവർ(മാർട്ടാ ഫീവർ) .

2. മനുഷ്യരിൽനിന്നും പശുവിലേയ്ക്കും പിന്നീട് പാലിലേയ്ക്കും പകരുന്ന രോഗങ്ങൾ:

ചില അസുഖങ്ങൾ ബാധിച്ച മനുഷ്യർ പശുക്കളുമായി ഇടപഴകുമ്പോൾ അണുക്കൾ പശുവിലേയ്ക്കും പിന്നീട് പാലിലേയ്ക്കും കലരാൻ ഇടയാകുന്നു.

ഉദാ:- ടി.ബി, ഡിഫ്തീരിയ, സ്ക്കാർലെറ്റ് ഫീവർ, സെപ്റ്റിക്ക് സോർത്രോട്ട്.

3. മനുഷ്യരിൽ നിന്ന് നേരിട്ട് പാലിലേയ്ക്ക് കലരുന്ന രോഗങ്ങൾ

ഡിഫ്തീരിയ, സ്ക്കാർലെറ്റ് ഫീവർ, സെപ്റ്റിക്ക് സോർത്രോട്ട്, ടൈഫോയിട് ഫീവർ, വയറിളക്കം, ഗ്യാസ്ട്രോ എന്ററൈറ്റിസ് തുടങ്ങിയ രോഗങ്ങൾ ബാധിച്ച മനുഷ്യരുടെ ഇടപഴകൽ മൂലം നേരിട്ട് പാലിലേക്ക് രോഗാണുക്കൾ പകരുന്നു.

4. മനുഷ്യരിൽ നിന്നും നേരിട്ടല്ലാതെ പാലിലേക്ക് പകരുന്ന രോഗങ്ങൾ

മനുഷ്യരുടെ ചില രോഗങ്ങൾ പാത്രങ്ങൾ, ജലം, പൊടി, ഷഡ്പദങ്ങൾ എന്നിവ വഴി പാലിൽ കലരുന്നു. ഉദാ: ടൈഫോയിഡ്, പാരാ ടൈഫോയിഡ് ഫീവർ , വയറിളക്കം മുതലായവ.

പാലിൽ ഓരോ മുപ്പത് മിനിട്ടിലും ക്ഷേത്രഗണിത രൂപത്തിൽ സൂക്ഷ്മാണുക്കൾ പെരുകുന്നു. പാലിൽ സൂക്ഷ്മാണുക്കൾ പെരുകുന്നത് സംബന്ധിച്ച ചാർട്ട് ചുവടെ ചേർക്കുന്നു.

സമയം	സാമ്പിൾ-1	സാമ്പിൾ-2
6.00 A.M	500	1000
6.30 A.M	1000	2000
7.00 A.M	2000	4000
8.00 A.M	8000	16000
9.00 A.M	32000	64000
10.00 A.M	128000	256000

പാലിന്റെ ഗുണ നിലവാരം പൊതുജനാരോഗ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ആബാലവൃദ്ധം ജനങ്ങളും ഉപയോഗിക്കുന്ന പാൽ ഏറ്റവും പരിശുദ്ധിയോടെയും സൂക്ഷ്മതയോടെയും സൂക്ഷിക്കേണ്ടത് പൗര ധർമ്മമാണ്. അതുകൊണ്ട് പാലുൽപ്പാദകർ മുതൽ വിതരണക്കാർ വരെ ഉൾപ്പെടുന്ന ശൃംഖല ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറായിക്കൂടാ.



9 ക്ഷീരകർഷക ക്ഷേമനിധി

കേരള സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും വേണ്ടി ഇന്ത്യയിൽ ആദ്യമായി മറ്റ് സംസ്ഥാനങ്ങൾക്ക് അനുകരണീയമാംവിധം കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ് 24-08 -2005 ന് നിലവിൽ വന്നു. ക്ഷീരസഹകരണ മേഖലയിൽ അടിസ്ഥാന ഘടകമായി പ്രവർത്തിക്കുന്ന 8 ലക്ഷം ക്ഷീരകർഷകരുടെ സമൂഹിക-സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, പാലുൽപ്പാദനരംഗത്ത് പുത്തൻ ഉണർവ്വു നൽകി സ്വയംപര്യാപ്തത നേടുക, സഹകരണ മേഖലയെ ശക്തിപ്പെടുത്തുക, കൂടുതൽ യുവജനങ്ങളെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ക്ഷീരകർഷക ക്ഷേമനിധിക്ക് തുടക്കം കുറിച്ചത്. തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ക്ഷേമനിധിക്ക് 15 അംഗ ഭരണസമിതിയെയും ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ക്ഷീരവികസന വകുപ്പിലെ ഒരു ജോയിന്റ് ഡയറക്ടറേയും നിയോഗിച്ചിട്ടുണ്ട്.

1. ക്ഷേമനിധിയിലെ അംഗത്വം

കേരളത്തിൽ താമസിച്ച് ക്ഷീരോൽപ്പാദനം നടത്തുകയും തന്റെ വാസസ്ഥലം ഉൾപ്പെടുന്ന പ്രവർത്തന പരിധിയിലെ ക്ഷീരസംഘത്തിലോ ക്ഷീര

സംഘത്തിന്റെ പ്രവർത്തനപരിധി ഇല്ലാത്ത സ്ഥലങ്ങളിൽ തൊട്ടടുത്ത ക്ഷീര സംഘത്തിലോ ഒരു വർഷത്തിൽ 500 ലിറ്റർ പാലളക്കുകയും ചെയ്യുന്ന പ്രായപൂർത്തിയായ ഏതൊരാൾക്കും ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗ ത്വമെടുക്കാവുന്നതാണ്. നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷ അടുത്ത കാലത്ത് എടുത്ത രണ്ട് പാസ്പോർട്ട്സൈസ് ഫോട്ടോ സഹിതം നൂറുരൂപ പ്രവേശനഫീസ് എന്നിവ ബന്ധപ്പെട്ട ക്ഷീരസംഘത്തിൽ സമർപ്പിക്കേണ്ടതാണ്. ഇതുവരെ 1.61 ലക്ഷം പേർ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്.

2. ക്ഷേമനിധി ആനുകൂല്യങ്ങൾ

എ. പെൻഷൻ/കുടുംബപെൻഷൻ

ക്ഷേമനിധിയിൽ അംഗത്വമെടുത്തശേഷം കുറഞ്ഞത് 5 വർഷമെങ്കിലും ക്ഷീരസംഘത്തിൽ 500 ലിറ്റർ പാൽ പ്രതിവർഷം അളക്കുകയും 60 വയസ് പൂർത്തിയാക്കുകയും ചെയ്യുന്ന ക്ഷീരകർഷകർക്ക് പ്രതിമാസം 250 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതാണ്. പെൻഷൻ ലഭിക്കുന്നയാൾ മരണപ്പെടുകയാണെങ്കിൽ അദ്ദേഹത്തിന്റെ നോമിനിക്ക് കുടുംബപെൻഷന് അർഹതയുണ്ട്. ക്ഷീരകർഷകന്റെ ഭാര്യ/ഭർത്താവ്, അവരുടെ പ്രായപൂർത്തിയാകത്തതോ-ശാരീരിക വൈകല്യമുള്ളതോ ആയ മക്കൾ, അവിവാഹിതരായ പെൺമക്കൾ, കർഷകനെ ആശ്രയിച്ച് കഴിയുന്ന അച്ഛൻ/അമ്മ എന്നിവരിൽ ആരാണോ നോമിനി, അവർക്ക് പ്രതിമാസം 125 രൂപ നിരക്കിൽ കുടുംബപെൻഷൻ ലഭിക്കുന്നതാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ കോർ ബാങ്കിംഗ് സമ്പ്രദായത്തിലൂടെ ഓരോ മാസവും കൃത്യമായി പെൻഷൻ നൽകിവരുന്നു.

ബി. ക്ഷീരദീപം പദ്ധതി

പെൻഷൻ ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും ക്ഷീരദീപം പദ്ധതിയിലൂടെയാണ് വിതരണം ചെയ്യുന്നത്. ഈ പദ്ധതിയിൽ താഴെപറയുന്ന വയ്ക്ക് ആനുകൂല്യങ്ങൾ നൽകിവരുന്നു.

- ജില്ലാതലത്തിൽ മികച്ച ക്ഷീരകർഷകർക്കുള്ള ക്യാഷ് അവാർഡും പ്രശസ്തി പത്രവും.
- ക്ഷീര കർഷക ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം.
- ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യ ഇൻഷൂറൻസ് പരിരക്ഷ
- പത്താംക്ലാസ്, പ്ലസ്ടു, ബിരുദം, പ്രൊഫഷണൽ ബിരുദം/ബിരുദാനന്തര ബിരുദം എന്നിവ മികച്ച നിലയിൽ പാസ്സായ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ പ്രോത്സാഹനസഹായം.
- ക്ഷേമനിധി അംഗങ്ങൾ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങുകൾക്കായി അടിയന്തിര സഹായം.
- ക്ഷേമനിധി അംഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.

സി. ക്ഷേമനിധിയുടെ സാമ്പത്തിക സമാഹരണം

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന എല്ലാ കർഷകരിൽ നിന്നും പ്രതിമാസം 20 രൂപ നിരക്കിൽ അംശാദായം സ്വരൂപിക്കുന്നു. വിപണനം നടത്തുന്ന പാലിന് ആനുപാതികമായി ക്ഷീരസംഘങ്ങൾ, മേഖലാ യൂണിയനുകൾ എന്നിവയിൽ നിന്നും അംശാദായം ഈടാക്കുന്നു. ഇതിനുപുറമേ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ വകയിരുത്തുന്ന തുകയും ക്ഷീരകർഷക ക്ഷേമനിധിയിലേക്ക് ലഭ്യമാകുന്നുണ്ട്. മറ്റ് ക്ഷേമനിധികൾ സർക്കാർ ധനസഹായത്തോടെ മാത്രം പ്രവർത്തിക്കുമ്പോൾ സർക്കാർ സഹായത്തോടെ ക്ഷീരകർഷകരിൽ നിന്നും സഹകരണ ക്ഷീരസംഘങ്ങളിൽ നിന്നും മേഖലാ യൂണിയനുകളിൽ നിന്നുമുള്ള വിഹിതം സമാഹരിച്ചുകൊണ്ടാണ് കേരള ക്ഷീരകർഷക ക്ഷേമനിധി കർഷകരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്.

ക്ഷീര വികസന വകുപ്പിന്റെ നേതൃത്വത്തിലാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ നിർവഹിക്കുന്നത്. ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് ജില്ലാതല നോഡൽ ഓഫീസർമാരായ ഗുണനിയന്ത്രണ ഓഫീസർമാരാണ്. ക്ഷീരസഹകരണ സംഘങ്ങൾക്ക് പദ്ധതികളുടെ നടത്തിപ്പിലും അംഗത്വം ചേർക്കുന്നതിലും നിർണ്ണായകമായ പങ്കാണുള്ളത്. ക്ഷീരോൽപ്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകളടക്കമുള്ള ലക്ഷോപലക്ഷം സാധാരണക്കാരുടെ ജീവിത സായാഹ്നത്തിൽ ക്ഷീരകർഷക ക്ഷേമനിധി ഏറെ ആശ്വാസകരമാണ്.



10 ക്ഷീരസംഘങ്ങളും ചെറുകിട വ്യവസായ സംരംഭങ്ങളും

പാലുൽപ്പാദനം അഭിലഷണീയമാംവിധം വർദ്ധിക്കാതിരിക്കുകയും പാലിന്റെ ആവശ്യകത വർദ്ധിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിലൂടെയാണ് ക്ഷീരമേഖല കടന്നുപോകുന്നത്. ഉൽപ്പാദന ചെലവിന് ആനുപാതികമായി പാലിന് വില ലഭിക്കാത്തതാണ് പാലുൽപ്പാദന വർദ്ധനവിന് പ്രധാന തടസ്സമായി നിൽക്കുന്നത്. ഇതു പരിഹരിക്കാൻ പാലിന്റെ ഗുണനിലവാരക്കുറവ്, ഗുരുത്വാഹാരങ്ങളുടെ വിലവർദ്ധന, പാൽ വാങ്ങൽ-വിൽപന വിലയിലെ വർദ്ധിച്ച അന്തരം, വർദ്ധിച്ചുവരുന്ന കാലിരോഗങ്ങൾ തുടങ്ങിയ കാരണങ്ങളും ക്ഷീരമേഖലയുടെ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നു. കുറഞ്ഞ വിലയ്ക്ക് തീറ്റവിതരണം, കാലിത്തീറ്റ വിതരണം, തീറ്റപ്പുൽകൃഷി വ്യാപനം, പാരമ്പര്യേതര തീറ്റവസ്തുക്കളുടെ ഉപയോഗം, പാൽ വാങ്ങൽ- വിൽപന, വിലയിലെ അന്തരം കുറയ്ക്കൽ, ജഴ്സി ഇനങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള പ്രജനന നയം തുടങ്ങിയ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാവുന്നതാണ്.

ഗുണമേൻമ ഉറപ്പുവരുത്തിയ നറും പാൽ ഗ്രാമതലത്തിൽ ഉൽപ്പാദിപ്പിച്ച് ഉപഭോക്താവിന് നേരിട്ട് നൽകുകയാണെങ്കിൽ ഉയർന്ന വില ലഭിക്കും. കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ തൊടുപുഴയിൽ ആരംഭിച്ച നേചർ ഫ്രഷ് മിൽക്ക് പ്രോജക്ട് ക്ഷീരസംഘങ്ങൾക്കും മറ്റ് സംരംഭകർക്കും മാതൃകയാക്കാവുന്നതാണ്. ചെറുകിട വ്യവസായ സംരംഭങ്ങളിലൂടെ ക്ഷീരോൽപ്പാദകർക്ക് മെച്ചപ്പെട്ട വില ലഭിക്കുകയാണെങ്കിൽ ക്ഷീരോൽപ്പാദകർ താൽപര്യപൂർവ്വം ഈ മേഖലയിലേക്ക് കടന്നുവരും. വലിയ മുതൽമുടക്കില്ലാതെതന്നെ ഈ മേഖലയിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കാമെന്നതും വള

രെയധികം വിപണന സാധ്യത ഉണ്ടെന്നുള്ളതും ചെറുകിട പാൽ വ്യവസായ സംരംഭങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നു.

ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വയംതൊഴിൽ സംരംഭകർക്കും ഏറ്റെടുക്കാവുന്ന ചെറുകിട വ്യാവസായിക സംരംഭങ്ങളെ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവർത്തനം	പ്രോജക്ട് ചെലവ് (രൂ.ലക്ഷം)
1.	ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്	4.00
2.	തൈര്, സംഭാരം,നെയ്യ് നിർമ്മാണ യൂണിറ്റ് (Fermented milk products)	9.50
3.	സ്റ്ററിലൈസ്ഡ് ഫ്ളേവേഡ് മിൽക്ക്നിർമ്മാണ യൂണിറ്റ് (Flavoured Milk)	5.00
4.	ഛന്ന-രസഗുള-വേ ഡ്രിംഗ്സ് നിർമ്മാണയൂണിറ്റ് (Coagulated Milk Products)	8.75
5.	പേഡ- ഗുലാബ് ജമൂൻ നിർമ്മാണയൂണിറ്റ് (Heat Desicated Milk Products)	9.00
6.	നാടൻ ഐസ്ക്രീം-ഹൽവ്വ-മിൽക്ക് ചോക്ലേറ്റ് യൂണിറ്റ് (Kulfi, Milk Halwa, Milk Choclate Unit)	10.00
7.	യോഗർട്ട് നിർമ്മാണ യൂണിറ്റ് (Yoghurt Manufacturing Unit)	7.00
8.	കാളൻ-പാൽപായസം-സിപ്പ്അപ്പ് നിർമ്മാണ യൂണിറ്റ്	4.00

കുറിപ്പ്: സ്ഥലം വാങ്ങൽ, കെട്ടിടനിർമ്മാണം, വൈദ്യുതീകരണം, ജല വിതരണം തുടങ്ങിയ കാര്യങ്ങൾ പ്രോജക്ട് ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുമ്പോൾ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ, കെട്ടിട നിർമ്മാണം/ലഭ്യത, വൈദ്യുതി/ജലഭ്യത, മാലിന്യസംസ്ക്കരണം, അസംസ്കൃത സാധനങ്ങളുടെ ലഭ്യത, യന്ത്രസാമഗ്രികളുടെ ശേഷിയും നിലവാരവും, രജിസ്ട്രേഷനുകൾ, ലൈസൻസുകൾ എന്നിവയുടെ സംഭരണം, വിപണനം തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.



11 ക്ഷീര മേഖലയും ഇൻഷുറൻസ് പദ്ധതികളും

എന്താണ് ഇൻഷുറൻസ്?

മനുഷ്യൻ കഠിനാദ്ധ്വാനത്തിലൂടെ തന്റെ ജീവസന്ധാരണത്തിനായി നേടിയെടുത്തിട്ടുള്ള ആസ്തികൾ അപ്രതീക്ഷിത കാരണങ്ങളാൽ നശിച്ചു പോകുന്ന സാഹചര്യത്തിൽ അവനുണ്ടായ നഷ്ടം നികത്താനും ആസ്തികൾ വീണ്ടും നേടിയെടുക്കാനും സഹായിക്കുന്ന സംവിധാനമാണ് ഇൻഷുറൻസ്.

കന്നുകാലി ഇൻഷുറൻസ് - ക്ഷീര കർഷകന്റെ ആശ്വാസം

ഒരു ക്ഷീര കർഷകനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ആസ്തിയും ആശ്രയവും കറവമാടുകളാണ്. നമുക്ക് നിയന്ത്രിക്കാൻ കഴിയാത്ത രോഗങ്ങൾ , അപകടങ്ങൾ, പ്രവചിക്കാനാകാത്ത പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവ മൂലം കറവമാടുകൾ നശിക്കുകയോ അവയുടെ ഉൽപ്പാദന ശേഷി നഷ്ടപ്പെടുകയോ ചെയ്യുന്ന സന്ദർഭത്തിൽ കർഷകന് ഉണ്ടാകുന്ന അപ്രതീക്ഷിത നഷ്ടം ഒരു പരിധിവരെ നികത്തുന്നതിന് വിവിധ കന്നുകാലി ഇൻഷുറൻസുകൾ സഹായിക്കുന്നു.

ഇൻഷുർ ചെയ്യുന്ന സ്ഥാപനങ്ങൾ

ജനറൽ ഇൻഷുറൻസ് കോർപ്പറേഷന്റെ ശാഖാ കമ്പനികൾ വഴി

കന്നുകാലി ഇൻഷുറൻസും കൂടാതെ മറ്റു വിവിധ ആസ്തികളുടെ ഇൻഷുറൻസുകളും നടപ്പാക്കി വരുന്നു. യുണൈറ്റഡ് ഇന്ത്യ, ന്യൂ ഇന്ത്യാ, ഓറിയന്റൽ, നാഷണൽ എന്നീ ഇൻഷുറൻസ് കമ്പനികളാണ് ഇവ നടപ്പാക്കുന്നത്.

വിവിധ ഇനം കന്നുകാലി ഇൻഷുറൻസുകൾ

ജനറൽ ഇൻഷുറൻസ് കോർപ്പറേഷന്റെ (GIC) ഗ്രാമീണ പോളിസികളുടെ (Rural Policies) ഭാഗമായാണ് കന്നുകാലി ഇൻഷുറൻസ് (Cattle Insurnce) നടത്തി വരുന്നത്. ഇത്തരം ഇൻഷുറൻസുകൾക്ക് GIC ചില പൊതുവായ നിബന്ധനകൾ (Market Agreements) ചിട്ടപ്പെടുത്തിയിട്ടുണ്ട്.

1. സ്റ്റാൻഡേർഡ് ഫോമുകൾ (പോളിസിയിൽ ചേരുന്നതിനുള്ള പ്രൊപ്പോസൽ, പോളിസി, നഷ്ടം സംഭവിച്ചാൽ തുക ലഭിക്കുന്നതിനുള്ള ക്ലെയിം മുതലായവ).
2. ഇൻഷുർ ചെയ്യാവുന്ന ഉരുക്കളുടെ പ്രായപരിധികൾ, ഇൻഷുർ തുകയുടെ മൂല്യം, അവയ്ക്കുള്ള പ്രീമിയം നിരക്ക് മുതലായവ.
3. നഷ്ടപരിഹാരത്തുക ലഭിക്കുന്നതിനുള്ള (ക്ലെയിം) നടപടികൾ (Claim Procedure)

ഇത്തരം മാർക്കറ്റ് നിബന്ധനകൾ ഇല്ലാത്ത സാഹചര്യത്തിൽ അതാതു കമ്പനികൾ അവരുടേതായ നിബന്ധനകളും നിരക്കുകളും നിശ്ചയിച്ചിട്ടുണ്ട്. ഇവയിൽ നേരിയ വ്യത്യാസങ്ങൾ ഉണ്ടായേക്കാം. എന്നാൽ ഇവയുടെ ഇൻഷുറൻസ് പരിരക്ഷയുടെ വ്യാപ്തി (Insurance Cover) സാമാന്യേന ഏകീകൃത സ്വഭാവമുള്ളതാണ്.

അതുപോലെ തന്നെ, കേന്ദ്ര- സംസ്ഥാന സർക്കാരുകൾ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ഇൻഷുറൻസും പദ്ധതി പ്രകാരമല്ലാത്ത, സ്വമേധയാ ഉള്ള ഇൻഷുറൻസും തമ്മിലും ചില വ്യത്യാസങ്ങളുണ്ട്.

കന്നുകാലി ഇൻഷുറൻസിലെ പൊതുവായതും, അടിസ്ഥാനപരവുമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഇനം	സ്വമേധയാ ഇൻഷുറൻസ് (Non scheme)	പദ്ധതി പ്രകാരമുള്ള ഇൻഷുറൻസ്
A **ഉരുവിന്റെ ഇനവും** a) കറവപ്പശു	2 വയസ്സ് അഥവാ ആദ്യ പ്രസവ സമയത്തെ വയസ്സ് മുതൽ 10 വയസ്സ് വരെ	2 മുതൽ 10വയസ്സുവരെ
b) കറവയുള്ള എരുമ	3 വയസ്സ്/ആദ്യ പ്രസവ സമയത്തെ വയസ്സ് മുതൽ 12 വയസ്സ് വരെ	3 മുതൽ 12 വയസ്സ് വരെ
c) മൂരിക്കുട്ടി (Male Calf)	4 മാസം മുതൽ 2 വർഷം വരെ	4 മാസം മുതൽ 2 വർഷം വരെ
d)പശുക്കുട്ടികൾ/ കിടാരികൾ	4 മാസം മുതൽ 32 മാസം വരെ	4 മാസം മുതൽ 32 മാസം വരെ
e) വിത്തുകാള	3 മുതൽ 8 വയസ്സ് വരെ	3 മുതൽ 8 വയസ്സ് വരെ
f) കാർഷിക വൃത്തികൾക്കു വരിയുടയ്ക്കപ്പെട്ട കാളകൾ/ പോത്ത്	2 മുതൽ 12 വയസ്സ് വരെ	2 മുതൽ 12 വയസ്സ് വരെ
B ഇൻഷുർ ചെയ്യാവുന്ന ഉരുവിന്റെ വില	നിശ്ചിത യോഗ്യതകളുള്ള മൃഗ ഡോക്ടറുടെ (Vet-surgen) ശുപാർശ പ്രകാരം ഇൻഷുർ ചെയ്യുന്ന സമയത്ത് നിലവിലുള്ള ആ ഉരുവിന്റെ കമ്പോള വില	പദ്ധതി അനുശാസിക്കുന്ന പർച്ചേസ് കമ്മറ്റി നിശ്ചയിക്കുന്ന വില
C ഇൻഷുറൻസ് പരിരക്ഷ എന്തിനെല്ലാം?	i) താഴെ പറയുന്ന കാരണങ്ങളാൽ ഉരുവിന് മരണം സംഭവിച്ചാൽ a) അപകടം (അഗ്നിബാധ, ഇടിമിന്നൽ, വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, ഭൂകമ്പം, ചുഴലിക്കാറ്റ്, റ്റൊർണാഡോ, ഭക്ഷ്യക്ഷാമം തുടങ്ങിയവ അടക്കം b) ഇൻഷുറൻസ്, കാലയളവിൽ ഉരുവിനു പിടിപെടുന്ന മാരക രോഗങ്ങൾ c) അനിവാര്യമായ ശസ്ത്രക്രിയ ii) സ്ഥിരമായ പൂർണ്ണവൈകല്യം (Premanent Total Disability PTD) അതായത്	മുൻ കോളത്തിലേതു പോലെ

ഇനം	സ്വമേധയാ ഇൻഷുറൻസ് (Non scheme)	പദ്ധതി പ്രകാരമുള്ള ഇൻഷുറൻസ്
	a) ഒരു കറവമാടിന് ഗർഭ ധാരണത്തിനോ, പാലുൽപ്പാദനത്തിനോ ഉള്ള ശേഷി സ്ഥിരമായി നഷ്ടപ്പെടുക. b) വിത്തുകാളയ്ക്ക് സന്താനോൽപ്പാദന ശേഷി പൂർണ്ണമായും നഷ്ടപ്പെടുക. c) മറ്റുള്ള ഉരുക്കളുടെ കാര്യത്തിൽ എന്ത് ഉദ്ദേശ്യങ്ങൾ സൂചിപ്പിച്ചാണോ ഇൻഷുർ ചെയ്തിരിക്കുന്നത് ആ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിന് ഉരുവിനുള്ള ശേഷി പൂർണ്ണമായും നഷ്ടപ്പെടുക. കുറിപ്പ് :- PTD പരിരക്ഷയ്ക്ക് കൂടുതൽ പ്രീമിയം അടയ്ക്കേണ്ടതുണ്ട്. താഴെ കാണുന്ന 'D' കാണുക.	മുൻ കോളത്തിലേതു പോലെ
D അടയ്ക്കേണ്ട പ്രീമിയം a) ഇന്ത്യൻ സങ്കര ഇനം ഒരു വർഷത്തേക്ക് b) പൂർണ്ണമായും വിദേശ ഇനം 3 വർഷത്തേക്ക്	PTD ഇല്ലാതെ 4% PTD സഹിതം 5% 2% അധികം PTD ഇല്ലാതെ 10.20% PTD സഹിതം 12.75%	PTD ഇല്ലാതെ 2.25 PTD സഹിതം 3.1% 1.7 % അധികം PTD ഇല്ലാതെ 5.8% PTD സഹിതം 6.6%

ഇനം	സ്വമേധയാ ഉള്ള ഇൻഷുറൻസ് (Non scheme)		പദ്ധതി പ്രകാരമുള്ള ഇൻഷുറൻസ്
Note :- 1. ഒരു ഉടമസ്ഥന്റേയോ ഒരു പാർട്ണർഷിപ്പിലോ താഴെ പറയുന്ന എണ്ണം ഉരുക്കളെ ഒരുമിച്ച് ഇൻഷുർ ചെയ്യുകയാണെങ്കിൽ വാർഷിക പ്രീമിയത്തിൽ ഡിസ്ക്കൗണ്ട് ലഭിക്കുന്ന നിരക്ക്	ഗ്രൂപ്പിലെ ഉരുക്കളുടെ എണ്ണം	പ്രീമിയം ഡിസ്കൗണ്ടിന്റെ നിരക്ക്	ബാധകമല്ല
	5-10 11-15 16-25 26-50 51-100 101-500 501 ഓ കൂടുതലോ	2.5% 5.0% 7.5% 10.0% 12.5% 15% 20%	
2. ഏജന്റ് കമ്മീഷൻ ഇല്ലെങ്കിൽ പകരം നൽകുന്ന പ്രീമിയം ഡിസ്കൗണ്ട്	15%		ഇല്ല
E ഇൻഷുർ ചെയ്യുന്ന സമയത്ത് ഹാജരാക്കേണ്ട രേഖകൾ/ സാധനങ്ങൾ	i) പ്രൊപ്പോസൽ ഫോം (B യിൽ സൂചിപ്പിച്ച് പ്രകാരമുള്ള വില സഹിതം) ii) നിശ്ചിത യോഗ്യതകളുള്ള ഒരു മൃഗ ഡോക്ടറുടെ (Vet surgeon) വാക്സിനേഷൻ ആരോഗ്യ സർട്ടിഫിക്കറ്റ് (Vaccination cum health certificate of the animal)		i - iv മുൻ കോളത്തിലേതു പോലെ

F ഇൻഷുർ ചെയ്ത ഉരുവിന്റെ ഉടമസ്ഥന് ലഭിക്കുന്ന രേഖകൾ	iii) നിശ്ചിത പ്രീമിയം തുക കുറിപ്പ് :- പ്രൊപ്പോസൽ ഫോമിൽ ഉരുവിന്റെ കാതിൽ ഇട്ടിട്ടുള്ള കമ്മലിലെ തിരിച്ചറിയൽ നമ്പർ, സ്പീഷിസ്, ഇനം, ആൺ/പെൺ, നിറം, തിരിച്ചറിയൽ അടയാളങ്ങൾ, പ്രായം, ഉയരം, ഉരുവിനെ വളർത്തുന്നതിന്റെ ഉദ്ദേശ്യം തുടങ്ങിയവ രേഖപ്പെടുത്തിയിരിക്കണം. v) ഉയർന്ന മൂല്യമുള്ള ഉരുവാണെങ്കിൽ അതിന്റെ ഫോട്ടോ. i) പ്രീമിയം തുക അടച്ചതിന്റെ രശീതി ii) പോളിസി സർട്ടിഫിക്കറ്റ് (പോളിസി ഫോം. AC 167 B)	പ്രസ്തുത പദ്ധതി നടപ്പാക്കുന്ന വകുപ്പിന്റെ/ ഓഫീസിന്റെ തലവനിൽ നിന്നും ഉരുവിന്റെ വിലയും ഉടമസ്ഥന്റെ ഈ പദ്ധതിയിലെ ഗുണഭോക്തൃത്വവും സാക്ഷ്യപ്പെടുത്തുന്ന കത്ത്. i) പ്രീമിയം തുക അടച്ചതിന്റെ രശീതി ii) പോളിസി സർട്ടിഫിക്കറ്റ് ചില സന്ദർഭങ്ങളിൽ ഇത് E (V) ൽ പറയുന്ന ഓഫീസ് തലവന്റെ പേരിലായിരിക്കും. (പോളിസി ഫോം. AC 167 B)
G) നഷ്ടോത്തരവാദം (Indemnity) **a) ഉരുവിന്റെ മരണം**	രോഗം മൂലം മരിക്കുന്നെങ്കിൽ രോഗം പിടിപെടുന്നതിനു മുമ്പുള്ള ഉരുവിന്റെ കമ്പോള വില/ഇൻഷുർ ചെയ്ത വില- ഏതാണോ കുറവ് അത്. മറ്റു മരണങ്ങളിൽ മരണത്തിനു മുമ്പുള്ള ഉരുവിന്റെ കമ്പോള വില/ഇൻഷുർ തുക ഇവയിൽ കുറഞ്ഞ തുക	ഇൻഷുർ ചെയ്ത തുക മുഴുവൻ
b) PTD	ഉരുവിന്റെ കമ്പോള വില/ഇൻഷുർ ചെയ്ത തുക ഇവയിൽ കുറഞ് തുകയുടെ 75%	ഇൻഷുർ ചെയ്ത തുകയുടെ 75%

H) നഷ്ടം സംഭവിച്ചാൽ തുക ലഭിക്കുന്നതിനുള്ള നടപടികൾ (Claim procedure)	i) അവകാശ വാദത്തിന് ആധാരമായ സംഭവം നടന്ന ഉടൻ ബന്ധപ്പെട്ട ഇൻഷുറൻസ് കമ്പനിയെ വിവരം ധരിപ്പിക്കുക. ii) 14 ദിവസത്തിനുള്ളിൽ താഴെ പറയുന്ന രേഖകൾ സമർപ്പിക്കുക. a) ക്ലെയിമിനുള്ള അപേക്ഷ പൂരിപ്പിച്ചത് (Claim form) നിശ്ചിത മാതൃകയിൽ b) മൃഗഡോക്ടറിൽ നിന്നുമുള്ള മരണ സർട്ടിഫിക്കറ്റ് (കമ്പനി നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ)	i) അവകാശ വാദത്തിന് ആധാരമായ സംഭവം നടന്ന് 7 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഇൻഷുറൻസ് കമ്പനിയെയോ, വായ്പയുണ്ടെങ്കിൽ ബാങ്കിനേയോ അറിയിക്കേണ്ടതാണ്. കൂടാതെ ii) 30 ദിവസത്തിനുള്ളിൽ താഴെ പറയുന്ന രേഖകൾ ഇൻഷുറൻസ് കമ്പനിയ്ക്ക് സമർപ്പിക്കേണ്ടതാണ്. a) നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ചത് (Claim form)
	c) ഉരു മരിച്ചുവെങ്കിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് (കമ്പനി ആവശ്യപ്പെടുന്ന പക്ഷം) d) ഉരുവിന്റെ കാതിലെ കമ്മൽ (Ear tag) e) ഉരുവിന്റെ പ്രായവും മറ്റും പരിഗണിച്ചുകൊണ്ടുള്ള അന്നത്തെ കമ്പോള വില തിട്ടപ്പെടുത്തിക്കൊണ്ടുള്ള സാക്ഷ്യപത്രം.	b) നിശ്ചിത യോഗ്യതയുള്ള ഒരു മൃഗ ഡോക്ടറുടെ കയ്യിൽ നിന്നും മരണ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ വില്ലേജ് ഓഫീസർ, വായ്പ അനുവദിച്ച ബാങ്ക് പ്രസിഡണ്ട്/മാനേജർ , ബന്ധപ്പെട്ട ക്ഷീര സംഘം പ്രസിഡണ്ട് എന്നിവരിൽ 2 പേർ സംയുക്തമായി നൽകുന്ന ഉരുവിന്റെ മരണ സർട്ടിഫിക്കറ്റ്. c) ഉരു മരിച്ചിട്ടുണ്ടെങ്കിൽ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് (നടത്തിയിട്ടുണ്ടെങ്കിൽ) d) ഉരുവിന്റെ കാതിലെ കമ്മൽ (Ear tag)

NB:-

1 ഒരു ഉരുവിന്റെ ഇൻഷുർ കാലാവധി തീരുന്നതിനു മുൻപു തന്നെ ഇൻഷുറൻസ് പുതുക്കുന്ന പക്ഷം വീണ്ടും മൃഗഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യമില്ല.

2. അവകാശ വാദം ഉന്നയിക്കുന്ന സമയം ഉരുവിന്റെ തിരിച്ചറിയിൽ കമ്മൽ വളരെ പ്രധാനപ്പെട്ടതാണ്. No tag, No Claim (കമ്മലില്ല, കാശില്ല) എന്നതാണ് കമ്പനികളുടെ (അംഗീകൃത) നയം

3. പദ്ധതി പ്രകാരമല്ലാത്ത ഇൻഷുറൻസുകളിൽ ഇൻഷുറൻസ് തീയതി മുതൽ 15 ദിവസം കാത്തിരിപ്പു സമയമാണ് (Waiting period)

4. ഇൻഷുറൻസ് കാലാവധി അവസാനിക്കുന്ന സമയം ആ ഉരു നിശ്ചിത പ്രായപരിധിയിൽപ്പെടുന്നതായിരിക്കണം.

5. താഴെ പറയുന്ന സന്ദർഭങ്ങളിലും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതല്ല.

a) മനഃപ്പൂർവ്വം ഉരുവിനെ ഏൽപ്പിക്കുന്ന പരിക്ക്, മുറിവ്, ആഘാതം, അവഗണന, അമിത ഭാരം, അശാസ്ത്രീയമായ പരിപാലനം, പോളിസിയിൽ സൂചിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായ ആവശ്യങ്ങൾക്ക് ഉരുവിനെ ഉപയോഗിക്കുകയാണെങ്കിൽ

b) ഇൻഷുർ ചെയ്യുന്നതിന് മുൻപു തന്നെ ഉരുവിന് രോഗബാധ ഉണ്ടായിരുന്നുവെങ്കിൽ

c) നിയമപ്രകാരമുള്ള ഒരു ഉത്തരവില്ലാതെയോ ഭേദമാക്കാൻ കഴിയാത്ത രോഗപീഢയാൽ കഷ്ടപ്പെടുന്ന ഉരുവിനെ മൃഗഡോക്ടറുടെ നിർദ്ദേശ പ്രകാരമല്ലാതെയോ കശാപ്പു ചെയ്യുക.

d) മോഷണം

e) ഉരുവിനെ അനധികൃതമായി വിൽക്കുക.

f) വ്യോമമാർഗ്ഗമോ, കടൽമാർഗ്ഗമോ, ഉരുവിനെ കൊണ്ടു വരിക.

ഗർഭസ്ഥ കന്നുകാലികളുടെ ഇൻഷുറൻസ്

ലക്ഷ്യം :

മാതൃപശു/എരുമയ്ക്ക് പിടിപെടുന്ന രോഗം ഹേതുവായോ അപകടം മൂലമോ, ഗർഭാവസ്ഥയിൽ ശിശു മരിച്ചാൽ ഉണ്ടാകുന്ന നഷ്ടം നികത്തുന്നു.

ഇൻഷുറൻസ് പരിരക്ഷയുടെ കാലാവധി

ബീജം കുത്തിവെച്ചതിൽ Embryo Transfer വിജയകരമായി നടത്തിയതിന്റെ 60-ാം ദിനം മുതൽ ഇൻഷുറൻസ് കാലാവധി ആരംഭിക്കുന്നു. (ഗർഭധാരണം സ്ഥിരീകരിച്ച സർട്ടിഫിക്കറ്റ് ആവശ്യമുണ്ട്). ഗർഭധാരണം സ്ഥിരീകരിച്ച ദിവസം മുതൽ 220±5 ദിവസം വരേയോ നിർദ്ദിഷ്ട പ്രസവം നടക്കുന്നതുവരേയോ- ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരേയായിരിക്കും പരിരക്ഷയുടെ കാലം.

ഇൻഷുറൻസിൽ ഉൾപ്പെടുന്ന കാര്യങ്ങൾ

1. ചാപിള്ളയെ പ്രസവിക്കുക.
2. ഗർഭം അലസൽ
3. അപകട മരണം

ഇൻഷുറൻസ് തുക

ഗർഭസ്ഥ ശിശുവിന്റെ പ്രായത്തെ ആസ്പദമാക്കി 1000 മുതൽ 2000 രൂപ വരെ Embryo transfer നും 500 രൂപ മുതൽ 1500 രൂപ വരെ ബീജ സങ്കലന കുത്തിവെയ്പിനും (AJ) പരിരക്ഷയുണ്ട്.

പ്രീമിയം

Embryo transfer - 100/- രൂപ

A.J. - 75/- രൂപ

പ്രൊപ്പോസൽ സമയത്ത് മൃഗഡോക്ടറുടെ കൈയ്യിൽ നിന്നും ഉരുവിന്റെ Pregnancy Certificate ഉം Embryo transfer/A.J. ചെയ്തതിന്റെ രശീതിയും ഹാജരാക്കണം.



12 മാംസോൽപ്പാദന മേഖലയിലെ പ്രാദേശിക ഇടപെടലുകൾ

മാംസം സമ്പുഷ്ടമായ ഒരു ഭക്ഷണ പദാർത്ഥമാണ്. കേരള ജനതയുടെ രുചിക്കും പോഷണത്തിനും മാംസം ഒരു അവിഭാജ്യഘടകവുമാണ്. പലപ്പോഴും മാംസത്തിന്റേയും മൽസ്യം, മുട്ട, പച്ചക്കറി തുടങ്ങിയവയുടേയും ലഭ്യത തന്നെയാണ് പൊതു ഭക്ഷണ ക്രമത്തിന്റെ ചെലവ് നിയന്ത്രിക്കുന്നത്.

കേരളത്തിന്റെ മൃഗസമ്പത്തിൽ വന്ന കാലാനുസൃതമായ മാറ്റങ്ങൾക്ക് അനുസൃതമായി ആധുനിക മലയാളിയുടെ ഭക്ഷണ ക്രമങ്ങളുമായി ഒരു സന്തുലിതാവസ്ഥ പാലിക്കാനായില്ല. മാംസത്തിന്റെ ഉയർന്ന ഉപഭോഗവും കുറഞ്ഞ പ്രാദേശിക ലഭ്യതയും മറ്റേതൊരു ഭക്ഷ്യോൽപ്പന്നത്തേയും പോലെ മാംസത്തിനായും അന്യസംസ്ഥാനങ്ങളുടെ മേലുള്ള നമ്മുടെ ആശ്രയത്വം വർദ്ധിപ്പിക്കാനിടയാക്കി. അനുദിനം കുറഞ്ഞുവരുന്ന പുല്ലിന്റേയും മറ്റു പരുഷാഹാരങ്ങളുടേയും ലഭ്യത, തീറ്റ പദാർത്ഥങ്ങളുടെ വർദ്ധിച്ച വില, അനിയന്ത്രിതമായ വിപണി, ഗുണനിലവാരത്തിലുള്ള താൽപര്യക്കുറവ് എന്നിവയെല്ലാം തന്നെ മാംസോൽപ്പാദന മേഖലയിലെ ആശ്രയത്വത്തിന്റെ ക്രമാനുഗതമായ വർദ്ധനവിന് കാരണമായിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനങ്ങൾ, വികസന നയങ്ങൾ, ഗോവധത്തോടുള്ള എതിർപ്പ് തുടങ്ങിയ ഘടകങ്ങൾ അടുത്ത കാലത്തായി അന്യ സംസ്ഥാനങ്ങളിലെ മൃഗ സംരക്ഷണ മേഖലകളിലും നാനാവിധ മാറ്റങ്ങൾക്കും കാരണമായി തീർന്നിട്ടുണ്ട്. അതിനാൽ തന്നെ ഭക്ഷ്യ മേഖലയിൽ, വിശിഷ്യാ, മൃഗോൽപ്പന്ന മേഖലയിൽ പരാശ്രയത്തിന്റെ തോത് കുറച്ച് സ്വാശ്രയത്വം വളർത്തുന്നതിനെപ്പറ്റി ഗൗരവ പൂർണ്ണമായ ആലോചനകൾ നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പ്രാദേശിക കൂട്ടായ്മകളും വികേന്ദ്രീകൃത വികസന സമീപനങ്ങളും പടർന്ന് പന്തലിച്ച കേരളത്തിൽ മാംസ സ്രോതസ്സുകൾക്കായുള്ള മൃഗ പരിപാലനം പ്രതീക്ഷയ്ക്ക് വക നൽകുന്നു.

മാട്ടിറച്ചി, പോത്തിറച്ചി, കോഴിയിറച്ചി, ഒരു പരിധിവരെ പന്നിയിറച്ചി എന്നീ ഉൽപ്പന്നങ്ങൾക്കാണ് ഈ പ്രസക്തി ഏറെ കൂടുതൽ. ആട്ടിറച്ചിയുടെ ഇറക്കുമതി സാധ്യതകൾ തുലോം കുറവാണ്. എന്നു മാത്രമല്ല, നമുക്ക് അയൽ സംസ്ഥാനങ്ങളിലേക്ക് കയറ്റുമതിക്കുള്ള സാധ്യതകളും നിലവിലുണ്ട്.

ഇറച്ചിക്കായുള്ള മൃഗപരിപാലനത്തിലെ വൈഷമ്യങ്ങൾ

1. ലാഭകരമായ മൃഗ പരിപാലനത്തിൽ പരുഷാഹാരം (പുല്ല്, വൈക്കോൽ, ചപ്പ്) വളരെ പ്രധാനപ്പെട്ടതാണ്. ഇവയുടെ ലഭ്യത ഇറച്ചിയുടെ ഗുണത്തെയും രുചിയെയും വലിയ അളവിൽ സ്വാധീനിക്കുന്നതാണ്.
2. ചെറു പ്രായത്തിലാണ് മൃഗങ്ങളിൽ വളർച്ചാ നിരക്ക് ഏറ്റവും ഉയർന്ന് നിൽക്കുന്നത്. നിർഭാഗ്യവശാൽ പോഷണക്കുറവും വിവിധ പരാദരോഗങ്ങളും ശരീരവളർച്ചയിൽ ഏറ്റവും ദോഷകരമായി ബാധിക്കുന്നതും ഈ പ്രായത്തിലാണ്.
3. കേരളത്തിൽ പ്രചാരം നേടിയിട്ടുള്ള മിക്ക മൃഗ ജനുസ്സുകളും (പന്നി ഒഴികെ) പാൽ അല്ലെങ്കിൽ പ്രജനന മികവിന്റെ അടിസ്ഥാനത്തിലുള്ളതാണ്. സ്വാഭാവികമായും ഇറച്ചി ഉൽപ്പാദനത്തിന് വേണ്ടതായ നിർണ്ണായക ഘടകങ്ങളൊന്നും ഇവയെ തെരഞ്ഞെടുക്കുമ്പോൾ പാലിക്കാൻ സാധിക്കില്ല.
4. നമ്മുടെ പാചക രീതികൾ (ഉദാ: പ്രഷർ കുക്കിംഗ്) രുചിഭേദങ്ങൾ (ഉദാ: മസാലക്കൂട്ടുകൾ) തുടങ്ങിയവ മാംസത്തിന്റെ ഗുണനിലവാരത്തിലെ പല ഘടകങ്ങളെയും ഇല്ലാതാക്കുന്നു/മറക്കുന്നു.
5. അറവുശാലകളിലെ പ്രാകൃത രീതികളും ശുചിത്വക്കുറവും തെറ്റായ കടത്തുമാർഗ്ഗങ്ങളും സാമ്പത്തികമായും ഗുണനിലവാരപരമായും ഇറച്ചിയുടെ മൂല്യത്തെ ദോഷകരമായി ബാധിക്കുന്നു.
6. കേരള സംസ്ഥാനത്ത് ഇതുവരെ നടത്തിയിട്ടുള്ള പദ്ധതികളിൽ മാംസോൽപ്പാദനത്തിലധിഷ്ഠിതമായ പ്രധാന പദ്ധതികൾ നന്നെ കുറവാണ്. പ്രസ്തുത നയങ്ങൾ മിക്കതും പാലുൽപ്പാദനത്തിലധിഷ്ഠിതമാണ്.
7. മാർക്കറ്റ് മധ്യവർത്തികളുടെ വിലപേശലുകൾ ഉൽപ്പാദകർക്ക് വൻ നഷ്ടം വരുത്തുന്നു. പല ക്രയവിക്രയങ്ങളും നടക്കുന്നത് ഊഹാപോഹങ്ങൾ അടിസ്ഥാനമാക്കിയാണ്.
8. മാംസാഹാരത്തിന്റെ ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി NECC മാതൃകയിൽ ഒരു ഏജൻസി ഇവിടെ നിലവിലില്ല.
9. പാലിന്റെ വിപണിയിൽ കാട്ടുന്ന ഉത്തരവാദിത്വബോധം ഈ മേഖലയിലില്ല.
10. ഇന്ന് മാർക്കറ്റിൽ ലഭ്യമായിട്ടുള്ള മിക്ക തീറ്റ മിശ്രിതങ്ങളും ശരീര തൂക്ക വർദ്ധനവിനെ/ ഇറച്ചി ഉൽപ്പാദനത്തെ സഹായിക്കുന്നവയല്ല.

പ്രാദേശികമായ ഇടപെടലുകളുടെ ഉദാഹരണങ്ങൾ

1. കാഫ് സ്റ്റാർട്ടർ, കിഡ് സ്റ്റാർട്ടർ മുതലായവയുടെ തീവ്ര പ്രചാരണവും സബ്സിഡി നൽകലും
2. ചെറുകിട തീറ്റ ഉൽപ്പാദന കേന്ദ്രങ്ങൾ
3. ശരീരഭാര പഠനങ്ങളും പരിഹാര മാർഗ്ഗങ്ങളും (കാഫ് ക്ലിനിക്കുകൾ), ഫീൽഡ് തലത്തിലെത്തിക്കൽ
4. മക്കച്ചോളം, വൻപയർ തുടങ്ങിയ ഉന്നത ഗുണനിലവാരമുള്ള പുല്ലിനങ്ങളുടെ പ്രചാരണം
5. പാരമ്പര്യേതര തീറ്റവസ്തുക്കളുടെ ഫലപ്രദമായ ഉപയോഗം.
6. പൂർണ്ണമായും ഇറച്ചി ഉൽപ്പാദനത്തിനായുള്ള, 20-30 വരെ എണ്ണം മൃഗങ്ങളുടെ യൂണിറ്റുകൾ

7. ശുചിത്വമുള്ള അറവു കേന്ദ്രങ്ങളുടെ നിർമ്മാണവും പരിപാലനവും
8. വിവിധ ഏജൻസികളുടെ ബൈബാക്ക് സ്ക്കീമുകൾ
9. മൃഗങ്ങളുടെ ആരോഗ്യ പരിശോധനാക്രമങ്ങൾക്കായുള്ള പ്രോട്ടോകോളുകൾക്കായുള്ള പദ്ധതികൾ.
10. സൗകര്യങ്ങളോടുകൂടിയ മാർക്കറ്റുകൾ വികസിപ്പിച്ചെടുക്കലും അവയുടെ സാങ്കേതികമായ നിയന്ത്രണവും
11. വിജ്ഞാന വ്യാപന പദ്ധതികൾ (ഉദാ: ബ്രോഷറുകൾ, സെമിനാറുകൾ)
12. കർശന രോഗപരിശോധനാ പ്രോട്ടോക്കോളുകൾക്ക് ശേഷം മാത്രമുള്ള ഇറക്കുമതികൾ.
13. ഉൽപ്പന്ന മൂല്യ വർദ്ധനവും വരുമാന വർദ്ധനവും

മൃഗോൽപ്പന്നങ്ങളുടെ ഗുണനിലവാരവും പൊതു ജന ആരോഗ്യവും തമ്മിൽ അഭേദ്യമായ ബന്ധമാണ് ഉള്ളത്. ഉപഭോക്താക്കളുടെ ഇടപെടലുകൾ ഉണ്ടെങ്കിൽ മാത്രമേ മറ്റ് സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ പ്രവർത്തിക്കാൻ സാധിക്കുകയുള്ളു. പുതു തലമുറയുടെ രുചിപ്രിയങ്ങളും പോഷകാഹാരത്തെക്കുറിച്ചുള്ള അറിവുകളും കാഴ്ചപ്പാടുകളും കേരളീയ സമൂഹത്തിന്റെ പൊതുവെയുള്ള ആരോഗ്യപ്രവർത്തനങ്ങളും മാംസോൽപ്പാദന മേഖലയ്ക്ക് സാധ്യമായ കുതിച്ചുചാട്ടത്തെ ദോഷകരമായും ഗുണകരമായും സ്വാധീനിക്കാം. ചെറുപ്രായത്തിൽത്തന്നെ ലോകത്തിന്റെ വിവിധ പ്രദേശങ്ങളിലെ മാംസാഹാരങ്ങൾ ഭക്ഷിച്ചുവളരുന്ന പുതുതലമുറയിൽപ്പെട്ടവർക്ക് ആവശ്യമായ രീതിയിൽ കേരളത്തിന്റെ ഇറച്ചി ഉൽപ്പാദന-മൂല്യവർദ്ധന-വിപണി വികസിപ്പിച്ചെടുക്കുന്നതിന് ഈ മേഖലയുടെ നയ രൂപീകരണത്തിൽ പ്രാമുഖ്യം നൽകണം. ഇത്തരത്തിലുള്ള ഇടപെടലുകൾ എത്ര ചെറുതോ വലുതോ ആകട്ടെ അവയുടെ പ്രാരംഭ പ്രവർത്തനം, ഓരോ പ്രദേശത്തും നിലവിലുള്ള മാംസത്തിന്റെ ഉൽപ്പാദനം, ഉപഭോഗം, അസംസ്കൃത വസ്തുക്കളുടെയും അനുബന്ധ സൗകര്യങ്ങളുടെയും ലഭ്യത മുതലായ വിവരങ്ങൾ ശേഖരിച്ചുകൊണ്ടുള്ള ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. ഗുണനിലവാരത്തിന്റെ കൂടി അടിസ്ഥാനത്തിലുള്ള ഭക്ഷ്യസുരക്ഷാപദ്ധതികൾക്കാണ് പ്രാധാന്യം കൽപ്പിക്കേണ്ടത്.



13 പശുവളർത്തലിലെ നാട്ടറിവുകൾ

മനുഷ്യസംസ്ക്കാരത്തിന്റെ പ്രാരംഭകാലം മുതൽ പശു ഐശ്വര്യത്തിന്റേയും പരിശുദ്ധിയുടേയും പ്രതീകമായി കണക്കാക്കപ്പെട്ടിരുന്നു. സാമൂഹിക ജീവിതത്തിൽ മനുഷ്യർക്കുണ്ടായിരുന്നത്ര പ്രാധാന്യം ഈ മൃഗങ്ങൾക്കുമുണ്ടായിരുന്നു. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ പശുവിനും പശുവിൽ നിന്നും ലഭിക്കുന്ന പാൽ, ചാണകം, മൂത്രം, പാലുൽപ്പന്നങ്ങളായ തൈര്, വെണ്ണ, നെയ്യ് എന്നിവയ്ക്കും മുഖ്യമായ സ്ഥാനം കൽപ്പിച്ചിരുന്നു. സങ്കരയിനം പശുക്കളുടെ വരവോടെ കൃത്രിമ ആഹാരക്രമത്തിലൂന്നിയുള്ള പശു പരിപാലന രീതി നിലവിൽ വന്നതോടുകൂടി പാരമ്പര്യമായി നമുക്ക് ലഭിച്ച പശു വളർത്തലിലെ നാട്ടറിവുകളും നശിച്ചുപോയി. വൈകിയാണെങ്കിലും നഷ്ടപ്പെട്ട ഈ അറിവുകളെ കണ്ടെത്താനും ക്രോഡീകരിക്കാനുമുള്ള ശ്രമങ്ങൾ പലയിടത്തും നടക്കുന്നുണ്ട്.

കന്നുകാലി ചികിത്സയിലെ നാട്ടറിവുകൾ പലതും പുത്തൻ സാങ്കേതിക വിദ്യയെപ്പോലും കവച്ചുവയ്ക്കുന്ന ഫലം നല്കുന്നതായി പലയിടത്തും രേഖപ്പെടുത്തിയിട്ടുണ്ട്. വീട്ടിലും പറമ്പിലും ലഭ്യമായ പച്ചമ

രുന്നുകൾ ഉപയോഗിച്ച് നടത്താവുന്ന ചികിത്സകളും ഒറ്റമൂലി പ്രയോഗങ്ങളും ക്ഷീരകർഷകർക്ക് പലപ്പോഴും പ്രയോജനകരമാകുന്നു. ലളിതമായ ഈ പൊടിക്കൈകൾ ചിലപ്പോൾ വൻ സാമ്പത്തികനഷ്ടം ഒഴിവാക്കാൻ സഹായിക്കും.

ചില ഉദാഹരണങ്ങൾ:

- പശുക്കൾക്കുണ്ടാകുന്ന പനിയ്ക്ക് തുളസിയില, മല്ലി, കുടംപുളി, കായം, വെളുത്തുള്ളി, ചുക്ക്, കുരുമുളക്, കിരിയാത്ത് എന്നിവ തുമ്പച്ചാറിലോ തുളസി നീരിലോ അരച്ചുരുട്ടി ഉരുളകളാക്കി ശർക്കര ചേർത്ത് കൊടുത്താൽ അസുഖം ശമിക്കും.
- വായുസ്തംഭനത്തിന് ചുക്ക്, കടുക്, അയമോദകം, ജീരകം, വെളുത്തുള്ളി, കുരുമുളക്, കായം, മുരിങ്ങാത്തൊലി എന്നിവയെല്ലാം കൂടി 75 ഗ്രാം എടുത്ത് നന്നായി അരച്ച് വിനാഗിരിയിൽ ചേർത്ത് കൊടുക്കാവുന്നതാണ്.
- വ്രണങ്ങളിലുണ്ടാകുന്ന പുഴുവിനെ നശിപ്പിക്കാൻ ആത്തച്ചക്കയുടേയോ തുളസിയുടെയോ ഇല പൾപ്പ് രൂപത്തിലാക്കി മുറിവിൽ തിരുകി വെച്ചാൽ മതി. ടർപ്പന്റയിനിൽ മുക്കിയ പഞ്ഞി മുറിവിൽ 5 മിനിട്ട് വെച്ച ശേഷം നീക്കം ചെയ്യുമ്പോൾ ഈ പുഴുക്കൾ പുറത്തേക്ക് ചാടിവരുന്നതായി കാണാം.
- മദിയില്ലായ്മയ്ക്ക് കടല, മുതിര, എള്ള്, ശർക്കര എന്നിവ നൽകുന്നത് നല്ലതാണ്. അകിടുവീക്കത്തിന് ചുക്ക്, ചെന്നിനായകം എന്നിവ അരച്ച് പുരട്ടുക. പാൽ ഇടയ്ക്കിടെ കറന്നുകളയുകയും അകിടിൽ തണുത്ത വെള്ളം തളിയ്ക്കുകയും ചെയ്യുക.
- തൊഴുത്തിൽ കാട്ടുതുളസി കെട്ടിതൂക്കിയാൽ ഈച്ചയുടെ ഉപദ്രവം കുറയും.
- മറുപിള്ള വീണുപോകുന്നതിന് മുളയില, മാവില എന്നിവ തിന്നാൻ നല്കുക. ചെമ്പരത്തിയില, പൂവ് എന്നിവയും ഇതിന് ഉപയോഗിക്കാം.
- । കന്നുക്കുട്ടികളിലെ വിരശല്യത്തിന് അഗത്തിച്ചീര ഇടിച്ചുപിഴിഞ്ഞ

നീര് രാവിലെ ഒരു ഔൺസ് വീതം 7 ദിവസം നല്കാവുന്നതാണ്.

- തണുപ്പ് ബാധിച്ച് ശ്വാസോച്ഛ്വാസത്തിന് ബുദ്ധിമുട്ടും പനിയും അനുഭവിക്കുന്ന മൃഗങ്ങളെ ആവി ശ്വസിപ്പിക്കണം. തേയില ഇട്ട് തിളപ്പിച്ച വെള്ളത്തിൽ വേപ്പിലയും യൂക്കാലിപ്റ്റസും ഇട്ട് രോഗം ബാധിച്ച പശുവിനെ അര മണിക്കൂർ ആവി പിടിപ്പിക്കുക. സസ്യഎണ്ണയിൽ കർപ്പൂരം ചേർത്തോ കടുകരച്ചോ നെഞ്ചിൽ പുരട്ടുന്നത് ആശ്വാസം നൽകും.

ഇവിടെ പരാമർശിച്ചിട്ടുള്ളത് ഏതാനും അറിവുകൾ മാത്രമാണ്. പശുവളർത്തലിലെ നാട്ടറിവുകൾ സംബന്ധിച്ച് നിരവധി പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ഇന്ന് ലഭ്യമാണ്. ശ്രീ.വർദ്ധമാൻ ജീവ് ദയാ കേന്ദ്രത്തിന്റെ `Ethonovet Approach to Animal Health Management`, ഡി.സി ബുക്സിന്റെ `ജന്തുക്കളും നാട്ടറിവും`, അവന്തി പബ്ലിക്കേഷൻസിന്റെ `കാർഷിക നാട്ടറിവുകൾ`, മലബാർ മേഖലാ യൂണിയൻ (മിൽമ) പ്രസിദ്ധീകരിച്ച മൃഗചികിത്സയിലെ നാട്ടറിവ് എന്ന കൈപ്പുസ്തകം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഔഷധ സസ്യങ്ങൾ എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

തലമുറകളായി കൈമാറ്റം ചെയ്ത് വന്നിട്ടുള്ളതും അനുഭവത്തിന്റെ ബലത്തിൽ ഫലസിദ്ധി തെളിയിക്കപ്പെട്ടിട്ടുള്ളതുമായ നാട്ടറിവുകളെ ക്ഷീരകർഷകർ അല്പം മനസ്സ് വെച്ചാൽ പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ സാധിക്കും. പശുവിനുണ്ടാകുന്ന രോഗലക്ഷണങ്ങൾ മനസ്സിലാക്കി നാട്ടറിവുകൾ പ്രയോഗിക്കേണ്ടതും അവശ്യ സന്ദർഭങ്ങളിൽ വെറ്ററിനറി സർജന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതുമാണ്. സുസ്ഥിര ക്ഷീരവികസനത്തിനും ജൈവക്ഷീരോൽപ്പാദനത്തിനും പ്രസക്തിയേറുന്ന ഈ കാലഘട്ടത്തിൽ നാട്ടറിവുകൾ ശേഖരിക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള താൽപര്യം ക്ഷീരകർഷകരിലുണ്ടാക്കുന്നതിന് ഫലപ്രദമായ വിജ്ഞാന വ്യാപന പരിപാടികൾ നടപ്പാക്കേണ്ടതാണ്.



14 ക്ഷീരസംഘങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

കേരളത്തിൽ വികസന മേഖലയിൽ ഏറ്റവും കൂടുതൽ തുക വിനിയോഗിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. 2008-09 വർഷം ഏതാണ്ട് 1694 കോടി രൂപ (സംസ്ഥാനപദ്ധതിയുടെ 22%) ഇപ്രകാരം വകയിരുത്തപ്പെട്ടിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൽ നിശ്ചിത തുക (ഗ്രാമപഞ്ചായത്തുകൾ കുറഞ്ഞത് 40%) ഉൽപ്പാദന മേഖലയിൽ മാറ്റിവെക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം മുതൽ മോണിറ്ററിംഗ് വരെയുള്ള എല്ലാ ഘട്ടങ്ങളിലും ക്ഷീരസഹകരണ സംഘങ്ങൾക്ക് ഫലപ്രദമായും സജീവമായും ഇടപെടാൻ കഴിയും. ഗ്രാമീണ തൊഴിൽ മേഖലയിൽ ഗണ്യമായ സംഭാവനകൾ നൽകാൻ കഴിയുന്നതും ഭക്ഷ്യസുരക്ഷ കൈവരിക്കാൻ സഹായകവുമായ ഉൽപ്പാദന മേഖലകളിൽ ഗ്രാമീണ ക്ഷീരോൽപ്പാദകരും പാൽ ഉപഭോക്താക്കളും ദൈനംദിനം ബന്ധപ്പെടുന്ന ക്ഷീരസഹകരണ സംഘങ്ങൾക്ക് ശക്തമായ പിൻതുണ ഉറപ്പാക്കാനാകും. 3382 ക്ഷീരസംഘങ്ങളുടെ കീഴിൽ 10.2 ലക്ഷം കർഷകരും 13,000 ൽപരം ജീവനക്കാരുമാണ് ഇപ്പോഴുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ക്ഷീരസംഘങ്ങൾക്ക് കാര്യക്ഷമമായി ഇടപെടാവുന്ന തലങ്ങൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം

- വർക്കിംഗ് ഗ്രൂപ്പിൽ പ്രാപ്തരായ സംഘം പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തുക.
- മുൻ വർഷത്തെ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിവരശേഖരണം, ജനകീയ പഠന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം നൽകുക
- കർഷകരുമായി കൂടിയാലോചിച്ച് ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ മേഖലകളിലെ കരട് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.
- സ്റ്റേക്ക് ഹോൾഡർമാരുമായുള്ള ചർച്ചകൾ സംഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.
- 2. ഗ്രാമസഭ
- ഗ്രാമസഭായോഗം സംബന്ധിച്ച അറിയിപ്പ് ക്ഷീരസംഘങ്ങൾ മുഖേന അംഗങ്ങൾക്ക് നൽകുക.
- ക്ഷീരസഹകരണ സംഘങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഗ്രാമസഭായോഗങ്ങൾക്ക് ഉപയോഗപ്പെടുത്തുക.
- ഗ്രാമസഭയിൽ പങ്കെടുക്കാൻ ക്ഷീരകർഷകരേയും പാൽ ഉപഭോക്താക്കളേയും പ്രേരിപ്പിക്കുക.
- ഗ്രാമസഭയിലെ ചർച്ചകളിൽ ഫലപ്രദമായി പങ്കെടുക്കുന്നതിനാവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുക.

3. വികസന സെമിനാർ

- വികസന സെമിനാറിൽ പങ്കെടുക്കുന്നതിന് ഉദ്യോഗസ്ഥരേയും, പ്രതിനിധികളേയും പ്രേരിപ്പിക്കുക.
- വികസന സെമിനാറിൽ ഫലപ്രദമായ ചർച്ചകൾ നടത്തുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുക.

4. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ

- പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ സഹായിക്കുക.

- പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സാങ്കേതിക ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പാക്കുക.

5. ഗുണഭോക്തൃ തിരഞ്ഞെടുപ്പ്

- ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സംബന്ധിച്ച വ്യാപകമായ പ്രചാരണം നൽകുക.
- കൂടുതൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.
- അർഹരായ ഗുണഭോക്താക്കളെ ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിന് പ്രേരിപ്പിക്കുക.

6. ബോധവൽക്കരണ പ്രവർത്തനങ്ങൾ

- ബോധവൽക്കരണത്തിനുള്ള പ്രചാരണ പ്രവർത്തനങ്ങളെ സംഘം നോട്ടീസ് ബോർഡ് വഴിയും ഗുണഭോക്താക്കൾക്ക് നേരിട്ടും അറിയിപ്പ് നൽകി സഹായിക്കുക.
- സംഘത്തിന്റെ ഭൗതിക സാഹചര്യങ്ങൾ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.
- വിദഗ്ദ്ധരെ പങ്കെടുപ്പിക്കുന്നതിന് സഹായിക്കുക.

7. പദ്ധതി നിർവഹണം

- പദ്ധതി നിർവഹണത്തിൽ ഭരണ സമിതി, ജീവനക്കാർ, ക്ഷീരകർഷകർ എന്നിവരെ ഉപയോഗപ്പെടുത്തുക.
- പദ്ധതി നിർവഹണ ഏജൻസിയായി പ്രവർത്തിക്കുക. (ഉദാ: കാലിത്തീറ്റ വിതരണം)
- വിതരണ പദ്ധതികളിൽ സാധന സാമഗ്രികൾ സൂക്ഷിച്ചുവയ്ക്കുന്നതിന് സംഘത്തിന്റെ ഭൗതിക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തുക. വിതരണത്തിന് സംഘം ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താം.

8. മോണിറ്ററിംഗ്

- സംഘം പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ക്ഷീരവികസന-മൃഗസംരക്ഷണ പദ്ധതികളിലെ സംഘാടക സമിതിയിലും മോണിറ്ററിംഗ് സമിതിയിലും അംഗങ്ങളാക്കുക.
- പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരശേഖരണത്തിനായി സംഘം ഭരണസമിതിയംഗങ്ങളേയും ജീവനക്കാരേയും ഉപയോഗപ്പെടുത്തുക.

9. പദ്ധതി സംയോജനം

- ക്ഷീരസംഘത്തിന്റെ കന്നുകാലി വികസന നിധി, ദാനനിധി തുടങ്ങിയ ഫണ്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുമായി സംയോജിപ്പിക്കാം.
- ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, മിൽമ തുടങ്ങിയ ഏജൻസികളുടെ പദ്ധതികളുമായി സംയോജിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാം.
- സംഘം പ്രവർത്തനങ്ങൾക്ക് വിഘാതം വരാത്ത വിധം പ്രവർത്തന ഫണ്ടിൽ നിന്നുള്ള തുക രജിസ്ട്രാറുടെ അനുമതിയോടുകൂടി പദ്ധതി സംയോജനത്തിനായി ഉപയോഗപ്പെടുത്താം.
- ഗുണഭോക്തൃ വിഹിതശേഖരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാം.
- പോഷാകാഹാര വിതരണ പരിപാടികളിൽ ക്ഷീരസംഘങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്താം.

15 വിജയഗാഥ



1 ക്ഷീരവികസനത്തിന് വയനാട് ഒരു മാതൃക

കേരളത്തിൽ പാൽ ഉൽപ്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ജില്ല യാണ് വയനാട്. ഇതര ജില്ലകളെ അപേക്ഷിച്ച് കാലാവസ്ഥ, ഭൂപ്രകൃതി, ജനസംഖ്യ, കർഷകരുടെ എണ്ണം തുടങ്ങി പലതിലും വയനാട് വ്യത്യസ്ത മാണ്. പങ്കാളിത്ത പഠന പരമ്പരയിലൂടെ വയനാട് ജില്ലയിലെ പ്രത്യേക തകളും അടിസ്ഥാന വിവരങ്ങളും കൃത്യമായി മനസ്സിലാക്കാൻ സാധിച്ചി ട്ടുണ്ട്. അതുവഴി പങ്കാളിത്ത ആസൂത്രണം നടത്താനും ക്ഷീരകർഷക രുടെ ആവശ്യങ്ങളും, താൽപര്യവും അറിഞ്ഞുള്ള പദ്ധതികൾക്ക് രൂപം നൽകാനും കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ക്ഷീരസംഘങ്ങൾ, വിവിധ വകുപ്പുകൾ, ത്രിതല പഞ്ചായത്തുകൾ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നിവയുടെ പങ്ക് എടുത്തു പറയേണ്ടതാണ്.

ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി വയനാട് ജില്ലയിൽ പാലിന്റെ ഉൽപ്പാദനം ഓരോവർഷവും വർദ്ധിച്ചുവരുന്നതായി കാണാം. ക്ഷീരകർഷ കർക്ക് ബയോഗ്യാസ്, മണ്ണിരകമ്പോസ്റ്റ് തുടങ്ങിയവവഴി അനുബന്ധ വരുമാ നം നേടിയെടുക്കുന്നതിനും ഇതര വികസന മേഖലകളുമായി ബന്ധിപ്പി ക്കുന്നതിനും കഴിഞ്ഞു എന്നുള്ളതാണ് വയനാടിനെ മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

നൂതന സാങ്കേതിക ഉപകരണങ്ങൾ

വിവിധ പദ്ധതികളുടെ (കേന്ദ്ര-സംസ്ഥാനാവിഷ്കൃതം) ധനസഹായ ത്തോടെ ക്ഷീരമേഖലയിൽ നൂതന സാങ്കേതിക ഉപകരണങ്ങൾ എത്തിക്കാൻ കഴിഞ്ഞത് ക്ഷീരസംഘങ്ങൾക്ക് ശക്തി നൽകിയിട്ടുണ്ട്. ഉൽപ്പാദനം മുതൽ വിപണനം വരെയുള്ള മേഖലകളുടെ പുരോഗതിക്കും വികസനത്തിനും വൈവിധ്യവൽക്കരണത്തിനും ഇത് കാരണമായി. ക്ഷീരകർഷകരിൽ ആത്മ വിശ്വാസം വളർത്താനും താൽപര്യം ജനിപ്പിക്കാനും പാൽ സംഭരണ-വിപ ണന ഏജൻസികളായ ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തന സുതാ ര്യതയും വിശ്വസ്തതയും വർധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

കറവ പാത്രം, കറവയന്ത്രം, പാൽ തൂക്കിയെടുക്കുന്ന ഉപകരണം, ആംകോ യൂണിറ്റുകൾ, സോളാർ വാട്ടർ ഹീറ്ററുകൾ, പാൽസംഭരണ കേന്ദ്രങ്ങൾ, പരി ശീലന ഹാളുകൾ, പരിശോധനാലബോറട്ടറികൾ, കാലിത്തീറ്റ പെല്ലറ്റ് ഫാക്ട റി, ഡയറി പ്ലാന്റുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിലും വയനാട്ജില്ല മുൻപന്തിയിലാണ്.

സമ്പൂർണ കമ്പ്യൂട്ടർവൽക്കരണം

നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ മേൽനോട്ടത്തിൽ ക്ഷീരമേഖല യിൽ ആദ്യമായി സമ്പൂർണ കമ്പ്യൂട്ടർവൽക്കരണം നടത്തിയ ജില്ല വയനാ ടാണ്. സ്വതന്ത്ര സോഫ്റ്റ് വെയറായ ലിനക്സ് ഉപയോഗിച്ച് നെറ്റ്വർക്ക് സംവിധാനവും ഫലപ്രദമാക്കിയിട്ടുണ്ട്. കൃത്യതയും സമയലാഭവും ഉണ്ടായതി നുപുറമെ ജീവനക്കാരുടെ ജോലിഭാരവും കുറഞ്ഞു. പാൽ സംഭരണ-വിപ ണന-ഗുണനിലവാര പരിശോധനയിലുണ്ടായിരുന്ന നിരവധി പ്രശ്നങ്ങളും സംശയങ്ങളും പരിഹരിച്ചതു വഴി ക്ഷീരോൽപ്പന്നങ്ങൾക്ക് അധിക വില ലഭ്യമായതും ഈ മേഖലയ്ക്ക് ഊർജ്ജം പകർന്നു.

ഗ്രാമീണ പാൽ ശീതീകരണ ശൃംഖല

പാൽ സംഭരണം, ഗുണമേൻമ നഷ്ടപ്പെടാതെയുള്ള സൂക്ഷിപ്പ് എന്നി വയിലും വയനാട് ജില്ല ബഹുദൂരം മുന്നിലാണ്. 1,50,000 ലിറ്ററിൽ 98% വും പ്രാദേശിക തലത്തിൽ തന്നെ ഗുണമേൻമ നഷ്ടപ്പെടാതെ സൂക്ഷി ക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 65 % പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതോടെ

സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ ശീതീകരണ ജില്ലയായി വയനാട് മാറും. പാലിന്റെ രാസഗുണനിലവാരം (fat 4.2%, SNR-8.5%) വർദ്ധിപ്പിക്കുന്നതിനും അണുഗുണനിലവാരം നാലിരട്ടി (MBRF-270 മിനിട്ട്) യാക്കുന്നതിനും പാൽ വിലയിൽ ലിറ്ററിന് 39 പൈസയോളം വർദ്ധനവ് കർഷകർക്ക് നൽകുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ ഹർത്താൽ ദിവസങ്ങളിൽ പാൽ നഷ്ടപ്പെടുത്താതെ സൂക്ഷിക്കുകവഴി ഏറെ സാമ്പത്തിക ലാഭം ഉണ്ടാക്കാനും കഴിഞ്ഞു.

ക്ഷീരസംഘങ്ങളുടെ ശക്തവും ബഹുമുഖവുമായ പ്രവർത്തനം

വയനാട് ജില്ലയിലെ ക്ഷീരസംഘങ്ങൾ ശരാശരി 2500 ലിറ്റർ പ്രതിദിനം പാൽ കൈകാര്യം ചെയ്യുന്നതിനു പുറമെ സ്വന്തമായും വിവിധ ഏജൻസികളുടെ (ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടെ) സഹകരണത്തോടേയും ബഹുമുഖ സാമ്പത്തിക, സാമൂഹിക, വികസന പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. ക്ഷീരകർഷകരുടെ സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് കൂട്ടായ പ്രവർത്തനങ്ങൾക്ക് പ്രേരണ നൽകുന്നതോടൊപ്പം കർഷകരുടെ പ്രശ്നങ്ങൾക്ക് കൂട്ടായ്മയിലൂടെ പരിഹാരം കാണുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സംഘങ്ങൾ വിവിധങ്ങളായ പരിപാടികൾ ഏറ്റെടുത്ത് നടപ്പിക്കുന്നതിനും സംഘങ്ങൾ വിവിധങ്ങളായ പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നുവെന്നതും ഈ മേഖലയുടെ വളർച്ചയ്ക്ക് കാരണമാകുന്നു. ജില്ലയിൽ 190 സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

വിവിധ വകുപ്പുകളുടെ ഏകോപനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയുടെ ഏകോപിത പ്രവർത്തനം സാധ്യമാക്കിയത് ക്ഷീരമേഖലയുടെ സുസ്ഥിര വികസനത്തിന് ഏറെ സഹായകരമായി.

ജനകീയ മാംസ സംസ്ക്കരണ ഫാക്ടറി

വയനാട് ജില്ലയിലെ മറ്റൊരു പ്രത്യേകത ജനകീയ പങ്കാളിത്തത്തോടെ ആരംഭിച്ച മാംസസംസ്ക്കരണ ഫാക്ടറിയാണ്. പതിനഞ്ച് കോടി മുതൽ മുടക്കുവരുന്ന സ്ഥാപനത്തിന് ജനങ്ങളിൽ നിന്നും ഒരു കോടിയിലധികം ഫണ്ട് ശേഖരിക്കാൻ കഴിഞ്ഞു. അതിലൂടെ വയനാട് ജില്ലയിലെ ഭൂരിപക്ഷം കർഷ

കരുടേയും ഉടമസ്ഥതയിലായ ഈ ഫാക്ടറിയിൽ ഒരു ഷിഫ്റ്റിൽ 15 ടൺ മാംസം സംസ്കരിച്ച് വിതരണം നടത്താൻ കഴിയുന്നതാണ്. മെയിൽ കാഫിനെ വളർത്തുന്ന കർഷകർക്ക് അധിക ലാഭം ഉണ്ടാക്കാനും അനുബന്ധമായി മുയൽ, കോഴി, കാട, ആട്, പന്നി തുടങ്ങിയവയെ വളർത്തി വരുമാനം ഉയർത്താനും ഇത് സഹായകമായിട്ടുണ്ട്.

2 തീറ്റപ്പുൽകൃഷിയുടെ പെൺകൂട്ടായ്മ

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂരിൽ പട്ടേപ്പാടത്തിന്റെ കൂട്ടായ്മയുടെ ഫലമായി വിജയം കൊയ്ത സങ്കരനേപ്പിയറിന്റെ (സി.ഒ.3) ഹരിതഭംഗി ആരുടെയും മനം കുളിർപ്പിക്കുന്നതാണ്.

വെള്ളാങ്ങല്ലൂർ ക്ഷീരവികസന യൂണിറ്റിന്റെ സാങ്കേതിക സഹായത്തോടെയും ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെയും വികസിപ്പിച്ച രണ്ടരഎക്കർ സങ്കരനേപ്പിയർ പുൽകൃഷിത്തോട്ടം കർഷക കൂട്ടായ്മയുടെ മറ്റൊരു ഉദാഹരണമായി ചൂണ്ടിക്കാണിക്കാം.

വെള്ളാങ്ങല്ലൂർ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 15 വനിതാ കർഷകരുടെ കൂട്ടായ്മയും അത്മവിശ്വാസവും അധ്വാനവും ഒത്തുചേർന്നപ്പോൾ ക്ഷീരകർഷകർക്ക് ആശ്വാസമായി പച്ചപ്പുല്ല് യഥേഷ്ടം വീട്ടുപടിക്കൽ എത്തി.

പുൽക്കട നട്ട് 90 ദിവസം കഴിഞ്ഞപ്പോൾ ആദ്യ വിളവെടുപ്പ് നടത്തി. ഏകദേശം എണ്ണായിരം കിലോഗ്രാം പുല്ല് ലഭിച്ചു. രണ്ടര മീറ്റർ ഉയരത്തിൽ വളർന്ന ചെടികളിൽ 10 മുതൽ 18 വരെ ചിനപ്പുകൾ കാണുകയുണ്ടായി. ആഴ്ചയിൽ 3 ദിവസം പുല്ല് വിൽപ്പന നടത്തിവരുന്നു. കിലോയ്ക്ക് 2 രൂപ നിരക്കിൽ വിതരണം നടത്തിയപ്പോൾ വിപണിക്ക് വിഷമിക്കേണ്ടിവന്നില്ല.

ക്ഷീരവികസനവകുപ്പിന്റെ സാങ്കേതിക ഉപദേശനിർദ്ദേശങ്ങളും കർഷകകൂട്ടായ്മയും ഉണ്ടെങ്കിൽ ഈ വിജയഗാഥ പലഭാഗങ്ങളിലും ആവർത്തിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

3 മാവിലായിലെ വനിതാ 'ക്ഷീരധാര' ഡയറി ഫാം

എ. കെ. ജിയുടെ ജന്മനാടെന്ന നിലയിൽ പ്രശസ്തമാണ് കണ്ണൂർ ജില്ലയിലെ മാവിലായി എന്ന കൊച്ചുഗ്രാമം. ഇന്ന് ഒരു കാർഷിക സംരംഭത്തിന്റെ പേരിൽ ഈ ഗ്രാമം വീണ്ടും പേരും പെരുമയും ആർജ്ജിച്ചിരിക്കുന്നു. ജില്ലയിലെ തന്നെ ഏറ്റവും മികച്ച ഒരു ഡയറിഫാം ഇന്ന് ഈ ഗ്രാമത്തിലാണുള്ളത്. രണ്ട് വർഷങ്ങൾക്ക് മുമ്പ് സ്ഥാപിതമായ 'ക്ഷീരധാര' ഡയറിഫാമിന്റെ സാരഥി ഒരു മഹിളാസമാജമാണെന്നും കൂടി അറിയുമ്പോൾ ഇതിന് പ്രസക്തി ഏറുന്നു.

തികച്ചും സാധാരണക്കാരുടെ ഗ്രാമമാണ് മാവിലായി. സ്ത്രീകൾ മഹാഭൂരിഭാഗവും തൊഴിലില്ലാത്തവർ. ബീഡി വ്യവസായത്തിലെ പ്രതിസന്ധികൂടി ആയപ്പോൾ പ്രശ്നം ഒന്നു കൂടി സങ്കീർണ്ണമായി. ഒരു തൊഴിൽ സംരംഭത്തിനുവേണ്ടി 2006 ൽ അവർ മുന്നിട്ടിറങ്ങി. മാവിലായി ആർ.ഡി.സി.യുടെ കീഴിൽ 1982 മുതൽ പ്രവർത്തിച്ചു വന്നിരുന്ന മഹിളാസമാജം വിപുലീകരിച്ചു. തൊഴിൽ സംരംഭമെന്ന നിലയിൽ പശുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ കേന്ദ്രസ്ഥാപനമെന്ന നിലയിൽ ഒരു ഡയറിഫാം ആരംഭിക്കുന്നതിനും അത് കാരണമായി. ക്ഷീര വികസന വകുപ്പിന്റെ നിർലോപമായ പ്രോത്സാഹനം കൂടി ആയപ്പോൾ കാര്യങ്ങൾ എളുപ്പമാകുകയും ചെയ്തു.

മഹിളാ വികസന കോർപറേഷന്റെ വായ്പ ഉപയോഗിച്ചാണ് സ്ഥാപനം തുടങ്ങുന്നത്. സ്ഥലം വാങ്ങുന്നതിനുൾപ്പെടെ 40 ലക്ഷം രൂപ വായ്പ ലഭിച്ചു. മാവിലായി - പൊതുവാച്ചേരി പ്രധാന റോഡരുകിൽ മാവിലായിൽ നിന്നും ഒരു കിലോമീറ്റർ മാറി മുണ്ടയാട് എന്ന സ്ഥലത്താണ് ഫാം സ്ഥിതി

ചെയ്യുന്നത്. 2007 മാർച്ച് മാസം 14 -ാം തീയതി പ്രവർത്തനമാരംഭിച്ച ഫാമിൽ കിടാരികൾ ഉൾപ്പെടെ അമ്പതോളം ഉരുക്കൾ നിലവിലുണ്ട്. മൂന്നര ഏക്കർ സ്ഥലവും സ്വന്തമായുണ്ട്. 13 പശുക്കളെ വീതം കെട്ടാവുന്ന 6 തൊഴുത്തുകൾ തികച്ചും ശാസ്ത്രീയമായ രീതിയിൽ തന്നെയാണ് പണി കഴിപ്പിച്ചിട്ടുള്ളത്. ഫാൻ, ഫ്ളോർമാറ്റ്, വെള്ളത്തിനായി ഓട്ടോമാറ്റിക് വാട്ടർ ഫീഡിംഗ് സിസ്റ്റം (Water Drinking Bower) തുടങ്ങി എല്ലാ ആധുനിക സംവിധാനങ്ങളും തൊഴുത്തിൽ ഒരുക്കിയിട്ടുണ്ട്. ഗോബർഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് കുഴികൾ തുടങ്ങിയ അനുബന്ധ ഘടകങ്ങളും ഇവിടെയുണ്ട്.

ജേഴ്സി, ഹോൾസ്റ്റെയിൻ ഫ്രീഷ്യൻ എന്നീ വർഗ്ഗങ്ങളിൽപെട്ട പശുക്കളാണ് ഏറെയും. 300 ൽ പരം ലിറ്റർ പാൽ ഇന്ന് ശരാശരി ഉൽപ്പാദനമുണ്ട്. പാലിൽ ഏറിയ പങ്കും പ്രാദേശികമായി തന്നെ വിറ്റഴിയുന്നു. 'ക്ഷീരധാര' എന്ന ലേബലിൽ പാക്ക് ചെയ്താണ് പാൽ വിപണിയിൽ എത്തിക്കുന്നത്. പാലിന്റെ ഗുണമേന്മ കാരണം ആവശ്യക്കാർ ദിനംപ്രതി കൂടി വരികയാണ്. ഇവിടത്തെ പാൽ സാമ്പിൾ ക്ഷീര വികസന വകുപ്പ് പരിശോധിച്ചപ്പോൾ കൊഴുപ്പ് 4.6% വും എസ്. എൻ. എഫ് 8.9% വും ആയിരുന്നു എന്ന വസ്തുത ശ്രദ്ധേയമാണ്. പ്രാദേശിക വിൽപ്പന കഴിച്ച് മിച്ചം വരുന്ന പാൽ പെരളശ്ശേരി, ആഡൂർ തുടങ്ങിയ രണ്ട് സംഘങ്ങൾക്കും നൽകുന്നു. പാൽ വിപണനത്തിൽ ഇതുവരെ യാതൊരു പ്രതിസന്ധിയും ഫാമിന് ഉണ്ടായിട്ടില്ല.

പശുക്കൾക്കുള്ള തീറ്റ മുഖ്യമായും ഗുരുത്വാഹാരത്തിലൂന്നിയുള്ളവയാണ്. ഒരേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നുണ്ടെങ്കിലും ഇത്രയും പശുക്കൾക്ക് ഇവിടെനിന്നും ലഭിക്കുന്ന പച്ചപ്പുൽ അപര്യാപ്തമാണ്. ഗോതമ്പ് തവിട്, ബീയർ വേസ്റ്റ് എന്നിവ തീറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ തീറ്റച്ചെലവ് ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ട്.

മണ്ണിര കമ്പോസ്റ്റ് ഇവിടെ നിന്നും വിപണനം ചെയ്യുന്നുണ്ട്. കൂടാതെ ഗോബർ ഗ്യാസ് പ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഗ്യാസ് പൈപ്പ്ലൈൻ വഴി സമീപ പ്രദേശത്തെ വീടുകളിൽ എത്തിക്കുന്നു.

സ്ഥാപനം നേരിട്ട് 8 പേർക്കാണ് ജോലി നൽകുന്നത്. ഇതിൽ 6 പേരും മഹിളാസമാജം മെമ്പർമാരാണ്. സ്ഥാപനത്തിന്റെ ആരംഭത്തിൽ

കറവയ്ക്കായി പുറമെ നിന്നും ആൾക്കാരെ നിയോഗിച്ചിരുന്നുവെങ്കിലും ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാപഞ്ചായത്തിന്റെ ധനസഹായത്തോടെ കറവയന്ത്രം സ്ഥാപിതമായതോടുകൂടി കറവയ്ക്കായി പ്രത്യേകം ആൾക്കാർ ഇന്ന് ആവശ്യമില്ലാതായി. പൂർണ്ണമായും കറവയന്ത്രം വഴി സ്ത്രീകൾ തന്നെയാണ് കറവ നടത്തുന്നത്. കറവയന്ത്രം സ്ഥാപിച്ചതോടുകൂടി ചെറിയ തോതിലാണെങ്കിലും പാൽ ഉൽപ്പാദനം വർദ്ധിച്ചു എന്നതാണ് ഇവിടത്തെ അനുഭവം.

ഫാം ഇന്ന് ലാഭകരമായാണ് പ്രവർത്തിക്കുന്നത്. സമയബന്ധിതമായ വികസന പ്രവർത്തനങ്ങൾ ലക്ഷ്യബോധത്തോടുകൂടി ആരംഭിച്ചിട്ടുണ്ട്. 260 പശുക്കളുടെ ഒരു വ്യാവസായിക ഫാം ആണ് ആത്യന്തിക ലക്ഷ്യം. ക്ഷീര വികസന വകുപ്പിന്റെ 'കിടാരി വളർത്തൽ' പദ്ധതി പ്രകാരം 30 കിടാരികൾ കൂടി വരുന്നതോടെ ഇവിടത്തെ ഉരുക്കളുടെ എണ്ണം മൊത്തം 80 ആകും. പാൽ ഉൽപ്പന്ന നിർമ്മാണം, ബയോഫെർട്ടിലൈസർ നിർമ്മാണം തുടങ്ങിയ സംരംഭങ്ങളും വികസന രൂപരേഖയിലുണ്ട്.

ക്ഷീരധാരാ ഡയറിഫാമിനെ ഒരു കേന്ദ്ര സംരംഭമായി നിലനിർത്തി സമീപപ്രദേശങ്ങളിൽ വീടുകളിൽ പശുവളർത്തൽ വ്യാപിപ്പിക്കുന്നതിന് ആർ. ഡി. സി. പ്രവർത്തകർ ശ്രമം ആരംഭിച്ചിട്ടുണ്ട്. മഹിളകളെ ലക്ഷ്യം വെച്ച് ഒരു പശു, രണ്ട് പശു യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ മിഷന്റെ കീഴിൽ 10 ഗുണഭോക്താക്കൾക്ക് 20 പശുക്കളെ വിതരണം ചെയ്യുന്നതിന് നടപടി പൂർത്തിയായിട്ടുണ്ട്. പാൽ സംഭരണം, കാലിത്തീറ്റ വിതരണം തുടങ്ങി പശുക്കളുടെ കറവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് കേന്ദ്രഫാം സഹായിക്കുന്ന സാഹചര്യത്തിൽ കൂടുതൽ പേർ കാലിവളർത്തലിലേക്ക് കടന്നു വരുന്നുണ്ട്. വിവിധ സാങ്കേതിക സഹായങ്ങൾക്കു പുറമെ പശുവളർത്തലിലുള്ള പരിശീലനവും ഇവിടെ നൽകുന്നുണ്ട്. ജില്ലയിലെ തന്നെ ഒരു മാതൃകാ ഡയറിഫാമാക്കി ക്ഷീരധാരാ ഡയറിഫാമിനെ വളർത്തി, ഒരു പരിശീലന കേന്ദ്രമാക്കി മാറ്റുക എന്നതാണ് ആർ. ഡി. സി. ഭാരവാഹികളുടെ മുഖ്യ ലക്ഷ്യം.

4 കടുത്തുരുത്തി ബ്ലോക്കിലെ ക്ഷീരപഥം

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റുകളുടെ ശൃംഖല ക്ഷീര വികസന മേഖലയിലെ ഒരു മാതൃകാ പദ്ധതിയാണെന്ന് ഏവരും സമ്മതിക്കും.

പാലിന്റെ വിൽപനയ്ക്ക് ആനുപാതികമായി ക്ഷീരകർഷകർക്ക് വില ലഭിക്കാതിരിക്കുന്നതും പാൽ സംഭരണത്തിന്റെ സുതാര്യതയില്ലായ്മയുമാണ് ക്ഷീരകർഷകരെ പാൽസംഭരണ സംഘങ്ങളിൽ നിന്ന് അകറ്റുന്ന മുഖ്യകാരണങ്ങൾ. ക്ഷീര സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം അപ്പോൾതന്നെ ഉറപ്പുവരുത്തി മെച്ചപ്പെട്ട വില ലഭിക്കുന്നതിന് കർഷകരെ പ്രചോദിപ്പിക്കുകയെന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ക്ഷീര സംഘങ്ങളുമായി കൂടിയാലോചിച്ച് ഓട്ടോമാറ്റിക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത്. ക്ഷീരവികസന വകുപ്പിന്റെ ആർ. കെ. വി. വൈ പദ്ധതിയുമായി സംയോജിച്ചതോടുകൂടി കുറഞ്ഞ മുതൽ മുടക്കിൽ ചെറിയ ക്ഷീരസംഘങ്ങൾക്കും പദ്ധതി ഏറ്റെടുക്കാമെന്ന അവസ്ഥയുണ്ടായി.

ക്ഷീരമേഖലയിൽ കടുത്തുരുത്തി ബ്ലോക്കിലെ വികസന പ്രവർത്തനങ്ങൾക്ക് സഹായം ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ച, ക്ഷീരസംഘങ്ങളുടെ കൂട്ടായ്മയാണ് ക്ഷീര സംരക്ഷണ സമിതി. ഈ സമിതിയുടെ നിരന്തരമായ പ്രവർത്തനഫലമായാണ് എ. എം. സി. യൂണിറ്റുകൾ സ്ഥാപിച്ചത്. കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പിൻതുണയും പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ക്ഷീരവികസന വകുപ്പിന്റെ സഹായവും

പദ്ധതി യാഥാർത്ഥ്യമാക്കി. 11 ക്ഷീരസംഘങ്ങളിൽ ഓട്ടോമാറ്റിക് പാൽ കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 19.365 ലക്ഷം രൂപ ചെലവായി. ഇതിൽ 5.55 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും 12.5 ലക്ഷം രൂപ ആർ. കെ. വി. വൈ പദ്ധതി പ്രകാരം ക്ഷീര വികസന വകുപ്പിൽനിന്നും ലഭിച്ചു. ബാക്കി തുക ഗുണഭോക്തൃവിഹിതമായി ശേഖരിച്ചു. പ്രോജക്ട് ആരംഭിച്ചതോടുകൂടി ക്ഷീരകർഷക സംഘത്തിൽ പാലളക്കുമ്പോൾ തന്നെ പാലിന്റെ അളവ്, കൊഴുപ്പ്, ഖരപദാർത്ഥങ്ങൾ, കറക്ടഡ് ലാക്ടോമീറ്റർ റീഡിംഗ്, ഒരു ലിറ്റർ പാലിന്റെ വില, ആകെ വില എന്നീ കാര്യങ്ങൾ മോണിറ്ററിൽ തെളിയുന്നത് ക്ഷീരകർഷകർക്ക് കണ്ട് ബോധ്യപ്പെടാനും രശീതി ശേഖരിക്കാനും അവസരമൊരുക്കുന്നു. പാലിന്റെ അളവിലും ഗുണനിലവാരത്തിലും ക്ഷീരകർഷകരും സംഘങ്ങളും തമ്മിലുള്ള തർക്കങ്ങൾ ഒഴിവാക്കുന്നതിനും പാലിന്റെ ഗുണനിലവാരം ഗണ്യമായി വർദ്ധിക്കുന്നതിനും ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഇത് കാരണമായി. ഉപകരണം സ്ഥാപിച്ച 11 ക്ഷീര സംഘങ്ങളിലെയും ഗുണനിലവാരത്തിലും വിലയിലും ഉണ്ടായ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	സംഘത്തിന്റെ പേര്	AMC സ്ഥാപിക്കുന്നതിനു മുമ്പ്			AMC സ്ഥാപിച്ചതിനു ശേഷം			പാൽ വില വർദ്ധനവ്
		Fat	SNF	Rate	Fat	SNF	Rate	
1.	കരിപ്പാടം	4.1	8.2	15.27	4.5	8.4	15.93	4.3
2.	എഴുമാന്തുരുത്ത്	4.0	8.4	15.53	4.2	8.7	16.05	3.3
3.	ഞീഴൂർ	4.0	8.3	15.14	4.3	8.4	15.67	3.5
4.	കപിക്കാട്	4.2	8.3	15.41	4.8	8.7	16.71	8
5.	പെരുന്തുരുത്ത്	4.0	8.3	15.13	4.5	8.7	16.31	7.8
6.	മുട്ടുചിറ	4.0	8.6	15.53	4.5	8.7	16.31	5.0
7.	കെ. എസ്. പുരം	4.2	8.3	15.41	4.8	8.7	16.71	8.4
8.	വാക്കാട്	4.1	8.3	15.27	4.3	8.6	15.92	4.3
9.	വടയാർ	4.2	8.3	15.41	4.5	8.4	15.93	3.3
10.	കാപ്പുന്തല	4.1	8.3	15.27	4.8	8.5	16.45	7.7
11.	മാഞ്ഞൂർ	4.1	8.3	15.27	4.3	8.4	15.93	4.3

ഇന്ന് മുട്ടുചിറ ക്ഷീര സംഘം ഒരു ലിറ്റർ പാലിന് ശരാശരി 18 രൂപ 18 പൈസ ക്ഷീര കർഷകർക്ക് നൽകുന്നുണ്ട്. കപിക്കാട് ക്ഷീര സംഘം ശേഖരിക്കുന്ന പാലിലെ ശരാശരി കൊഴുപ്പിന്റെ നിലവാരം 5 ശതമാനവും എസ്. എൻ. എഫ്. 8.6 ശതമാനവുമാണ്. ഉൽപ്പാദകരുടെ ആവശ്യം മനസ്സിലാക്കി തയ്യാറാക്കുന്ന പ്രോജക്ടുകൾ സമൂഹത്തിന് വളരെയധികം പ്രയോജനം ചെയ്യുമെന്നതിന് ഉത്തമോദാഹരണമാണ് കടുത്തുരുത്തി ബ്ലോക്കിലെ ക്ഷീരപഥം. ക്ഷീര സംഘങ്ങളുടേ വൈവിധ്യവൽക്കരണം ക്ഷീരസംഘങ്ങളുടെയും ക്ഷീര കർഷകരുടേയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്ന കാഴ്ചപ്പാടിൽ ഓരോ സംഘത്തേയും ഓരോ ജനസേവന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പരിശ്രമത്തിലാണ് പ്രോജക്ടിന്റെ അണിയറ ശിൽപ്പികൾ.

അനുബന്ധം: 1

ക്ഷീരസംഘങ്ങളുടെ കാര്യക്ഷമതയെ ബാധിക്കാവുന്ന ഘടകങ്ങളും പരിഹാര മാർഗ്ഗങ്ങളും

പ്രതികൂല ഘടകങ്ങൾ	കാരണങ്ങൾ	പരിഹാരമാർഗ്ഗങ്ങൾ
സംഘത്തിന് ലാഭം കുറയുന്നു.	• അനാവശ്യമായ ആസ്തി സ്വരൂപിക്കൽ • കിട്ടാക്കടങ്ങളുടെ വർദ്ധനവ് • ആവർത്തന ചെലവുകളുടെ വർദ്ധനവ് • ജീവനക്കാരുടെ കാര്യക്ഷമതക്കുറവ് • ആസൂത്രണത്തിന്റെ അഭാവം • ഉൽപ്പാദകരുടെ പങ്കാളിത്തക്കുറവ് • പാൽ സംഭരണവും പ്രാദേശിക വിപണനവും കുറയുന്നു. • യുവ സംരംഭകർ കടന്ന് വരുന്നില്ല	• ആവശ്യങ്ങൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആസ്തികൾ സ്വരൂപിക്കുക • അഡ്വാൻസുകൾക്ക് നിയന്ത്രണമേർപ്പെടുത്തുക. • തിരിച്ചടവ് ഉറപ്പാക്കി മാത്രം കടം നൽകുക • കിട്ടേണ്ട തുകകൾ ഈടാക്കാൻ നടപടി സ്വീകരിക്കുക • ചെലവുകളിന്മേൽ നിയന്ത്രണമേർപ്പെടുത്തുക • ആവശ്യമായ പരിശീലനം • പ്രവർത്തനമികവിന് അംഗീകാരം (ഇൻസെന്റീവ്) നൽകുക • ശരിയായ ആസൂത്രണത്തിലധിഷ്ഠിധമായ പ്രവർത്തനം നടത്തുക • ഉൽപ്പാദകരെ ആകർഷിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക. • ഗുണനിലവാരത്തിനനുസൃതമായി മെച്ചപ്പെട്ട വില നല്കി ഉൽപ്പാദകരേയും ഉപഭോക്താക്കളെയും ആകർഷിക്കുക.
ജീവനക്കാരുടെ കാര്യക്ഷമതക്കുറവ്	• ജോലിഭാരത്തിനനുസൃതമായ വേതനത്തിന്റെ അഭാവം	• കാലോചിതമായ സേവന വേതന വ്യവസ്ഥകൾ ഏർപ്പെടുത്തുക • ആവശ്യമായ പരിശീലനം നൽകുക

ക്ഷീരസംഘങ്ങളുടെ കാര്യക്ഷമതയെ ബാധിക്കാവുന്ന ഘടകങ്ങളും പരിഹാര മാർഗ്ഗങ്ങളും

പ്രതികൂലക ഘടകങ്ങൾ	കാരണങ്ങൾ	പരിഹാരമാർഗ്ഗങ്ങൾ
പാലിന്റെ ഗുണനിലവാര കുറവ്	• സുതാര്യതയുടെ അഭാവം • സ്ഥിരമായി ഒരേ വില ലഭിക്കുന്നില്ല • ജീവനക്കാരുടെ താല്പര്യക്കുറവ് • വിശ്വാസ്യതക്കുറവ് • വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ അപര്യാപ്തത • ക്ഷീരകർഷകരുടെ താല്പര്യക്കുറവ് • കൃത്യമല്ലാത്തതും കൃത്യതയില്ലാത്തതുമായ പാൽ പരിശോധന • ലാഭം മാത്രം ലക്ഷ്യമായിട്ടുള്ള പ്രവർത്തനം • ഉപകരണങ്ങളുടെ കൃത്യതയില്ലായ്മ • ബന്ധപ്പെട്ട ഏജൻസികളുടെ മേൽ നോട്ടക്കുറവ്	• ഓട്ടോമാറ്റിക് പാൽ പരിശോധന, കമ്പ്യൂട്ടർവത്കരണം • പരിശോധന കുറ്റമറ്റതും കൃത്യതയുള്ളതുമാക്കുക, പരിശോധനാ ഉപകരണങ്ങൾ യഥാസമയം കാലിബറേറ്റ് ചെയ്യുക. • ജീവനക്കാർക്ക് പരിശീലനവും ബോധവത്ക്കരണവും നൽകി സുതാര്യമായ പ്രവർത്തനങ്ങളിലൂടെ വിശ്വാസ്യത വീണ്ടെടുക്കുക. • വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക • വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് വിവിധ ഏജൻസികളുടെ ഫണ്ട് ഉപയോഗപ്പെടുത്തുക • കർഷക ബോധവൽക്കരണം, പരിശീലനം • ദീർഘ വീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനം • കർഷക ക്ഷേമപ്രവർത്തനങ്ങൾ നടത്തുക. • മേൽനോട്ടത്തിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും നൽകുക.

ക്ഷീരസംഘങ്ങളുടെ കാര്യക്ഷമതയെ ബാധിക്കാവുന്ന ഘടകങ്ങളും പരിഹാര മാർഗ്ഗങ്ങളും

പ്രതികൂല ഘടകങ്ങൾ	കാരണങ്ങൾ	പരിഹാരമാർഗ്ഗങ്ങൾ
സംഘാംഗങ്ങളുടെ പങ്കാളിത്തകുറവ്	• സ്ഥാപനം തന്റേതാണ് എന്ന തോന്നലില്ലായ്മ • ഭരണസമിതിയുടെ/ ജീവനക്കാരുടെ അഭിലഷണീയമല്ലാത്ത സമീപനം • സംഘം പ്രവർത്തനങ്ങളിലെ സുതാര്യതക്കുറവ് • അംഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളുടെ അഭാവം • അന്ധമായ രാഷ്ട്രീയ എതിർപ്പ് • സ്ഥാപനത്തിന്റെ പ്രസക്തിയെക്കുറിച്ചുള്ള ധാരണക്കുറവ് • അംഗങ്ങളുടെ കടമകളേയും കർത്തവ്യങ്ങളേയും കുറിച്ചുള്ള അജ്ഞത • സംഘത്തിന്റെ പ്രവർത്തനം ആ പ്രദേശത്തിന്റെ വികസനവുമായി ബന്ധപ്പെടത്തുന്നില്ല.	• അംഗങ്ങളുടെ അവകാശങ്ങളും കടമകളും സംബന്ധിച്ച് ബോധവൽക്കരണത്തിലൂടെയും പരിശീലനത്തിലൂടെയും മനോഭാവത്തിൽ ഗുണപരമായ മാറ്റം വരുത്തുക • യന്ത്രവത്ക്കരണം, കമ്പ്യൂട്ടർവത്ക്കരണം സംഘങ്ങളുടെ പൗരാവകാശ രേഖ എന്നിവയിലൂടെ സുതാര്യത ഉറപ്പാക്കുക. • ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക • സംഘത്തിന്റെ പ്രവർത്തനങ്ങളിൽ രാഷ്ട്രീയ അതിപ്രസരം ഒഴിവാക്കുക. • തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ പ്രവർത്തനത്തെ സഹായിക്കുകയും അർഹതയുള്ളവർക്ക് ധനസഹായം എത്തിച്ച് കൊടുക്കുകയും ചെയ്യുക

അനുബന്ധം : 2

രജിസ്ട്രാറുടെ അനുമതിക്കായി സംഘങ്ങൾ സമർപ്പിക്കേണ്ട രേഖകൾ

1. **സ്ഥലം വാങ്ങുന്നതിന് മുൻകൂർ അംഗീകാരത്തിനുള്ള അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ**

   1. സെക്രട്ടറിയുടെ അപേക്ഷ
   2. ഭരണ സമിതി തീരുമാനം
   3. പൊതുയോഗ തീരുമാനം
   4. ഓഡിറ്റ് ചെയ്ത ബാക്കിപത്രം
   5. അപേക്ഷയ്ക്ക് ഒരു മാസം മുൻപുള്ള താൽക്കാലിക ബാക്കിപത്രവും ധന സമാഹരണ സ്റ്റേറ്റ്മെന്റും.

   (മേൽ പറഞ്ഞ രേഖകൾ പ്രസിഡണ്ട്, സെക്രട്ടറി, കമ്മിറ്റി അംഗം എന്നിവർ സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസറുടെ വ്യക്തമായ ശുപാർശ സഹിതം ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.)

2. **സ്ഥലം വാങ്ങിയതിനുള്ള അംഗീകാരം വാങ്ങുന്നതിന് സമർപ്പിക്കേണ്ട രേഖകൾ**

   1. സെക്രട്ടറിയുടെ അപേക്ഷ
   2. സ്ഥലം വാങ്ങുന്നതിന് മുൻകൂർ അംഗീകാരം ലഭിച്ചതിന്റെ പകർപ്പ്
   3. ഭരണസമിതി തീരുമാനം
   4. സ്ഥലം വാങ്ങിയതിനും ഫണ്ട് ചെലവഴിച്ചതിനും അംഗീകാരം നൽകിക്കൊണ്ടുള്ള പൊതുയോഗ തീരുമാനം
   5. ലാൻഡ് വാല്യുവേഷൻ

   6. പൊസഷൻ സർട്ടിഫിക്കറ്റ്
   7. ആധാരത്തിന്റെ പകർപ്പ്
   8. നികുതി അടച്ച രസീത്
   9. ലൊക്കേഷൻ സ്കെച്ച് (പ്ലാൻ)

   (മേൽ പറഞ്ഞ രേഖകൾ പ്രസിഡണ്ട്, സെക്രട്ടറി, കമ്മിറ്റി അംഗം എന്നിവർ സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസറുടെ വ്യക്തമായ ശുപാർശ സഹിതം ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.)

3. **കെട്ടിടം നിർമ്മിക്കുന്നതിനുള്ള മുൻകൂർ അനുമതി ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

   1. സെക്രട്ടറിയുടെ അപേക്ഷ
   2. സ്ഥലം വാങ്ങിയതിന് അംഗീകാരം ലഭിച്ചതിന്റെ പകർപ്പ്
   3. ഭരണസമിതി തീരുമാനം
   4. പൊതുയോഗതീരുമാനം
   5. പ്ലാൻ & എസ്റ്റിമേറ്റ് പി. ഡി എൻജിനീയറുടെ സാക്ഷ്യപത്രം സഹിതം ഭരണസമിതി അംഗീകരിച്ച് ഡയറി എക്സ്റ്റൻഷൻ ഓഫീസർ മേലൊപ്പ്
   6. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
   7. ഏജ് സർട്ടിഫിക്കറ്റ്/സോയിൽ സർട്ടിഫിക്കറ്റ്
   8. ഓഡിറ്റ് ചെയ്ത ബാക്കി പത്രം
   9. അപേക്ഷയ്ക്ക് ഒരു മാസം മുൻപത്തെ താൽക്കാലിക ബാക്കി പത്രവും ധനസമാഹരണ സ്റ്റേറ്റ്മെന്റും

   (മേൽപറഞ്ഞ രേഖകൾ പ്രസിഡന്റ്, സെക്രട്ടറി, കമ്മിറ്റി അംഗം എന്നിവർ സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസറുടെ

വ്യക്തമായ ശുപാർശ സഹിതം ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.)

4. കെട്ടിടം നിർമ്മിച്ചതിന്റെ അനുമതി ലഭിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ

1. സെക്രട്ടറിയുടെ അപേക്ഷ
2. കെട്ടിടം നിർമ്മിക്കുന്നതിനുള്ള മുൻകൂർ അനുമതി ലഭിച്ചതിന്റെ പകർപ്പ്
3. ഭരണസമിതി തീരുമാനം
4. പൊതുയോഗ തീരുമാനം
5. വാല്യുവേഷൻ സർട്ടിഫിക്കറ്റ്
6. പൂർത്തീകരണ സർട്ടിഫിക്കറ്റ്

(മേൽപറഞ്ഞ രേഖകൾ പ്രസിഡന്റ്, സെക്രട്ടറി, കമ്മിറ്റി അംഗം എന്നിവർ സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസറുടെ വ്യക്തമായ ശുപാർശ സഹിതം ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.)

5. കെട്ടിട ഫണ്ടിലേക്ക് തുക വകമാറുന്നതിന്

1. സെക്രട്ടറിയുടെ അപേക്ഷ
2. ഭരണസമിതി തീരുമാനം
3. പൊതുയോഗതീരുമാനം
4. സംഘത്തിന്റെ ഒരു വർഷത്തെ പാലളവ് സ്റ്റേറ്റ്മെന്റ്
5. ലാഭ വിഭജന സ്റ്റേറ്റ്മെന്റ്

(മേൽപറഞ്ഞ രേഖകൾ പ്രസിഡന്റ്, സെക്രട്ടറി, കമ്മിറ്റി അംഗം എന്നിവർ സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസറുടെ വ്യക്തമായ ശുപാർശ സഹിതം ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.)

6. ബൈലോ ഭേദഗതി അംഗീകാരം ലഭിക്കുന്നതിനാവശ്യമായ രേഖകൾ

കേരള സഹകരണ സംഘം നിയമം വകുപ്പ് 10, 11, 12, ചട്ടം 9. പൊതുയോഗം ചേർന്ന് ഒരു മാസത്തിനകം രേഖകൾ ക്ഷീരവികസന ഓഫീസർ മുഖേനെ ഡയറി രജിസ്ട്രാർക്ക് സമർപ്പിച്ചിരിക്കണം.

1. സംഘം സെക്രട്ടറിയുടെ അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം)

2. ഭേദഗതി ഭരണസമിതി ചർച്ച ചെയ്ത് അംഗീകരിച്ച തീരുമാനപകർപ്പ് കേരള സഹകരണ സംഘം നിയമം ചട്ടം 32 പ്രകാരം.

3. വാർഷിക പൊതുയോഗ തീരുമാനം (2/3 ഭൂരിപക്ഷത്തോടെ പാസ്സായിരിക്കണം.)

4. വാർഷിക പൊതുയോഗ നോട്ടീസ്.

5. പൊതുയോഗ നോട്ടീസ് എല്ലാ മെമ്പർമാർക്കും നിയമാനുസൃതമായി അയച്ചിട്ടുണ്ടെന്നതിനുള്ള സെക്രട്ടറിയുടെ സാക്ഷ്യപത്രം.

6. കേരള സഹകരണ സംഘം നിയമം 9 പ്രകാരമുള്ള പ്രൊഫോർമ

7. സർക്കിൾ സഹകരണ യൂണിയൻ അഫിലിയേറ്റ് ചെയ്തിട്ടുള്ളതിന്റെ സർട്ടിഫിക്കറ്റ്.

8. 4 രൂപ ചെലാൻ അടച്ചതിന്റെ ഒറിജിനൽ (ഹെഡ്ഓഫ് അക്കൗണ്ട് -0404800,88 അദർ ഐറ്റംസ്.)

9. ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേഷൻ ഉണ്ടെങ്കിൽ സെക്രട്ടറിയുടെ സാക്ഷ്യപത്രം.

10. ഭേദഗതി ചെയ്യുന്ന ബൈലോ ക്ലോസിന്റെ നിലവിലുള്ളതും, ഭേദഗതിക്കുശേഷവും , ഭേദഗതി ചെയ്യുന്നതിന്റെ നീതീകരണവും (7 റൂൾ 9(3) പൂർണ്ണരൂപത്തിൽ എഴുതിയതിന്റെ പകർപ്പ് 2 എണ്ണം).

11. ഭേദഗതിക്കുശേഷം നിലവിൽ വരുന്ന ബൈലോ ക്ലോസ്സിന്റെ പൂർണ്ണരൂപം (സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത്.) 4 പകർപ്പ്

12. സംഘം സെക്രട്ടറിയുടെ വ്യക്തമായ അപേക്ഷ (കവറിംഗ് ലെറ്റർ).

7. **ഉപചട്ടങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനാവശ്യമായ രേഖകൾ** (പി. എഫ്, ഗ്രാറ്റുവിറ്റി, ദാനനിധി, കന്നുകാലി വികസന നിധി, സഹകരണ പ്രചാരണത്തിന്)

1. സംഘം സെക്രട്ടറിയുടെ അപേക്ഷ
2. ഭരണസമിതി തീരുമാനം
3. വാർഷിക പൊതുയോഗ തീരുമാനം
4. വാർഷിക പൊതുയോഗ നോട്ടീസ്
5. പൊതുയോഗ നോട്ടീസ് എല്ലാമെമ്പർമാർക്കും നിയമാനുസൃതം അയച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം.
6. കേരള സഹകരണ സംഘം നിയമം വകുപ്പ് 9 പ്രകാരമുള്ള പ്രൊഫോർമ.
7. സർക്കിൾ സഹകരണ യൂണിയനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതിന്റെ സർട്ടിഫിക്കറ്റ്.
8. ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ സെക്രട്ടറിയുടെ സാക്ഷ്യപത്രം.
9. 50 രൂപ ചെലാൻ അടച്ചതിന്റെ ഒറിജിനൽ
10. അംഗീകാരം ലഭിക്കേണ്ട ഉപചട്ടം - പകർപ്പ്

അനുബന്ധം : 3

ക്ഷീരസംഘങ്ങളുടെ ഓഡിറ്റ് സുഗമമാക്കാൻ ചെയ്യേണ്ട കാര്യങ്ങൾ

ക്ഷീര സഹകരണ സംഘത്തിന്റെ കണക്കെഴുത്ത്, സാമ്പത്തിക ഇടപാടുകൾ എന്നിവയുടെ പരിശോധന മാത്രമല്ല സഹകരണ ഓഡിറ്റ് ഭരണപരമായ നടത്തിപ്പിന്റെ വിലയിരുത്തൽ, സംഘത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളുടെ വിലയിരുത്തൽ എന്നിവയും അതിൽപ്പെടും. അതുകൊണ്ട് ഓഡിറ്റ് സുഗമമാക്കാൻ മേൽപറഞ്ഞ കാര്യങ്ങളിലെല്ലാം കുറ്റമറ്റ പ്രവർത്തനം കാഴ്ച വയ്ക്കാൻ സംഘത്തിന് കഴിയണം. കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ, കാര്യങ്ങൾ അടുക്കും ചിട്ടയോടും കൂടിചെയ്യുന്നതിൽ സെക്രട്ടറിമാർ ശുഷ്ക്കാന്തി കാണിച്ചാൽ കാര്യങ്ങൾ എളുപ്പമാകും.

1. ഓഡിറ്റ് സംബന്ധിച്ച അറിയിപ്പ് ലഭിച്ചാൽ സംഘം സെക്രട്ടറി താഴെപറയുന്ന കാര്യങ്ങൾ സമയബന്ധിതമായിതന്നെ ചെയ്തുതീർക്കുക.
   1. കണക്കെടുപ്പും അനുബന്ധജോലികളും പൂർണ്ണമാക്കുക
   2. രശീതികളും വൗച്ചറുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് എളുപ്പമാകും വിധം അടുക്കി വയ്ക്കുക
2. താഴെ പറയുന്ന സ്റ്റേറ്റുമെന്റുകൾ തയ്യാറാക്കുക.
   1. വരവ് ചെലവ് കണക്ക്
   2. പാൽ വില കൊടുക്കാനുള്ളതിന്റെ പട്ടിക
   3. കാലിത്തീറ്റ അഡ്വാൻസ് ലഭിക്കാനുള്ളതിന്റെ പട്ടിക
   4. ആകെയുള്ള ഓഹരികളുടെ പട്ടിക
   5. ഭരണസമിതി അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയ അസറ്റ് സർട്ടിഫിക്കറ്റ്
   6. ജീവനക്കാരുടെ ലിസ്റ്റ് (സെക്യൂരിറ്റി, ശമ്പളം, വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജോലിയിൽ പ്രവേശിച്ച തീയതി എന്നീ വിവരങ്ങൾ ഉൾപ്പെട്ട ലിസ്റ്റ്)

7. സംഘത്തിൽ നിന്നും കൊടുക്കാനുള്ളതും കിട്ടാനുള്ളതുമായ തുകകളുടെ ലിസ്റ്റുകൾ

8. മറ്റ് സ്ഥാപനങ്ങളുടെ ഓഹരികൾ എടുത്തിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾ

9. ബാങ്ക് ബാലൻസുകളുടെ സ്ഥിരീകരണ സ്റ്റേറ്റ്മെന്റ്

10. മുൻവർഷത്തെ ലാഭവിഭജന തീരുമാന പകർപ്പ്

11. സ്റ്റോക്ക് പരിശോധനാ റിപ്പോർട്ട്

3. ജനറൽ ലഡ്ജർ ബാലൻസുകളും ലിസ്റ്റുകളും തമ്മിൽ വ്യത്യാസമില്ലെന്ന് ഉറപ്പുവരുത്തുക.

4. താഴെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി മുൻ വർഷത്തെ ഒരു പെർഫോർമൻഡ് റിപ്പോർട്ട് തയ്യാറാക്കിവയ്ക്കുക.

1. ആകെ സംഭരിച്ച പാൽ

2. ഡയറിക്കയച്ച പാൽ

3. ഡയറിയിൽ നിന്നും ലഭിച്ച അളവും വിലയും

4. പ്രാദേശിക വിൽപന

5. ആകെ വിൽപന

6. വാങ്ങിയ കാലിത്തീറ്റ (ഇനം തിരിച്ച് പ്രത്യേകം)

7. കാലിത്തീറ്റ വിറ്റത്

8. വിവിധ കമ്പനികൾക്ക് കാലിത്തീറ്റ വില കൊടുക്കാനുള്ളത്

9. പൊതുയോഗം കൂടിയിട്ടുണ്ടെങ്കിൽ തീയതി

10. കൂടിയ ഭരണ സമിതിയോഗങ്ങളുടെ എണ്ണം

11. ബജറ്റ് പാസ്സാക്കിയിട്ടുണ്ടെങ്കിൽ, പാസ്സാക്കിയ പൊതുയോഗ തീരുമാനത്തിന്റെ പകർപ്പ്

12. പാൽ അളന്ന മെമ്പർമാരുടെ എണ്ണം

13. ചേർന്നിട്ടുള്ള മെമ്പർമാരുടെ എണ്ണം

14. നിയമാവലി ഭേദഗതികളുടെ എണ്ണം

15. സംഘത്തിന് ലഭിച്ചിട്ടുള്ള ധനസഹായങ്ങൾ

16. വിജ്ഞാന വ്യാപന പരിപാടികൾ

17. ക്ഷേമ പ്രവർത്തനങ്ങൾ

അനുബന്ധം : 4

പാലിന്റെ ഗുണനിലവാര പരിശോധന-സൂചിക

ക്രമ നം.	പരിശോധന	ഉദ്ദേശ്യം
1.	ഓർഗനോലെപ്റ്റിക് പരിശോധന	കണ്ണ്, മൂക്ക്, നാക്ക് തുടങ്ങിയവ കൊണ്ട് പാലിന്റെ നിറം, മണം, രുചി, മറ്റ് പദാർത്ഥങ്ങൾ എന്നിവ കണ്ടുപിടിച്ച് പാലിന്റെ പ്രാഥമിക പരിശോധന നടത്തുക
2.	പി. എച്ച്	പാലിന്റെ അമ്ലത കണ്ടുപിടിക്കുക
3.	സി. ഒ. ബി പരിശോധന	പാലിന്റെ അമ്ലത കണ്ടുപിടിക്കുക
4.	ആൾക്കഹോൾ പരിശോധന	കന്നിപ്പാൽ, അകിടുവീക്കം ബാധിച്ച പശുവിന്റെ പാൽ എന്നിവ കണ്ടുപിടിക്കുക
5.	അലിസാറിൻ - ആൾക്കഹോൾ	അംമ്ലത കണ്ടുപിടിക്കുക
6.	റിസാസുറിൻ ടെസ്റ്റ്	പാലിന്റെ ശുചിത്വം സംബന്ധിച്ച പ്രാഥമിക പരിശോധന
7.	എം. ബി. ആർ. ടി	അണുഗുണ നിലവാരം സംബന്ധിച്ച പ്രാഥമിക പരിശോധന
8.	അസിഡിറ്റി ടെസ്റ്റ്	പാലിന്റെ അമ്ലത കണ്ടുപിടിക്കുക
9.	ഗ്രാവിമെട്രിക് ടെസ്റ്റ്	പാലിന്റെ മൊത്തം ഖരപദാർത്ഥം കണ്ടുപിടിക്കുക.
10.	ലാക്ടോമീറ്റർ ടെസ്റ്റ്	പാലിൽ വെള്ളം ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുക
11.	ഗർബർ രീതി	പാലിലെ കൊഴുപ്പ് കണ്ടുപിടിക്കുക
12.	റോസ് - ഗോട്ടിലിബ് രീതി	പാലിലെ കൊഴുപ്പ് കണ്ടുപിടിക്കുക
13.	മോജോണിയർ രീതി	പാലിലെ കൊഴുപ്പ് കണ്ടുപിടിക്കുക
14.	ജൽഡാൽ രീതി	പാലിലെ കൊഴുപ്പ് കണ്ടുപിടിക്കുക
15.	ഫോസ്ഫറ്റേസ് ടെസ്റ്റ്	കൃത്യമായി പാൽ പാസ്ചുറൈസ് ചെയ്തുവോ എന്ന് കണ്ടുപിടിക്കുക
16.	ടർബിഡിറ്റി ടെസ്റ്റ്	പാൽ സ്റ്റെറിലൈസ് ചെയ്തുവോ എന്ന് പരിശോധിക്കുക. (സ്യൂട്യാണുക്കളെ നിർമ്മാർജ്ജനം ചെയ്തുവോ എന്ന് പരിശോധിക്കുക)
17.	സ്റ്റാൻഡാർഡ് പ്ലേറ്റ് കൗണ്ട്	പാലിലെ സ്യൂട്യാണുക്കളുടെ എണ്ണം പരിശോധിക്കുക
18.	കോളിഫോം കൗണ്ട്	കോളിഫോം ബാക്ടീരിയകളുടെ സാന്നിദ്ധ്യം പരിശോധിക്കുക (വിസർജ്ജ്യത്തിനുള്ള അണുക്കൾ)

അനുബന്ധം : 5

ക്ഷീര വികസനം-
നബാർഡ് യൂണിറ്റ് നിരക്കുകൾ

02-08-07 ന് അംഗീകരിച്ചത്

ഒരു പശു യൂണിറ്റ്

ഇനം	**തുക**	**തിരിച്ചടവ് കാലയളവ്**
പശു (8 ലിറ്റർ പ്രതിദിന)	11200	6 വർഷം
കന്നുകാലി	700	
പാൽ പാത്രം	500	
കാലിത്തൊഴുത്ത് (65 Sq.feet)	4550	
കാലിത്തീറ്റ (പ്രതിദിനം 8 കി.ഗ്രാം)	960	
ചികിത്സാചെലവ്	200	
ഇൻഷൂറൻസ്	784	
ആകെ	**18894 (18900)**	

രണ്ട് പശു യൂണിറ്റ്

പശു	22400	6 വർഷം
കന്നുകാലി	1400	
പാൽ പാത്രം	1000	
കാലിത്തൊഴുത്ത്	9100	
കാലിത്തീറ്റ (പ്രതിദിനം 8 കി.ഗ്രാം)	1920	
ചികിത്സാചെലവ്	400	
ഇൻഷുറൻസ്	1568	
ആകെ	**37788 (37800)**	

മൂന്ന് പശു യൂണിറ്റ്

പശു	33600	6 വർഷം
കന്നുകാലി	2100	
പാത്രം	1500	
കാലിത്തൊഴുത്ത്	13650	
കാലിത്തീറ്റ	2880	
പുൽകൃഷി	5000	
ചികിത്സാ ചെലവ്	600	
ഇൻഷൂറൻസ്	2352	
ആകെ	**61682 (61700)**	

നാല് പശു യൂണിറ്റ്

പശു	44800	6 വർഷം
കന്നുകാലി	2800	
പാത്രം	2000	
കാലിത്തൊഴുത്ത്	18200	
കാലിത്തീറ്റ	3840	
പുൽകൃഷി	10000	
ചികിത്സാ ചെലവ്	800	
ഇൻഷൂറൻസ്	3136	
ആകെ	**85576(85600)**	

പത്തു പശു യൂണിറ്റ്

പശു	112000	6 വർഷം
കന്നുകാലി	7000	
പാത്രം	5000	
കാലിത്തൊഴുത്ത്	65000	
കാലിത്തീറ്റ	9600	

പുൽകൃഷി	10000	
ചികിത്സാ ചെലവ്	2000	
ഇൻഷൂറൻസ്	7840	
ആകെ	**218440 (218000)**	

രണ്ട് എരുമ യൂണിറ്റ്

എരുമ	19800	5-6 വർഷം
കന്നുകാലി	1400	
പാത്രം	1000	
കാലിത്തൊഴുത്ത്	9100	
കാലിത്തീറ്റ	1632	
ചികിത്സാ ചെലവ്	400	
ഇൻഷൂറൻസ്	1386	
ആകെ	**34718 (34700)**	

പശുക്കുട്ടി വളർത്തൽ യൂണിറ്റ്

പശുക്കുട്ടി	-	7 വർഷം
തീറ്റച്ചെലവ്	13600	
ആരോഗ്യസംരക്ഷണം	330	
ഇൻഷൂറൻസ്	440	
ആകെ	**14370 (14400)**	

ആട് വളർത്തൽ യൂണിറ്റ്

ആട്-3	6000	5-6 വർഷം
തൊഴുത്ത്	2000	
ഇൻഷൂറൻസ്	435	
തീറ്റ		800
ചികിത്സ	200	
മുട്ടനാട്-1	3500	
ആകെ	**12935 (12900)**	

മുയൽ വളർത്തൽ യൂണിറ്റ്

(10 പെൺ മുയൽ+ 2 ആൺ മുയൽ)

മുയൽ-12	1620	6 വർഷം
കൂട്	6000	
ഹഡ്ജ്	6000	
അറ	8250	
തീറ്റ	3300	
ഇൻഷൂറൻസ്	500	
ആകെ	**25670**	

പന്നി വളർത്തൽ യൂണിറ്റ്-10 എണ്ണം

പന്നി	10500	6 വർഷം
കൂട്	15000	
തീറ്റ	9000	
വെയ്സ്റ്റ് ചാർജ്	2100	
ഇൻഷൂറൻസ്	350	
മരുന്ന്	500	
ആകെ	**37450**	

പന്നി പ്രജനന യൂണിറ്റ് (3 പെൺ+ 1 ആൺ)

പന്നി	4000	6 വർഷം
കൂട്	31500	
തീറ്റ	18280	
വെയ്സ്റ്റ് ചാർജ്	3875	
ഇൻഷൂറൻസ്	400	
മരുന്ന്	500	
ആകെ	**58555 (58600)**	

കോഴി വളർത്തൽ യൂണിറ്റ് (250 എണ്ണം)

കൂട വർഷം		25000	6
കോഴിക്കുഞ്ഞ്	3570		
പാത്രം	2750		
തീറ്റ		12250	
മരുന്ന്	1225		
ഇൻഷൂറൻസ്	115		
ആകെ	**44910 (44900)**		

കോഴി വളർത്തൽ യൂണിറ്റ് (500 എണ്ണം)

കൂട വർഷം		50000	6
കോഴിക്കുഞ്ഞുങ്ങൾ	7140		
പാത്രം	5500		
തീറ്റ		24500	
മരുന്ന്	2450		
ഇൻഷൂറൻസ്	225		
ആകെ	**89815 (89800)**		

അനുബന്ധം : 6

പൗരാവകാശരേഖ - 1

................................ക്ഷീരോൽപ്പാദക സഹകരണ സംഘം

ക്ലിപ്തം നമ്പർ..................................

1. പ്രസിഡന്റ്: ശ്രീ/ശ്രീമതി :
2. സെക്രട്ടറി: ശ്രീ/ശ്രീമതി :
3. ഓഫീസ് ആസ്ഥാനം :
   സംഘം രജിസ്റ്റർ ചെയ്ത തീയതി :
4. ഡിപ്പോകൾ : ....എണ്ണം (.................)
   സംഘം പ്രവർത്തനം ആരംഭിച്ച തീയതി :
5. പാൽ സംഭരണ കേന്ദ്രങ്ങൾ എണ്ണം (..) : ....
6. പ്രവർത്തന പരിധി : .... ഗ്രാമപഞ്ചായത്തിലെ ....വാർഡുകൾ
7. പ്രവർത്തന സമയം : ....

ക്രമ നമ്പർ	പേര്	
1	ഓഫീസ്	
2	ഡിപ്പോകൾ	
3	പാൽസംഭരണ കേന്ദ്രങ്ങൾ	
4	കാലിത്തീറ്റവിൽപന കേന്ദ്രം	
5	പാൽ വില വിതരണം	
6	പരാതി പരിഹാര സെൽ	
8.	ഭരണസമിതിയോഗം	: മാസത്തിലൊരിക്കൽ
9.	ജീവനക്കാരുടെ യോഗം	: മാസത്തിലൊരിക്കൽ
10.	സംഘം പൊതുയോഗം	: വർഷത്തിലൊരിക്കൽ
11.	സ്റ്റോക്ക് പരിശോധന	: 3 മാസത്തിലൊരിക്കൽ
12.	നിലവിലുള്ള സേവനം	

ക്രമ നം	സേവനം	നിബന്ധന	സമയപരിധി	അടയ്ക്കേണ്ട തുക	കുറിപ്പ്
1	അംഗത്വം	120 ദിവസത്തിൽ 90 ദിവസം പാൽ അളക്കൽ, പ്രവർത്തന പരിധിയിൽ സ്ഥലം/താമസം, നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ	അപേക്ഷ ലഭിച്ച് ശേഷം തൊട്ട ടുത്ത ഭരണസ മിതി	കുറഞ്ഞത് 10 രൂപ അംഗത്വ ഫീസ്, 1 രൂപ പ്രവേശന ഫീസ്	
2	സംഘ ത്തിൽ പാൽ അളക്കൽ	അപേക്ഷ സമർപ്പിക്കൽ- പാൽ പരിശോധന, പാസ്ബുക്ക് വാങ്ങൽ	പാസ്ബുക്ക് ലഭി ച്ചതിനുശേഷം പിറ്റേ ദിവസം മുതൽ	പാസ്ബുക്കിന്റെ വില	
3	പാൽ സംഭ രണം	ഗുണനിലവാരത്തിന്റെ അടി സ്ഥാനത്തിൽ	ദിവസേന രണ്ട് നേരം	ഇല്ല	
4	പാൽ വില നൽകൽ	ചാർട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചിത കേന്ദ്രങ്ങളിൽ	10 ദിവസത്തി ലൊരിക്കൽ	ഇല്ല	
5	കാലി ത്തീറ്റ വിതരണം	നിശ്ചിത സമയങ്ങളിൽ		നിശ്ചിത വില ഈടാക്കി	
6	KDFWF അംഗത്വം	മുൻ വർഷം 500 ലിറ്റർ പാൽ നൽകുക, സംഘ ത്തിന്റെ പരിധിയിൽ താമ സിക്കുക	ഓഫീസ് സമയങ്ങളിൽ	അംഗത്വ ഫീസ് 100 രൂപ	ക്ഷീര കർഷക ക്ഷേമ നിധി ബോർഡ്
7	അംശാ ദായം സ്വീകരി ക്കൽ	സംഘത്തിൽ പാലളക്കുന്നവർ	മാസത്തിലൊരി ക്കൽ	പ്രതിമാസം 20 രൂപ	ക്ഷേമ നിധി ബോർഡി ലേക്ക് അട യ്ക്കുന്നു

ക്രമ നം	സേവനം	നിബന്ധന	സമയപരിധി	അടയ്ക്കേണ്ട തുക	കുറിപ്പ്
8	ബോണസ് വിതരണം	അംഗത്വം, പാലിന്റെ അള വ്,ഓഡിറ്റ് റിപ്പോർട്ട് പ്രകാരം	അപേക്ഷ ലഭിച്ച് ശേഷം തൊട്ട ടുത്ത ഭരണ സമിതി	കുറഞ്ഞത് 10 രൂപ അംഗത്വ ഫീസ്, 1 രൂപ പ്രവേശന ഫീസ്	
9	വേനൽ ക്കാല അധിക വില	ഭരണസമിതി തീരുമാന പ്രകാരം രജിസ്ട്രാറുടെ അനുമതിയോടെ	ഭരണസമിതി തീരുമാന പ്രകാരം	ഇല്ല	
10	ക്ഷീര കർഷക പെൻഷൻ	KDFWF ൽ അംഗത്വം എടുത്തതിനുശേഷം 5 വർഷം 500 ലിറ്റർ പാൽ സംഘത്തിൽ നൽകൽ, 60 വയസ് പൂർത്തീകരിക്കൽ, നിശ്ചിത ഫോറത്തിൽ അപേ ക്ഷ, വയസ്സ് തെളിയിക്കുന്ന തിനുള്ള രേഖ, നോമിനേ ഷൻ ഫോറം	KDFWF ബോർഡിന്റെ അംഗീകാരം	ഇല്ല	ക്ഷേമ നിധി ബോർഡ് മുഖേന

പൗരാവകാശരേഖ

2. ജില്ലാ വെറ്ററിനറി കേന്ദ്രം

ഞങ്ങളുടെ ദൗത്യം :

1. വെറ്ററിനറി സേവന രംഗത്ത് ജില്ലാതല റഫറൽ കേന്ദ്രമായി പ്രവർത്തിക്കുക.
2. സ്ഥാപനത്തിന്റെ അധികാര പരിധിയിലുള്ള പ്രദേശത്തെ പക്ഷിമൃഗാദി കളുടെ ചികിത്സയും രോഗ പ്രതിരോധ നടപടികളും നിർവഹിക്കുക.
3. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുക.

ഞങ്ങളുടെ പ്രവർത്തന സമയം

സാധാരണ ദിവസം	:	രാവിലെ 8 മുതൽ രാത്രി 8 മണിവരെ രണ്ട് ഷിഫ്റ്റായി പ്രവർത്തിക്കുന്നു
ഞായറാഴ്ച	:	രാവിലെ 9 മണി മുതൽ 1 മണിവരെ
മറ്റ് അവധി ദിവസം	:	രാവിലെ 9 മണിമുതൽ 1 മണിവരെ

ഞങ്ങളുടെ കടമ

1. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പക്ഷിമൃഗാദികളുടെ ചികിത്സ ഏറ്റെടുക്കുക

2. ഈ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ വരുന്ന മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.
3. ജില്ലയിൽ പകർച്ചവ്യാധികൾക്കെതിരെ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കുക.
4. സർക്കാർ നിബന്ധനകൾക്ക് വിധേയമായി കന്നുകാലികൾക്ക് രോഗപ്രതിരോധ കുത്തിവെപ്പുകൾ കാര്യക്ഷമമായി നടപ്പാക്കുക.
5. പശു, എരുമ എന്നിവയുടെ പ്രജനനത്തിനും വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനും സർക്കാർ നിർദ്ദേശാനുസൃതമായി കൃത്രിമ ബീജദാന സൗകര്യം ലഭ്യമാക്കുക.
6. മൃഗങ്ങൾക്ക് ആവശ്യമായിവരുന്ന ശസ്ത്രക്രിയകൾ കാര്യക്ഷമമായി ചെയ്തു കൊടുക്കുക.
7. ഓരോ ഷിഫ്റ്റിലും ഡ്യൂട്ടിയിൽ ഉള്ള ഡോക്ടർമാരുടെ പേരുവിവരം പ്രദർശിപ്പിക്കുക.
8. ഈ സ്ഥാപനത്തോടനുബന്ധിച്ചുള്ള ക്ലിനിക്കൽ ലാബോറട്ടറി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക. ജില്ലയിലെ മറ്റു മൃഗചികിത്സാ കേന്ദ്രങ്ങളിൽ നിന്നും കൊണ്ടുവരുന്ന സാംപിളുകൾ പരിശോധിച്ച് ഫലം നൽകുക.
9. ആവശ്യമായ സമയങ്ങളിലും പ്രദേശങ്ങളിലും ക്യാമ്പ് ഡിസ്പെൻസറികൾ സംഘടിപ്പിക്കുക.
10. കന്നുകാലികളേയും പക്ഷികളേയും ഇൻഷുർ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക
11. ഇൻഷുറൻസ് ആനുകൂല്യം കർഷകർക്ക് സമയബന്ധിതമായി ലഭിക്കുന്നതിന് സഹായിക്കുക.
12. ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണത്തിനായി മറ്റു സ്ഥാപനങ്ങളും സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുക
13. മൃഗ സംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുക.

14. മൃഗസംരക്ഷണ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുക

15. ജന്തുദ്രോഹ നിയമങ്ങളെകുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക

ഈ സ്ഥാപനത്തിൽ നിലവിലുള്ള സേവനങ്ങളുടെ സർക്കാർ അംഗീകൃത നിരക്ക്

കൃത്രിമ ബീജദാനം	35 രൂപ
കൃത്രിമ ബീജദാനം (പ്രീമിയം ബുൾ സെമൻ)	50 രൂപ
ഓമനമൃഗങ്ങളുടെ ചികിത്സാഫീസ്	5 രൂപ

പരാതി പരിഹാരം

ഈ സ്ഥാപനത്തിന്റെ പ്രവർത്തനം, സേവനം എന്നിവയെ സംബന്ധിച്ച പരാതികൾ ആദ്യം ചീഫ് വെറ്ററിനറി ഓഫീസർക്കും അതിൻമേൽ പരിഹാരം ഉണ്ടായില്ലെങ്കിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്കും നൽകേണ്ടതാണ്.

ഞങ്ങളുടെ മേൽവിലാസം :

ചീഫ് വെറ്ററിനറി ഓഫീസർ

ജില്ലാ വെറ്ററിനറി കേന്ദ്രം

സമീപത്തുള്ള മറ്റ് മൃഗസംരക്ഷണ സ്ഥാപനങ്ങൾ

(സമീപത്തുള്ള മറ്റു മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ പേരുവിവരവും അവിടേയ്ക്കുള്ള ദൂരവും) ജില്ലാ മൃഗസംരക്ഷണ ഓഫീസുകളുടെ മേൽവിലാസവും

3. ഊർജ്ജിത കന്നുകാലി വികസന പദ്ധതി-ഉപകേന്ദ്രം

ഞങ്ങളുടെ ദൗത്യം

1. കൃത്രിമ ബീജസങ്കലന പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കുക.
2. കന്നുകാലികൾക്ക് ആവശ്യമായ പ്രാഥമിക ശുശ്രൂഷകൾ നൽകുക.

ഉപകേന്ദ്രത്തിലെ ജീവനക്കാർ

1.	ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ	1
2.	താൽക്കാലിക ജീവനക്കാർ	1

പ്രവർത്തന സമയം

സാധാരണ ദിവസം : രാവിലെ 9 മുതൽ 1 മണി വരെ

ഉച്ചക്കു ശേഷം 2 മുതൽ 4 മണി വരെ

അവധി ദിവസം : രാവിലെ 9.30 മുതൽ 12 മണി വരെ

(എല്ലാ ദിവസവും രാവിലെ 8.30 മുതൽ 9 വരെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ കർഷക ഭവനങ്ങൾ സന്ദർശിച്ച് കന്നുകാലികളുടെ എണ്ണം, പാൽ ഉൽപ്പാദനം, കന്നുകുട്ടി ജനനം തുടങ്ങിയ കണക്കുകൾ പരിശോധിക്കുന്നു.)

ഞങ്ങളുടെ കടമ

1. പശുക്കൾക്കും എരുമകൾക്കും കൃത്രിമ ബീജദാന സൗകര്യം ലഭ്യമാക്കുക.
2. ഈ കേന്ദ്രത്തിൽ ലഭ്യമായിട്ടുള്ള ബീജമാത്രകളുടെ വിശദാംശങ്ങൾ എഴുതി പ്രദർശിപ്പിക്കുക.
3. കൃത്രിമ ബീജസങ്കലനം നടത്തപ്പെട്ട ഉരുക്കളിൽ മൂന്ന് മാസത്തിനുശേഷം ഗർഭപരിശോധന നടത്തുക.
4. പ്രജനന പ്രശ്നങ്ങൾ കണ്ടെത്തപ്പെടുന്ന കന്നുകാലികളെ വിദഗ്ദ്ധചികിത്സക്കായി റഫർ ചെയ്യുക.
5. വകുപ്പിൽ നിന്നും ലഭ്യമാകുന്ന മരുന്നുകൾ കർഷകർക്ക് വിതരണം ചെയ്യുക.
6. പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7. പഞ്ചായത്തു തല മൃഗസംരക്ഷണ പദ്ധതിയുടെ നടത്തിപ്പിൽ വെറ്ററിനറി സർജനെ സഹായിക്കുക.
8. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക.

സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ്

കൃത്രിമ ബീജാദാനം	35 രൂപ

പരാതി പരിഹാരം

ഈ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം, ഇവിടെ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്നിവയെ സംബന്ധിച്ച പരാതികൾ ഊർജ്ജിത കന്നുകാലി വികസന പദ്ധതി അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർക്ക് നൽകാവുന്നതാണ്.

4. വെറ്ററിനറി ഹോസ്പിറ്റൽ/വെറ്ററിനറി ഡിസ്പെൻസറി

ഞങ്ങളുടെ ദൗത്യം

1. ഈ സ്ഥാപനത്തിന്റെ അധികാരപരിധിയിലുള്ള പ്രദേശത്തെ പക്ഷിമൃഗാദികളുടെ ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുക.
2. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
3. കന്നുകാലികൾക്കുള്ള പ്രജനന സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.
4. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുക.

ആശുപത്രി ജീവനക്കാർ

1.	സീനിയർ വെറ്ററിനറി സർജൻ/വെറ്ററിനറി സർജൻ	1
2.	ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ	1
3.	അറ്റൻഡർ	1
4.	പാർട്ട്ടൈം സ്വീപ്പർ	1

പ്രവർത്തനസമയം

സാധാരണ ദിവസം	:	രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണി വരെ
	:	ഉച്ചയ്ക്കു ശേഷം 2 മുതൽ 3 മണിവരെ
ഞായറാഴ്ച	:	രാവിലെ 9 മുതൽ 1 മണി വരെ

പൗരാവകാശരേഖ

5. മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ
(കുടപ്പനക്കുന്ന്/ആലുവ/മുണ്ടയാട്)

ഞങ്ങളുടെ ദൗത്യം

1. കർഷകർക്കും യുവതീയുവാക്കൾക്കും മൃഗസംരക്ഷണ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
2. ഞങ്ങൾ നടപ്പാക്കുന്ന പരിശീലന പരിപാടിയിൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുക.
3. മൃഗസംരക്ഷണ പ്രവർത്തകരുടെ സാങ്കേതികജ്ഞാനം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പാക്കുക.

ഞങ്ങളുടെ കടമ

1. മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ, ദുർബലജനവിഭാഗങ്ങൾ, വനിതകൾ, സ്വയംതൊഴിൽ സംരംഭകർ എന്നിവർക്കായി വിവിധ മൃഗസംരക്ഷണ വിഷയങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകുക.
2. താഴെ പറയുന്ന വിഷയങ്ങളിൽ ഈ കേന്ദ്രത്തിൽ പരിശീലനം നൽകി വരുന്നു.

വിഷയം	പരിശീലന കാലം
പശു പരിപാലനം	6 ദിവസം
മുട്ടക്കോഴി വളർത്തൽ	4 ദിവസം
ഇറച്ചിക്കോഴി വളർത്തൽ	4 ദിവസം
വീട്ടു പരിസരത്തെ കോഴിവളർത്തൽ	2 ദിവസം
താറാവു വളർത്തൽ	2 ദിവസം
ടർക്കി വളർത്തൽ	1 ദിവസം
കാട വളർത്തൽ	1 ദിവസം
ആട് വളർത്തൽ	2 ദിവസം
പന്നി വളർത്തൽ	2 ദിവസം
മുയൽ വളർത്തൽ	1 ദിവസം
തീറ്റപ്പുൽ കൃഷി	2 ദിവസം

3. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, അഭ്യസ്ഥവിദ്യരായ യുവതീ യുവാക്കൾ, വിമുക്തഭടൻമാർ എന്നിവർക്കായി പ്രത്യേക പരിശീലന പരിപാടികൾ നടത്തുക.
4. ഒരു വർഷത്തെ പരിശീലന പരിപാടികൾ സംബന്ധിച്ച വിശദാംശങ്ങൾ വാർത്താ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുക.
5. പരിശീലനങ്ങളിൽ പങ്കെടുക്കുന്ന പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സർക്കാർ അനുവദിച്ചിട്ടുള്ള ആനുകൂല്യം ലഭ്യമാക്കുക.
6. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കുള്ള പരിശീലനം, വൊക്കേഷണൽ ഹയർസെക്കൻഡറി യോഗ്യതയുള്ളവർക്കുള്ള പരിശീലനം, നായ പിടുത്തക്കാർ, അറവുശാലകളിലെ ജീവനക്കാർ തുടങ്ങിയവർക്കുള്ള പ്രത്യേക പരിശീലനങ്ങൾ എന്നിവ വകുപ്പ്/സർക്കാർ നിർദ്ദേശിക്കുന്ന മുറയ്ക്ക് ഏർപ്പെടുത്തുക.

   പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളേയോ ജീവനക്കാരുടെ പെരുമാറ്റത്തെയോ സംബന്ധിച്ച് ഉണ്ടാകുന്ന പരാതികൾ പ്രിൻസിപ്പൽ ട്രെനിംഗ് ഓഫീസർ പരിശോധിക്കുന്നതും മൂന്നാഴ്ചക്കുള്ളിൽ നടപടി പൂർത്തിയാക്കുന്നതുമാണ്. അല്ലാത്തപക്ഷം കാര്യകാരണ സഹിതം പരാതിക്കാരന് മറുപടി നൽകുന്നതാണ്.

ഞങ്ങളുടെ മേൽവിലാസം

പ്രിൻസിപ്പൽ ട്രെയ്നിംഗ് ഓഫീസർ, മൃഗസംരക്ഷണ പരിശീലന കേന്ദ്രം
(കുടപ്പനക്കുന്ന്/ ആലുവ/മുണ്ടയാട്)

6. ക്ഷീര വികസന വകുപ്പ് ജില്ലാ ഓഫീസ്

എ) ഞങ്ങളുടെ ദൗത്യം

1. ക്ഷീര വികസന മേഖലയിൽ സംസ്ഥാന /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ നടപ്പാക്കുക.

2. പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കുക.

3. ക്ഷീര സഹകരണ ശൃംഖല വ്യാപകവും ആധുനികവും ആക്കുക.

ബി) ഞങ്ങളുടെ കടമ

1. വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുക.

2. പൊതുജനങ്ങളുടെ അവകാശങ്ങൾ മാനിക്കുകയും അവരോട് വിനയത്തോടെ പെരുമാറുകയും ചെയ്യുക.

3. ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസിനേയോ ഉദ്യോഗസ്ഥരേയോ സംബന്ധിച്ച പരാതികളിൽ ഒരു മാസത്തിനകം അന്വേഷണം പൂർത്തിയാക്കി മറുപടി നൽകുക. സമയ പരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കാത്തപക്ഷം വിവരം കാര്യകാരണസഹിതം പരാതിക്കാരനെ അറിയിക്കുക.

4. പ്രാഥമിക ക്ഷീര സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകളിൽ മേൽനടപടികൾ സ്വീകരിച്ച് രജിസ്ട്രേഷനായി ഡയറക്ടറേറ്റിലേക്ക് രണ്ടു മാസത്തിനകം അയയ്ക്കുക.

5. പ്രാഥമിക ക്ഷീര സംഘം രജിസ്ട്രേഷൻ ഉൾപ്പെടെ ഈ വകുപ്പ് നടപ്പാക്കുന്ന എല്ലാ പരിപാടികളേയും സംബന്ധിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

ജില്ലാ ആഫീസുകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലുമാണ്.

7. ക്ഷീര വികസന വകുപ്പ് ഗുണ നിയന്ത്രണ ഓഫീസ്

എ) ഞങ്ങളുടെ ദൗത്യം

1. പാലിന്റേയും പാൽ ഉൽപ്പന്നങ്ങളുടേയും ഗുണ നിലവാരം സംബന്ധിച്ച് ഉൽപ്പാദകരേയും ഉപഭോക്താക്കളേയും ബോധവത്ക്കരിക്കുക.

2. പാലിന്റേയും പാൽ ഉൽപ്പന്നങ്ങളുടേയും ഗുണമേന്മ വർദ്ധിപ്പിക്കാൻ പാൽ ഉൽപ്പാദകർക്കും പ്രാഥമിക സംഘം ഭാരവാഹികൾക്കും ആവശ്യമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ബി) ഞങ്ങളുടെ കടമ

1. പാലിന്റേയും പാൽ ഉൽപ്പന്നങ്ങളുടേയും ഗുണ നിയന്ത്രണ പ്രവർത്തനങ്ങളിൽ സുതാര്യവും കാര്യക്ഷമതയും ഉറപ്പു വരുത്തുക.

2. പൊതുജനങ്ങളെ മാനിക്കുകയും അവരോട് വിനയപൂർവ്വം പെരുമാറുകയും ചെയ്യുക.

3. പാലിന്റേയും, പാൽ ഉൽപ്പന്നങ്ങളുടേയും ഗുണനിയന്ത്രണം സംബന്ധിച്ച പരാതികളിന്മേൽ ഇരുപത് ദിവസത്തിനകം അന്വേഷണം നടത്തി മറുപടി നൽകുക.

ഗുണ നിയന്ത്രണ ഓഫീസ് എല്ലാ ജില്ലയിലും ജില്ലാ ആസ്ഥാനത്ത് ജില്ലാ ഓഫീസിനോടൊപ്പം പ്രവർത്തിക്കുന്നു.

പൗരാവകാശരേഖ

8. ക്ഷീര വികസന വകുപ്പ് ഡയറി എക്സ്റ്റൻഷൻ സർവ്വീസ് ഓഫീസ്

എ) ഞങ്ങളുടെ ദൗത്യം

1. ബ്ലോക്ക്-പഞ്ചായത്ത് പരിധിയിൽ സംസ്ഥാന/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുന്ന ക്ഷീര വികസന പരിപാടികൾ നടപ്പാക്കുക.

2. പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കുക.

3. ക്ഷീര സഹകരണ ശൃംഖല ശക്തവും വ്യാപകമാക്കുക.

ബി) ഞങ്ങളുടെ കടമ

1. ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കുന്ന ക്ഷീര വികസന പദ്ധതികളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുക.

2. പൊതുജനങ്ങളുടെ അവകാശങ്ങൾ മാനിക്കുകയും അവരോട് വിനയപൂർവ്വം പെരുമാറുകയും ചെയ്യുക.

3. പ്രാഥമിക ക്ഷീരസംഘത്തിനേയോ, അതിന്റെ ഉദ്യോഗസ്ഥരേയോ സംബന്ധിച്ച പരാതികളിൽ ഒരു മാസത്തിനകം അന്വേഷണം പൂർത്തിയാക്കി മറുപടി നൽകുക. സമയ പരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാകാത്തപക്ഷം കാര്യകാരണ സഹിതം പരാതിക്കാരനെ അറിയിക്കുക.

4. പ്രാഥമിക ക്ഷീര സംഘം രജിസ്ട്രേഷൻ ഉൾപ്പെടെ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കുന്ന ക്ഷീര വികസന പരിപാടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

ഡയറി എക്സ്റ്റൻഷൻ യൂണിറ്റ് എല്ലാ ബ്ലോക്ക് പഞ്ചായത്തിലും പ്രവർത്തിക്കുന്നു.

അനുബന്ധം : 7

ജനകീയാസൂത്രണം (ക്ഷീര മേഖല) ധനസഹായ മാനദണ്ഡം

എ) ക്ഷീര കർഷകർക്കുള്ള സഹായ പദ്ധതികൾ (മൃഗ സംരക്ഷണം) (സ.ഉ (എം. എസ്) 199/2008 തസ്വഭവ തിരുവനന്തപുരം തീയതി 11.07.2008)

1) പരാമർശം ഒന്ന് മുഖേന പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ ഖണ്ഡിക 2,3 ൽ പ്രതിപാദിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സബ്സിഡി-യൂണിറ്റ് കോസ്റ്റിന്റെ 50%
- മൃഗ പരിപാലനം മുഖ്യ തൊഴിലായുള്ള നാമമാത്ര കർഷകർക്ക് സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 33 $^{1}/_{3}$ %
- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മുൻഗണന നൽകണം.
- യൂണിറ്റ് കോസ്റ്റ് ജില്ലാ തല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് (ടി.എ.ജി) നിശ്ചയിക്കണം.
- യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 20,000 രൂപ
- പശു, എരുമ തുടങ്ങിയ വലിയ ഇനം മൃഗങ്ങളെ സംസ്ഥാനത്തിനു പുറത്തുനിന്നു മാത്രമേ വാങ്ങാൻ പാടുള്ളു. തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളിൽ നിന്നും അവരാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ഗുണഭോക്തൃ സമിതി രൂപീകരിച്ച് പ്രസ്തുത സമിതി മുഖേന മൃഗങ്ങളെ വിലയ്ക്ക് വാങ്ങേണ്ടതാണ്.
- മൃഗപരിപാലനം മുഖ്യതൊഴിലായിട്ടുള്ള നാമമാത്ര കർഷകർക്ക് തീറ്റപ്പുൽ വിത്തുകൾ/നടീൽ വസ്തുക്കൾ സൗജന്യമായി അനുവദിക്കാവുന്നതാണ്.

(2) പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (SLBP)

ഒരു യൂണിറ്റിന്റെ നിരക്ക് സംസ്ഥാന വിഹിതം - 3750 രൂപ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വിഹിതം - 3750 രൂപ , ഗുണഭോക്തൃ വിഹിതം - 7500 രൂപ എന്ന നിരക്കിൽ പുതുക്കി നിശ്ചയിക്കുന്നു.

ബി). ക്ഷീരസഹകരണ സംഘങ്ങൾ/ മിൽമയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

സ.ഉ (എം. എസ്) 183107 തസ്വഭവ തീയതി 24.07.2007

സഹകരണ സംഘങ്ങൾക്ക് ധനസഹായം

ക്ഷീര സഹകരണ സംഘങ്ങൾ/മിൽമയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	ഇനം	സബ്സിഡി ശതമാനം	പരമാവധി സബ്സിഡി	അർഹതാ മാനദണ്ഡം
1.	പാഡ്ചറൈസേഷൻ പ്ലാന്റുകൾ സ്ഥാപിക്കൽ	ചെലവിന്റെ 25 ശതമാനം	12 ലക്ഷം രൂപ	കഴിഞ്ഞ 3 വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും പ്രതിദിനം ശരാശരി 500 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്നതുമായ സംഘങ്ങൾ
2.	പാൽ ശീതീകരിക്കൽ	വിലയുടെ 33 1/3 ശതമാനം	2 ലക്ഷം രൂപ	പ്രതിദിനം കുറഞ്ഞത് 300 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്ന സംഘങ്ങൾ
3.	ഓട്ടോമാറ്റിക് മിൽക് പാക്കിംഗ് മെഷീൻ	വിലയുടെ 33 1/3 ശതമാനം	2 ലക്ഷം രൂപ	കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിക്കുന്നതും 300 ലിറ്റർ ശേഷിയുള്ള മിൽക്ക് കൂളർ ഉള്ളതുമായ സംഘങ്ങൾ

ക്രമ നമ്പർ	ഇനം	സബ്സിഡി ശതമാനം	പരമാവധി സബ്സിഡി	അർഹതാ മാനദണ്ഡം
4.	പാൽ ശേഖരിക്കുന്ന മുറികൾ	ചെലവിന്റെ 25 ശതമാനം	75000 രൂപ	സ്വന്തം സ്ഥലം ഉണ്ടായിരിക്കുകയും കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിക്കുന്നതുമായ സംഘങ്ങൾ
5.	ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ്	ചെലവിന്റെ 33 1/3 ശതമാനം	50000 രൂപ	പ്രതിദിനം 300 ലിറ്റർ പാൽ സംഭരിക്കുന്ന സംഘങ്ങൾ
6.	പാലിന്റെ ഗുണനിലവാരം	വിലയുടെ 33 1/3 ശതമാനം	25000 രൂപ	പ്രതിദിനം 200 ലിറ്റർ പാൽ സംഭരിക്കുന്ന സംഘങ്ങൾ
7.	സ്റ്റെയിൻലെസ് സ്റ്റീൽ 304 ഗ്രേഡ് 40 ലിറ്റർ പാൽ ക്യാൻ	വിലയുടെ 33 1/3 ശതമാനം	800 രൂപ യൂണിറ്റിന്	പരാമവധി 10 പാൽ ക്യാനുകൾ എല്ലാ പ്രാഥമിക സംഘങ്ങൾക്കും

മറ്റു ചില വ്യക്തിഗത ഇൻഷുറൻസുകൾ

ക്രമ നം.	പദ്ധതിയുടെ പേര്	നടപ്പിലാക്കുന്ന ഏജൻസി	ഇൻഷൂർ ചെയ്യാവുന്ന തുക	പ്രാഥമിക നിരക്ക്	ലഭിക്കുന്ന ആനുകുല്യങ്ങൾ
1.	വ്യക്തിഗത അപകട ഇൻഷുറൻസ് (Personal accident insurance)	ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി	പ്രതിമാസ വരുമാനത്തിൽ പരമാവധി 25 ഇരട്ടി	ഇൻഷുറൻസ് ചെയ്യുന്ന ഓരോ 1000 രൂപയ്ക്കും 1.50 രൂ പ്രീമിയവും പ്രീമിയത്തിന്റെ 12.36% സേവന നികുതിയും	1. മരണം-100% തുക 2. സ്ഥിരമായ പൂർണ്ണ വൈകല്യം- 100% 3. കൈകാലുകളിലൊന്ന്/ഒരു കണ്ണ് നഷ്ടപ്പെടൽ-50% 4. 2 കൈകൾ/2 കണ്ണ് നഷ്ടപ്പെട്ടാൽ-100%
2.	ജനത വ്യക്തിഗത അപകട ഇൻഷുറൻസ് (Janatha Personal accident insurance)		25000 മോ അതിന്റെ ഗുണിതങ്ങളോ -പരമാവധി 100000 രൂ.	100000 ന് 60 രൂപ സേവന നികുതിയില്ല	മറ്റുള്ള ആനുകൂല്യങ്ങളിൽ ഒന്ന് മുതൽ നാല് വരെ
3.	മെഡി. ക്ലെയിം 2007 (Medi Claim 2007)		100000 മുതൽ 50000 വരെ 25000 ന്റെ ഗുണിതങ്ങളായി	ഇൻഷൂർ ചെയ്യുന്ന ഓരോ 1000 രൂപയ്ക്കും 1.50രൂ പ്രീമിയവും പ്രീമിയത്തിന്റെ 12.36% സേവന നികുതിയും	വിവിധ രോഗങ്ങൾ, പരിക്ക് മുതലായവയ്ക്ക് ചികിത്സാ ചെലവുകൾ (വിവിധ നിരക്കുകളിൽ)

ക്രമ നം.	പദ്ധതിയുടെ പേര്	നടപ്പാക്കുന്ന ഏജൻസി	ഇൻഷുർ ചെയ്യാവുന്ന തുക	പ്രാഥമിക നിരക്ക്	ലഭിക്കുന്ന ആനുകുല്യങ്ങൾ
4.	ജനത മെഡി ക്ലെയിം പോളിസി		രൂപ 50000 അല്ലെങ്കിൽ 75000	ഇൻഷുർ ചെയ്യുന്ന ഓരോ 1000 രൂപയ്ക്കും 1.50രൂ പ്രീമിയവും പ്രീമിയത്തിന്റെ 12.36% സേവന നികുതിയും	മുകളിലത്തേതു പോലെ തന്നെ. എന്നാൽ ഈ പോളിസിയിൽ ഓരോ ഇനത്തിനും ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് പരിധികൾ ഉണ്ട്
5.	സവാരിക്ക് സുരക്ഷാ പോളിസി	ഓറിയന്റൽ ഇഷുറൻസ്	100000 രൂ. മുതൽ 500000 വരെ ഗുണിതങ്ങളായി	ഇൻഷുർ ചെയ്യുന്ന ഓരോ 1000 രൂപയ്ക്കും 1.50രൂ പ്രീമിയവും പ്രീമിയത്തിന്റെ 12.36% സേവന നികുതിയും	രോഗം/ പരിക്ക് എന്നിവയ്ക്ക് നഷ്ട പരിഹാരം / ആശുപത്രി ചെലവുകൾ നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി
6.	ക്ഷീര സംഘവും ഉപകരണങ്ങളും		1 ലക്ഷം	60 രൂപ	വിവിധ തരത്തിലുള്ള നഷ്ടങ്ങൾക്ക് നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി പരിഹാര തുക

7.	വ്യക്തിഗത അപകട ഇൻഷുറൻസ്	ന്യൂ ഇന്ത്യ അഷുറൻസ് കമ്പിനി	ഇൻഷുർ ചെയ്യുന്ന വസ്തുക്കളുടെ വിലയനുസരിച്ച്	വിവിധ നിരക്കുകൾ	കെട്ടിടങ്ങൾ, ഇലക്ട്രിക് ഉപകരണങ്ങൾ, യന്ത്രോപകരണങ്ങൾ, ചരക്കുകൾ തുടങ്ങിയവയ്ക്ക് അഗ്നി, ഇടിമിന്നൽ, സ്ഫോടനം എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരം

കോർപ്പറേറ്റ് കക്ഷികൾക്കായി ഡയറി ഇൻഷുറൻസ് പാക്കേജ് പോളിസി

100 ൽ കൂടുതൽ കറവമാടുകളുള്ള ഡയറി ഫാം നടത്തുന്നവരെ ഉദ്ദേശിച്ചാണ് ഇത്. 8 സെക്ഷനുകളായി ഇതിൽ ഇൻഷുറൻസ് പരിരക്ഷ നൽകുന്നുണ്ട്. കറവമാടുകൾ, ഫാം ഹൗസ്, തൊഴുത്ത്, വെറ്ററിനറി ഷെഡ്, പുല്ല്/വൈക്കോൽ/കാലിത്തീറ്റ സ്റ്റോർ, കാലിത്തീറ്റ മിൽ, പാൽ സംസ്ക്കരണ യൂണിറ്റ് എന്നിങ്ങനെ സമഗ്രമായ ഒരു പദ്ധതിയാണ് ഇത്. കൂടുതൽ വിവരങ്ങൾ ന്യൂ ഇന്ത്യാ അഷുറൻസ് കമ്പനിയിൽ നിന്നും ലഭിക്കും.

Government of Kerala
കേരള സർക്കാർ
2007

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

KERLA GAZETTE
കേരള ഗസറ്റ്
EXTRA ORDINARY
അസാധാരണം
PUBLISHED BY AUTHORITY
അസാധാരണമായി പ്രസിദ്ധപ്പെടുത്തുന്നത്

Thiruvanathapuram Friday	13th April 2007 2007 ഏപ്രിൽ 13	No. 703
Vol.LII വാല്യം 52		
തിരുവനന്തപുരം, വെള്ളി	23rd Chaithra 1929 1929 ചൈത്രം 23	

കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-യൂണിഫിക്കേഷൻ)വകുപ്പ്

വിജ്ഞാപനം

നമ്പർ 6173/ലെഗ്.യൂണി.1/07/നിയമം തിരുവനന്തപുരം, 2007 ഏപ്രിൽ 13

1929 ചൈത്രം 23

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്ട് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2007 ഏപ്രിൽ 13-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജോർജ്ജ് ജെയിംസ്
നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി

2007- ലെ 7-ാം ആക്ട്

2007 – ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ട്

കേരള സംസ്ഥാനത്തെ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്ട്

പീഠിക - കേരള സംസ്ഥാനത്തെ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേി ഒരു നിധി രൂപീകരിക്കുന്നതിനും അതിന് ആനുഷംഗികമായ മറ്റു ചില കാര്യങ്ങൾക്കും വേി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിയെട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുാക്കുന്നു.

1. **ചുരുക്കപ്പേരും പ്രാരംഭവും** (1) ഈ ആക്ടിന് 2007 -ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ട് എന്ന് പേർ പറയാം.

(2) ഇത് 2005 ആഗസ്റ്റ് 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേ താണ്.

2. **നിർവചനങ്ങൾ** - ഈ ആക്ടിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം

(എ) 'ബോർഡ്' എന്നാൽ 8-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു.

(ബി) ''ചീഫ് എക്സിക്യൂട്ടീവ് ആഫീസർ' എന്നാൽ 11-ാം വകുപ്പിന്റെ (1) -ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു.

(സി) ''അംശാദായം'' എന്നാൽ 7-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് നൽകേതായ സംഖ്യ എന്നർത്ഥമാകുന്നു.

(ഡി) 'ക്ഷീര കർഷകൻ' എന്നാൽ സ്വന്തമായി ഒന്നോ അതിലധികമോ പശുവിനെയോ എരുമയെയോ വളർത്തുകയും, കേരള സംസ്ഥാനത്ത് തന്റെ വാസസ്ഥലത്ത് പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘത്തിലോ അഥവാ അങ്ങനയുള്ള സ്ഥലത്ത് ക്ഷീര സഹകരണ സംഘം പ്രവർത്തക്കുന്നില്ല എന്ന കാരണത്താൽ തൊട്ടടുത്ത ഏതെങ്കിലും ഒരു ക്ഷീരസംഘത്തിലോ ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ വിപണനം നടത്തുകയും ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു.

(ഇ) ''കുടുംബം'' എന്നാൽ,-

(i) ക്ഷീര കർഷകന്റെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, അവരുടെ പ്രായപൂർത്തിയാകാത്തതോ മാനസിക വളർച്ച പ്രാപിക്കാത്തതോ ശാരീരിക വൈകല്യമുള്ളതോ ആയ മക്കൾ, അവിവാഹിതരായ പെൺമക്കൾ

(ii) ക്ഷീരകർഷനെ ആശ്രയിച്ചുകഴിയുന്ന അയാളുടെ അച്ഛനും അമ്മയും എന്നർത്ഥമാകുന്നു.

(എഫ്) ''നിധി'' എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ക്ഷീര കർഷക ക്ഷേമനിധി എന്നർത്ഥമാകുന്നു

(ജി) ''അംഗം'' എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു

(എച്ച്) ''മിൽമ'' എന്നാൽ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ എന്നർത്ഥമാകുന്നു

(ഐ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്ട് പ്രകാരം ഉാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാക്കുന്നു

(ജെ) ''മേഖലായൂണിയൻ'' എന്നാൽ ക്ഷീരസഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സംഘം എന്നർത്ഥമാകുന്നു

(കെ) ''പട്ടിക'' എന്നാൽ ഈ ആക്ടിന്റെ പട്ടിക എന്നർത്ഥമാകുന്നു

(എൽ) ''പദ്ധതി' എന്നാൽ ഈ ആക്ട് പ്രകാരം ആവിഷ്കരിച്ചിട്ടുള്ള കേരള ക്ഷീര ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു

(എം) ''സംഘം'' എന്നാൽ 1969 ലെ കേരള സഹകരണ സംഘം ആക്ട് (1969ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ, രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയതും ക്ഷീരവികസന വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്നതുമായ പ്രാഥമിക ക്ഷീര സഹകരണ സംഘം എന്നർത്ഥമാകുന്നു.

(എൻ) ''വർഷം ''എന്നാൽ സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു

3. **ക്ഷീര കർഷക ക്ഷേമനിധി പദ്ധതി** - (1) സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ഈ ആക്ടിൻ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിലേക്ക്, ഗസററ് വിജ്ഞാപനം മൂലം ''കേരള ക്ഷീരകർഷക ക്ഷേമനിധി പദ്ധതി'' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കേതും കഴിയുന്നത്ര വേഗം ഈ ആക്ടിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേതുമാണ്.

(2) നിധിയിൽ താഴെപ്പറയുന്നവ വരവ് വെയ്ക്കേതാണ്.

(i) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശദായം

(ii) റിസർവ്വ് ഫ് പലിശയിൽ നിന്നുള്ള വരവ്

(iii) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ

(iv) കാലിത്തീറ്റ നിർമ്മാണ സ്ഥാപനങ്ങൾ, പാൽ ഉൽപ്പന്ന നിർമ്മാതാക്കൾ, സ്വകാര്യ ഡെയറി ഉടമകൾ, കന്നുകാലികൾക്കുള്ള മരുന്ന് നിർമ്മാതാക്കളും വിതരണക്കാരും, കന്നുകാലി ബീജോൽപാദനവും വിതരണവും നടത്തുന്നവർ എന്നിവരിൽ നിന്നും ലഭിക്കുന്ന സംഭാവനയോ മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള സംഭാവനയോ വരവുകളോ;

(v) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു മാർഗ്ഗങ്ങളിൽകൂടി ബോർഡ് തീരുമാനപ്രകാരം സംഭരിക്കുന്ന ഏതെങ്കിലും ഇനത്തിലുള്ള തുക;

(vi) പദ്ധതി പ്രകാരം ചുമത്തുന്ന ഫീസോ പിഴയോ;

(vii) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേ തായ മറ്റേതെങ്കിലും തുക;

(3) 8-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിധി നിക്ഷിപ്തമാകുന്നതും - ബോർഡ് ഇതിലേക്കായി പ്രസ്തുത വകുപ്പ് (7) -ാം ഉപവകുപ്പനുസരിച്ച് വ്യവസ്ഥ ചെയ്യുംപ്രകാരം കൈകാര്യം ചെയ്യേ തുമാണ്.

(4) നിധി താഴെ ചേർത്തിരിക്കുംപ്രകാരം എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. അതായത്:-

(എ) ക്ഷേമനിധിയിൽ അംഗമായ ക്ഷീരകർഷകൻ പത്തുവർഷമെങ്കിലും പ്രാഥമിക ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുകയും ശാരീരികമായ അവശതമൂലം തുടർന്ന് കന്നുകാലി വളർത്തലിൽ ഏർപ്പെടാൻ കഴിയാതാവുകയോ ചെയ്താൽ ആ ആൾക്ക് പെൻഷൻ നൽകുന്നതിന് (നിലവിൽ ക്ഷേമനിധിയിൽ അംഗമായി പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിച്ചു കൊിരിക്കുന്നവർക്ക് ഈ വ്യവസ്ഥ ബാധകമല്ല.)

(ബി) ക്ഷേമനിധിയിൽ അംഗമായി അഞ്ചുവർഷം സംഘത്തിൽ പാൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാവുകയും ചെയ്തയാൾക്ക് പെൻഷൻ നൽകുന്നതിന്.

എന്നാൽ, സംഘത്തിൽ അംഗമല്ല എങ്കിലും തുടർച്ചയായി പാൽ അളക്കുകയും അംശാദായം അടയ്ക്കുകയും ചെയ്തുവരുന്ന കർഷകനും പെൻഷന് അർഹതയുായിരിക്കുന്നതാണ്.

(സി) കുടുംബ പെൻഷനും വായ്പകളും നൽകുന്നതിന്

(ഡി) സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്

(ഇ) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറേറതെങ്കിലും ആവശ്യത്തിന്.

(5) സർക്കാരിന്റെ മുൻകൂർ അംഗീകാരത്തോടുകൂടി നിധി ആദായകരമായ രീതിയിൽ നിക്ഷേപം നടത്താവുന്നതാണ്.

(6) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കുന്ന പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

4. **നിധിയിലെ അംഗത്വം** (1) പതിനെട്ട് വയസ്സ് പൂർത്തിയായ ഏതൊരു ക്ഷീരകർഷകനും ഈ ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥ പ്രകാരം നിധിയിലെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉായിരിക്കുന്നതാണ്.

വിശദീകരണം - ഏതെങ്കിലും ഒരംഗം ആനുകൂല്യം ലഭിക്കേ കുറഞ്ഞ കാലയളവിനുള്ളിൽ മരണപ്പെടുന്ന സംഗതിയിൽ ആ അംഗത്തിന്റെ അനന്തരാവകാശിയായ ഒരാൾ തുടർന്നും പാൽ അളക്കുന്ന സംഗതിയിൽ അംഗമായി തുടരുന്നതായി കണക്കാക്കേതാണ്.

(2) രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ഈ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ളതും അപേക്ഷകൻ താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ളതും ആയ ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥന് നിർദ്ദിഷ്ട ഫാറത്തിൽ നൽകേതാണ്.

(3) ഒരോ അപേക്ഷയോടുമൊപ്പം പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രമാണങ്ങളും രജിസ്ട്രേഷൻ ഫീസും നൽകേതാണ്.

(4) ഈ ആക്ടിലെയും, പദ്ധതിയിലെയും വ്യവസ്ഥകൾ അപേക്ഷകൻ പാലിച്ചിട്ടുന്നെ് (2)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ബോദ്ധ്യമാകുകയാണെങ്കിൽ അയാളെ ഉടൻ തന്നെ അംഗമായി രജിസ്റ്റർ ചെയ്യേതാണ്. ഏതെങ്കിലും കാരണത്താൽ അപേക്ഷ തള്ളിക്കളയുന്ന പക്ഷം, പ്രസ്തുത വിവരം രേഖാമൂലം അപേക്ഷ കൈപ്പറ്റി മുപ്പത് ദിവസത്തിനകം അപേക്ഷകനെ അറിയിക്കേ താണ്.

എന്നാൽ, അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു അപേക്ഷയും തള്ളിക്കളയാൻ പാടുള്ളതല്ല.

(5) (4) -ാം ഉപവകുപ്പ് പ്രകാരമുള്ള തീരുമാനത്തിൻമേൽ പരാതിയുള്ള ഏതൊരാൾക്കും പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട സമയത്തിനുള്ളിൽ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ, അല്ലെങ്കിൽ ഇതിലേക്കായി സർക്കാർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും അധികാരസ്ഥനോ അപ്പീൽ നൽകാവുന്നതും അപ്പീൽ അപേക്ഷയിന്മേൽ ആവശ്യമായ അന്വേഷണം നടത്തിയതിനും അപ്പീൽ അപേക്ഷകന് പറയുവാൻ ഉള്ളതു കേൾക്കുവാൻ ഉള്ള ഒരവസരം നൽകിയതിനും ശേഷം അങ്ങനെയുള്ള അപ്പീലിന്മേൽ അതു കൈപ്പറ്റി മുപ്പത് ദിവനത്തിനകം ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ, അപ്രകാരമുള്ള മറ്റു അധികാരസ്ഥനോ തീരുമാനം കൈക്കൊള്ളേളതും, അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(6) ഈ ആവശ്യത്തിലേക്ക് നിർണ്ണയിക്കപ്പെട്ട രജിസ്റ്ററുകൾ, മറ്റു രേഖകൾ എന്നിവ സൂക്ഷിക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആവശ്യമായ ഏർപ്പാടുകൾ ചെയ്യേതാണ്.

5. **നിധിയിലെ അംഗത്വം ഇല്ലാതാകൽ.** ഈ ആക്ടിലെ 17-ാം വകുപ്പിലെ വ്യവസ്ഥ പ്രകാരമോ മറ്റു വ്യവസ്ഥ പ്രകാരമോ ഒരു അംഗം കുറ്റം ചെയ്യുന്ന പക്ഷം അയാൾക്ക് നിധിയിലെ അംഗത്വം നഷ്ടപ്പെടുന്നതാണ്.

6. **സംഘം രജിസ്റ്ററുകൾ സൂക്ഷിക്കേതാണെന്ന്** - ഓരോ സംഘവും ശേഖരിക്കുന്ന പാലിന്റെ അളവ്, പാൽ നൽകിയ ദിവസം മുതലായവ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ നിർണ്ണയിക്കപ്പെട്ട രീതിയിൽ സൂക്ഷിക്കേതും അത് ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എപ്പോൾ ആവശ്യപ്പെട്ടാലും പരിശോധിക്കാനായി സമർപ്പിക്കേതുമാണ്.

7. **നിധിയിലേക്കുള്ള അംശാദായം** - നിധിയിലേക്കുള്ള അംശദായം താഴെപ്പറയുന്ന നിരക്കിൽ ആയിരിക്കേതാണ്. അതായത് -

(i) ഓരോ ക്ഷീരകർഷകനും പ്രതിമാസം ഇരുപത് രൂപ

(ii) ഓരോ സംഘവും

(എ) സംഘം സംഭരിച്ച് പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും പന്ത്ര് പൈസ

(ബി) സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും അഞ്ച് പൈസ

(iii) മിൽമയോ മേഖലാ യൂണിയനോ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും പന്ത്ര് പൈസ

8. **ബോർഡിന്റെ രൂപീകരണം**

(1) ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതോടുകൂടി, നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നിർവഹിക്കുന്നതിനുമായി കേരള ക്ഷീരകർഷക ക്ഷേമ നിധി ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗയോഗമായിരിക്കുന്നതും, പ്രസ്തുത പേരിൽ വ്യവഹരിക്കുകയും, വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതുമാണ്.

(3) ബോർഡിൽ, താഴെ പറയും പ്രകാരം പന്ത്ര് ഡയറക്ടർമാർ ഉായിരിക്കുന്നതാണ്. അതായത് -

(എ) മൂന്ന് മേഖലാ ക്ഷീര സഹകരണ യൂണിയനുകളുടെ ഭരണസമിതികളിൽ നിന്നും ക്ഷീരകർഷകരെ പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ആൾ വീതം

(ബി) പരമ്പരാഗത പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാർക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ

(സി) ക്ഷീരവികസന വകുപ്പിലെ ഡയറക്ടർ അഥവാ പ്രതിനിധി

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിനെ പ്രതിനിധീകരിക്കുന്ന മൂന്ന് പേർ

(ഇ). ചീഫ് എക്സിക്യൂട്ടീവ് ആഫീസർ (എക്സ്- ഒഫിഷ്യോ)

(എഫ്) മിൽമ ചെയർമാൻ

(4) ബോർഡിന്റെ ഡയറക്ടർമാരിൽ ഒരാളെ അതിന്റെ ചെയർമാനായി സർക്കാർ നിയമിക്കേ താണ്.

(5) ബോർഡിന്റെ ചെയർമാന്റെയും, ഡയറക്ടർമാരുടെയും പേരുവിവരങ്ങൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേ താണ്

(6) ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ കാര്യനിർവഹണം പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നടപ്പിലാക്കേതാണ്.

(7) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, പ്രത്യേകം പറയാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും, വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമെന്ന് അതു കരുതുന്നതും, ഈ ആക്ടോ പദ്ധതിയോ പ്രകാരമുള്ളതുമായ അതിന്റെ അധികാരങ്ങളും, ചുമതലകളും, ബോർഡിന്റെ ചെയർമാനോ ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാർക്കോ, അല്ലെങ്കിൽ 11-ാം വകുപ്പിന്റെ (1) -ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഏതെങ്കിലും ഓഫീസർക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

9. **ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി**

(1) 8-ാം വകുപ്പ് (3) -ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു ഡയറക്ടർ ചാർജ്ജ് എടുത്ത തീയതി മുതൽ മൂന്ന് വർഷം ഉദ്യോഗം വഹിക്കേ താണ്.

(2) 10-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് എപ്പോൾ വേണമെങ്കിലും രേഖാമൂലം കാരണം കാണിച്ചുകൊ് ബോർഡിലെ ഏതൊരു ഡയറക്ടറെയും, നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരെ കാരണം കാണിക്കാനുള്ള ന്യായമായ ഒരു അവസരം നൽകിയ ശേഷം, നീക്കം ചെയ്യാവുന്നതാണ്.

എന്നാൽ, പൊതുതാല്പര്യം പരിഗണിച്ച് കാരണങ്ങൾ രേഖപ്പെടുത്തുന്നതോ അങ്ങനെയുള്ള അവസരങ്ങൾ നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം നീക്കം ചെയ്യുന്നതിനുള്ള കാരണം രേഖപ്പെടുത്തുകയോ നീക്കം ചെയ്യലിനെതിരെ കാരണം കാണിക്കാൻ അവസരം നൽകുകയോ ചെയ്യേതില്ല.

(3) ഏതൊരു ഡയറക്ടർക്കും, സർക്കാരിന് രേഖാമൂലം നോട്ടീസ് നൽകികൊ് തന്റെ ഡയററ്ടർ സ്ഥാനം രാജിവെയ്ക്കാവുന്നതും രാജി കത്ത് സർക്കാർ സ്വീകരിക്കുന്ന തീയതി മുതൽ ആയത് പ്രാബല്യത്തിൽ വരുന്നതുമാണ്.

10. **അനൗദ്യോഗിക ഡയറക്ടർമാരെ നീക്കം ചെയ്യൽ**

(1) ബോർഡിന്റെ മുൻകൂർ അനുവാദം ഇല്ലാതെ തുടർച്ചയായ മൂന്ന് ബോർഡ് യോഗങ്ങളിൽ ഹാജരാകാതിരുന്നിട്ടുള്ള അനൗദ്യോഗിക ഡയറക്ടറുടെ അംഗത്വം നീക്കം ചെയ്യപ്പെടേതാണ്.

(2) ബോർഡിൽ നിന്നും (1) -ാം ഉപവകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക ഡയറക്ടർ അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ ഒരു വർഷത്തേക്ക് വീും ഡയറക്ടറായി നിയമിക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

11. **ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം**

(1) സർക്കാരിന് ഈ ആക്ട് പ്രകാരമുള്ള ബോർഡിന്റെ ചുമതലകളും, കർത്തവ്യങ്ങളും നിർവഹിക്കുന്നതിന് ബോർഡിനെ സഹായിക്കാൻ ഒരു ചീഫ് എക്സിക്യൂട്ടീവ് ആഫീസറെയും ആവശ്യമെന്നു കരുതുന്നത്ര മറ്റു ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ക്ഷീരവികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ കുറയാത്ത തസ്തികയിൽ ക്ഷീരവികസന വകുപ്പിൽ ജോലിയുള്ള ഒരു ഉദ്യോഗസ്ഥനായിരിക്കേ താണ്.

(3) (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും, മറ്റ് ഉദ്യോഗസ്ഥന്മാരുടെയും, ജീവനക്കാരുടെയും നിയമന രീതിയും, ശമ്പളവും, അലവൻസുകളും മറ്റ് സേവന വ്യവസ്ഥകളും ഗവണ്മെന്റിന്റെ അംഗീകാരത്തോടെ ബോർഡ് നിശ്ചയിക്കേതാണ്.

(4) ബോർഡിന്റെ കീഴിലുള്ള സർവ്വീസിലെ നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തപ്പെടുന്ന തസ്തികകളുടെ സംഗതിയിൽ അതതു സമയം ഭേദഗതി ചെയ്ത പ്രകാരമുള്ള 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15,16,17,17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും ആവശ്യമായ മാറ്റങ്ങളോടെ പാലിക്കേതാണ്.

12. കിട്ടേ തുക തീരുമാനിക്കൽ:

(1) ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ അതിനുവേി ബോർഡ് അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, ആവശ്യമായേക്കാവുന്ന പ്രകാരമുള്ള അന്വേഷണം നടത്തിയതിനുശേഷവും 7-ാം വകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥമായ സംഘത്തിന് പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയശേഷവും, ഈ ആക്റ്റിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾ പ്രകാരം നൽകേ അംശദായത്തുക ഉത്തരവുമൂലം തീരുമാനിക്കേതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്, അപ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യങ്ങൾക്കായി, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുന്നതിനായി ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെ പറയുന്ന സംഗതികളെ സംബന്ധിച്ച് ഉായിരിക്കുന്നതാണ്. അതായത്:-

(എ) ഏതൊരാളെയും ഹാജരാകുവാൻ നിർബന്ധിക്കുന്നതിന് അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിൽ വിസ്തരിക്കുന്നതിന്;

(ബി) പ്രമാണങ്ങൾ കടെുക്കുന്നതിനും, ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേി കമ്മീഷനെ നിയോഗിക്കുന്നതിന്.

13. അംശദായം പിരിച്ചെടുക്കൽ:

(1) 7-ാം വകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യതയുള്ള ഓരോ സംഘവും മിൽമയും മേഖലായൂണിയനും നിധിയിലേക്ക് നൽകേതായ തുക കൃത്യമായി നൽകേത് സംഘം സെക്രട്ടറിയുടെ/ ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതലയായിരിക്കും.

(2) തുക അടയ്ക്കേതായ തീയതിക്കോ അതിനുമുമ്പോ, അംശദായം അടച്ചില്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ പറയുന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും പലിശ സഹിതം വസൂലാക്കാൻ ബോർഡിന് അധികാരം ഉായിരിക്കുന്നതാണ്.

(3) ഓരോ ക്ഷീര കർഷകനും 7-ാം വകുപ്പുപ്രകാരം നിധിയിലേക്ക് നൽകേതായ അംശദായം അതത് സംഘങ്ങളിൽ നൽകാവുന്നതും അപ്രകാരം നൽകിയ തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിധിയിൽ അടയ്ക്കേത് സംഘം സെക്രട്ടറിയുടെ ചുമതലയായിരിക്കുന്നതുമാണ്.

14. സംഘം സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് തുടങ്ങിയവരുടെമേലുള്ള നടപടി:- തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 7-ാം വകുപ്പ് പ്രകാരമുള്ള സംഘത്തിലെയും മിൽമയിലെയും മേഖലായൂണിയനിലെയും അംശദായം നിധിയിൽ അടയ്ക്കാത്തപക്ഷം ബന്ധപ്പെട്ട സംഘം സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് എന്നിവരുടെ മേൽ ബോർഡിന് നടപടി സ്വീകരിക്കാവുന്നതാണ്.

15. അംശദായം നൽകുന്നതിന് മറ്റു കടങ്ങളെക്കാൾ മുൻഗണന:- 7-ാം വകുപ്പ് പ്രകാരം അംശദായം നൽകാനുള്ള ഏതെങ്കിലും സംഘം

ലിക്വിഡേറ്റ് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കപ്പെടുന്നുവെങ്കിൽ ലിക്വിഡേറ്റ് ചെയ്യപ്പെടുമ്പോൾ ഈ ആക്റ്റ് പ്രകാരം നൽകുവാനുള്ള അംശദായം മറ്റെല്ലാ കടങ്ങളെക്കാൾ മുൻഗണന നൽകി കൊടുത്തു തീർക്കേ തായ കടങ്ങളിൽ ഉൾപ്പെട്ടതായി കരുതപ്പെടേ താണ്.

16. ബോർഡ് ഡയറക്ടർമാർ മുതലായവർ പബ്ലിക് സർവന്റുമാരായിരിക്കുമെന്ന്:- ബോർഡിലെ ഓരോ ഡയറക്ടറും, ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെടുന്ന ചീഫ് എക്സിക്യൂട്ടീവ് ആഫീസറും, ബോർഡിലെ മറ്റു ഉദ്യോഗസ്ഥന്മാരും, ജീവനക്കാരും ഇന്ത്യൻ ശിക്ഷാനിയമം (1860 -ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കണക്കാക്കപ്പെടുന്നതാണ്.

17. ശിക്ഷ:-

(1) ഈ ആക്റ്റോ, പദ്ധതിയോ പ്രകാരം താൻ നൽകേ തായ ഏതെങ്കിലും തുക നൽകുന്നത് ഒഴിവാക്കാൻ വേിയോ, അഥവാ മറ്റേതെങ്കിലും ആൾക്ക് അപ്രകാരം തുക നൽകുന്നത് ഒഴിവാക്കാൻ വേിയോ, അഥവാ താൻ അർഹിക്കാത്തതോ, അർഹിക്കുന്നതിലധികമോ ആയ തുക ഈ നിധിയിൽനിന്ന് ലഭിക്കാൻ വേിയോ അഥവാ മറ്റേതെങ്കിലുമൊരാൾക്ക് അർഹിക്കാത്തതോ, അർഹിക്കുന്നതിലധികമോ ആയ തുക ഈ നിധിയിൽനിന്ന് ലഭിക്കാൻ വേിയോ അറിഞ്ഞുകൊ് ഏതെങ്കിലും വ്യാജ പ്രസ്താവനയോ, വ്യാജ നിവേദനമോ നടത്തുകയോ, നടത്താൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസക്കാലം വരെയാകാവുന്ന തടവോ, അല്ലെങ്കിൽ അഞ്ഞൂറു രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

(2) ഈ ആക്റ്റിലെയോ, പദ്ധതിയിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ അവ അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും അപ്രകാരമുള്ള ലംഘനത്തിനോ, അനുസരിക്കാതിരിക്കലിനോ ഈ ആക്റ്റിൻകീഴിൽ മറ്റെവിടെയെങ്കിലും മറ്റൊരു ശിക്ഷയ്ക്കും വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം നാന്നൂറു രൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

18. രാമത്തെയോ പിന്നീടുാകുന്നതോ ആയ കുറ്റത്തിന് വർദ്ധിച്ച ശിക്ഷ:- ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റത്തിന് കുറ്റക്കാരനാണെന്ന് ഒരു കോടതി വിധിച്ചിട്ടുള്ള ഏതൊരാളും അതേ കുറ്റം വീും ചെയ്യുകയാണെങ്കിൽ അപ്രകാരം പിന്നീട് ചെയ്യാവുന്ന ഓരോ കുറ്റത്തിനും അയാൾക്ക് മൂന്ന് മാസത്തിൽ കുറയാൻ പാടില്ലാത്തതായ തടവോ, അല്ലെങ്കിൽ ആയിരം രൂപ വരെയാകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

എന്നാൽ, കോടതിക്ക്, വിധിന്യായത്തിൽ രേഖപ്പെടുത്തിയ ഏതെങ്കിലും മതിയായതും, പ്രത്യേകവുമായ കാരണങ്ങളിന്മേൽ മൂന്ന് മാസത്തിൽ കുറഞ്ഞ കാലത്തേക്ക് തടവുശിക്ഷ നൽകാവുന്നതാണ്.

19. സംഘങ്ങൾ ചെയ്യുന്ന കുറ്റങ്ങൾ:-

(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു സംഘമാണ് ചെയ്യുന്നതെങ്കിൽ കുറ്റം ചെയ്ത സമയത്ത് ചാർജ്ജ് വഹിച്ചിരുന്ന സംഘത്തിന്റെ സെക്രട്ടറിയും ഭരണസമിതി അംഗങ്ങളും ഇതുമായി ബന്ധപ്പെട്ട ചുമതലയുള്ള എല്ലാ ഉദ്യോഗസ്ഥരും കുറ്റക്കാരായി കരുതപ്പെടുന്നതും അതനുസരിച്ച് നടപടികൾ എടുക്കപ്പെടുന്നതിനും, ശിക്ഷിക്കപ്പെടുന്നതിനും അവർ വിധേയരായിരിക്കുന്നതുമാണ്.

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്തത് തന്റെ അറിവോടുകൂടിയല്ലെന്നും അഥവാ കുറ്റം ചെയ്യുന്നത് തടയാൻ താൻ വേത്ര ശ്രമിച്ചിരുന്നുവെന്നും അയാൾ തെളിയിക്കുന്ന പക്ഷം ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കാവുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു സംഘം ചെയ്തിരിക്കുകയും കുറ്റം ചെയ്തത് സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടോടോ ഒത്താശയോടോടോ കൂടി ആണെന്ന് തെളിയിക്കുകയോ അഥവാ അയാളുടെ ഭാഗത്ത് മാത്രം ഉപേക്ഷ ആരോപിക്കാവുന്നതായിരിക്കുകയും ചെയ്താൽ സംഘത്തിലെ അങ്ങനെയുള്ള ഉദ്യോഗ

സ്ഥൻ ആ കുറ്റം ചെയ്തതായി കണക്കാക്കേതും, അതനുസരിച്ച് നടപടി എടുക്കുന്നതിനും, ശിക്ഷിക്കപ്പെടുന്നതിനും അയാൾ വിധേയനായിരിക്കുന്നതുമാണ്.

20. ഉത്തമ വിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം:- ഈ ആക്റ്റ് പ്രകാരമോ പദ്ധതിപ്രകാരമോ ഉത്തമവിശ്വാസപൂർവം ചെയ്തതോ, ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർമാർക്കോ, ചീഫ് എക്സിക്യൂട്ടീവിനോ, മറ്റേതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

21. സർക്കാരിന്റെ നിർദ്ദേശങ്ങൾ:-

(1) സർക്കാരിന് ബോർഡ് അനുവർത്തിക്കേതായ പൊതുനിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ബോർഡിന്റെ അധികാരങ്ങൾ വിനിയോഗിക്കുമ്പോഴും, കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോഴും (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും പൊതു നിർദ്ദേശങ്ങളിൽനിന്നും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ ബോർഡ് വ്യതിചലിക്കുവാൻ പാടുള്ളതല്ല.

22. ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്നതിനുള്ള അധികാരം:- (1) ഈ ആക്റ്റിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾ പ്രകാരമോ അവയുടെ കീഴിലോ ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിക്രമിക്കുകയോ, ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം, സർക്കാരിന് ഗസറ്റ് വിജ്ഞാപനപ്രകാരം, വിജ്ഞാപനത്തിൽ വിനിയോഗിക്കാവുന്ന ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്ന സംഗതിയിൽ സർക്കാരിന് ബോർഡിന്റെ ഭരണ നിർവ്വഹണത്തിനായി അഡ്മിനിസ്ട്രേറ്ററെ നിയമിക്കാവുന്നതാണ്.

23. ബോർഡിന്റെ കണക്കുകളുടെ ആഡിറ്റ്:- (1) ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് സർക്കാർ ആഡിറ്റർമാരെ നിയമിക്കേതാണ്.

(2) ബോർഡിന്റെ കണക്കുകൾ വർഷത്തിലൊരിക്കൽ അപ്രകാരമുള്ള ആഡിറ്റർമാർ പരിശോധിക്കേതും ആഡിറ്റ് ചെയ്യേതുമാണ്.

(3) ആഡിറ്റ് റിപ്പോർട്ട് സംബന്ധിച്ചോ, തുടർ നടപടി സംബന്ധിച്ചോ സർക്കാരിന് യുക്തമെന്ന് തോന്നുന്നപക്ഷം അക്കൗണ്ട് ജനറൽ മുഖേന തുടർ പരിശോധന നടത്താവുന്നതാണ്.

24. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും:-

(1) ബോർഡിന്റെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം ചീഫ് എക്സിക്യൂട്ടീവ് ആഫീസർ തയ്യാറാക്കേതും, ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും അവസാനിച്ച് ആറ് മാസങ്ങൾക്കകം സർക്കാരിന് സമർപ്പിക്കേതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻതന്നെ സർക്കാർ, അതതു കണക്കുകൾ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം നിയമസഭയുടെ തൊട്ടടുത്ത സമ്മേളനത്തിൽതന്നെ വയ്ക്കേതാണ്.

25. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്:- ഈ ആക്റ്റ് പ്രകാരമോ, പദ്ധതി പ്രകാരമോ അവയുടെ കീഴിലോ, സർക്കാരോ, ബോർഡോ, 11-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ, മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥന്മാരോ ഒത്തുതീർപ്പാക്കുകയോ, നിശ്ചയിക്കുകയോ, തീരുമാനിക്കുകയോ, കൈകാര്യം ചെയ്യുകയോ ചെയ്യേതായ യാതൊരു സംഗതിയും ഒത്തുതീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ, കൈകാര്യം ചെയ്യുവാനോ, നിശ്ചയിക്കുവാനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉായിരിക്കുന്നതല്ല.

26. ചട്ടങ്ങളുാക്കുവാനുള്ള അധികാരം:-

(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും, ആഡിറ്റിനും, സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും, ശിക്ഷാനടപടികൾക്കും പദ്ധതിയുടെ മറ്റെല്ലാ ആവശ്യങ്ങൾക്കുമായി സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, പിൽകാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉാക്കിയശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ ര് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ ചട്ടം ഉാക്കേതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത പ്രകാരം പ്രാബല്യമുായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേതാണ്.

27. റദ്ദാക്കലും ഒഴിവാക്കലും:-

(1) 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ് (2007-ലെ 20) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ, ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ; എടുത്തതോ, എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേതാണ്.

പട്ടിക

[3 (6) വകുപ്പ് കാണുക]

1 1 ക്ഷീര കർഷകരുടെ രജിസ്ട്രേഷൻ.

2 7-ാം വകുപ്പുപ്രകാരം, നിധിയിലേക്ക് അംശദായം നൽകേ സമയവും, രീതിയും.

3 ബോർഡിനെ സഹായിക്കാനായി ഏതെങ്കിലും കമ്മിറ്റി രൂപീകരിക്കൽ.

4 കണക്കുകൾ സൂക്ഷിക്കേ രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയിലുള്ള പണം നിക്ഷേപിക്കൽ, ബജറ്റ് തയ്യാറാക്കൽ, കണക്ക് ആഡിറ്റ് ചെയ്യൽ, ആഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിക്കൽ, സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കൽ എന്നിവ.

5 നിധിയിൽനിന്നും പണം പിൻവലിക്കൽ അനുവദിക്കുന്നതിനും, ഏതെങ്കിലും തട്ടിക്കിഴിക്കലോ കുകെട്ടലോ നടത്തുന്നതിനും ഉള്ള വ്യവസ്ഥകളും അപ്രകാരം തട്ടിക്കിഴിക്കുകയോ, കുകെട്ടുകയോ ചെയ്യാവുന്ന ഏറ്റവും കൂടിയ തുകയും.

6 ആവശ്യപ്പെടുന്ന സമയത്ത് ഒരംഗം തന്നെപ്പറ്റിയും കുടുംബത്തെപ്പറ്റിയും വിവരങ്ങൾ നൽകുന്നതിനുള്ള ഫാറം.

7 ഒരംഗം മരിക്കുമ്പോൾ കുടുംബപെൻഷൻ സ്വീകരിക്കുവാൻ ഒരാളെ നാമനിർദ്ദേശം ചെയ്യുകയോ അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്ന വിധം.

8 ക്ഷീരകർഷകരെ സംബന്ധിച്ച് സംഘം സൂക്ഷിക്കേ രജിസ്റ്ററുകളും, രേഖകളും സമർപ്പിക്കേ റിട്ടേണുകളും.

9 നിധിയിലെ ഏതെങ്കിലും അംഗത്തെ തിരിച്ചറിയുന്നതിനുവേിയുള്ള ഐഡന്റിറ്റി കാർഡിന്റെ മാതൃക, അതു നൽകൽ, സൂക്ഷിക്കൽ, പകരം നൽകൽ.

10 പട്ടികയിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ആവശ്യത്തിന് ചുമത്തേ ഫീസ്.

11 ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് വിനിയോഗിക്കാവുന്ന അധികാരങ്ങൾ കൂടുതൽ എന്തെങ്കിലും ഉങ്കിൽ അത്.

12 നിധി വിനിയോഗിക്കാവുന്ന ആവശ്യങ്ങൾ.

13 നിധി കൈകാര്യം ചെയ്യുന്നതിൽ ഉാകുന്ന ചെലവുകൾ ചെയ്യുന്നതിനുള്ള നടപടിക്രമം.

14 ബോർഡിന്റെ ആസ്ഥാനം, ബോർഡ് അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, ഓണറേറിയം തുടങ്ങിയവ.

15 പദ്ധതിയിൽ വ്യവസ്ഥ ചെയ്യേതോ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമാകുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

16 നിധിയിൽനിന്നും പെൻഷൻ, കുടുംബ പെൻഷൻ, ആനുകൂലങ്ങൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

നം.സി 3/17207/08

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി 12.12.2008

സർക്കുലർ

വിഷയം :- **ക്ഷീരവികസന വകുപ്പ് -കേരള ക്ഷീരകർഷക ക്ഷേമനിധി ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കുന്നതിന് ക്ഷീരസംഘങ്ങളുടെ പേരിൽ സേവിംഗ്സ് ബാങ്ക അക്കൗ തുടങ്ങുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.**

സൂചന :- **കേരള ക്ഷീരകർഷക ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24.11.08 ലെ കെ.ഡി.എഫ്.ഡബ്ലിയൂ.എഫ്/ഡി.ഐ.ആർ2008/നം. കത്ത്**

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് ക്ഷേമനിധി ബോർഡ് നടപ്പിലാക്കിയിട്ടുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിലെ അഗംങ്ങൾക്ക് കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നത് എളുപ്പമാക്കുന്നതിനായി സംഘങ്ങൾക്ക് ഏറ്റവും അടുത്തുള്ള എസ്.ബി.റ്റിയുടെ ബ്രാഞ്ചിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗ തുടങ്ങുന്നതിനുള്ള നിർദ്ദേശം എല്ലാ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്കും നൽകേതാണ്.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേതാണ്. കൂടാതെ ഈ വിഷയ സംബന്ധമായി തുടർനടപടികൾ സ്വീകരിച്ച് വിവരം ഈ ഓഫീസിൽ പതിനഞ്ച് ദിവസത്തിനകം റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്

ഡയറക്ടർ

നം.സി 1/15464/08

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി 28.10.2008

സർക്കുലർ

വിഷയം :- ക്ഷീരവികസന വകുപ്പ് - പാൽവില വർദ്ധന - വർദ്ധിപ്പിച്ച തുക ക്ഷീര കർഷ കർക്ക് ലഭ്യമാക്കുന്നത് - കേരള സഹകരണ നിയമം വകുപ്പ് സെക്ഷൻ 66(5) അനുസരിച്ച് സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

മിൽമാ വിതരണം ചെയ്യുന്ന പാലിന്റെ വില 3.10.08 മുതൽ ലിറ്ററിന് ഒരു രൂപ വർദ്ധിപ്പിച്ചതിൽ, 90 പൈസയും ക്ഷീരകർഷകർക്ക് ലഭ്യമാകുന്ന തരത്തിൽ പ്രാബല്യത്തിൽ വരുത്തുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ആയതിനാൽ ഓരോ പോയിന്റിലുമുള്ള പാൽ വിലയിൽ കർഷകർക്ക് ഓരോ ലിറ്ററിനും 90 പൈസയുടെ വർദ്ധനവ് ലഭിക്കുന്നുേണ്ടായെന്ന് ഉറപ്പാക്കേതും ഇതിനുള്ള നിർദ്ദേശം 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 66(5) പ്രകാരം സംഘങ്ങൾക്ക് നൽകേതാണെന്നും അറിയിക്കുന്നു. സംഘങ്ങൾ പ്രസ്തുത നിർദ്ദേശം കർശനമായി പാലിക്കുന്നുേണ്ടായെന്ന് ഉറപ്പാക്കേതും ആയത് പരിശോധിക്കുന്നതിനും, ഇതു സംബന്ധിച്ച് ഉാകുന്ന പരാതികൾ അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കുന്നതിനും നിർദ്ദേശം ബന്ധപ്പെട്ട ഡയറി എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നല്കണമെന്നും നിർദ്ദേശിക്കുന്നു. ഈ സർക്കുലർ കിട്ടിയ വിവരവും ഇത് സംബന്ധിച്ച് കൈക്കൊള്ളുന്ന നടപടികളും താമസംവിന ഈ ഓഫീസിൽ അറിയിക്കേതാണ്.

ഒപ്പ്

ഡയറക്ടർ

നം.സി 2/15284/08/എൽ.ഡി.സ്

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി 22.10.2008

സർക്കുലർ

വിഷയം :- **ക്ഷീര സംഘങ്ങളുടെ പാൽ വിറ്റുവരവിലുള്ള മാർജിൻ സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച്**

സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം പാലിന്റെ സംഭരണവിലയും വില്പനവിലയും തമ്മിലുള്ള വ്യത്യാസമാണെന്നിരിക്കെ ഇത് സംബന്ധിച്ച് വ്യാപകമായ പരാതികൾ നിലനിൽക്കുന്നതായി ക്ഷീര വികസന വകുപ്പിന് ബോധ്യപ്പെട്ടിട്ടു്. ഇതിന്റെ നിജസ്ഥിതി സംഘങ്ങളായ ക്ഷീര കർഷകർകൂടി മനസ്സിലാക്കിയിരിക്കേതു്.

ആയതിനാൽ സംസ്ഥാനത്തെ കേരള സഹകരണ നിയമത്തിന്റെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ക്ഷീരസംഘങ്ങളിലും കർഷകർക്ക് നൽകിയ പ്രതിമാസ പാൽവിലയും (ഡയറിയിൽ നിന്നും ലഭിച്ചതും ലോക്കൽ വില്പനയുടെയും) തമ്മിലുള്ള വ്യത്യാസം തിട്ടപ്പെടുത്തി തൊട്ടടുത്തുള്ള മാസം 1ാംാം തീയതി തന്നെ സംഘം സെക്രട്ടറി, നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

ഈ കണക്കുകളുടെ കൃത്യത സംഘം ഭരണസമിതിയും, അതാത് ഡയറി ഫാം ഇൻസ്ട്രക്ടർമാരും ഡയറി എക്സ്റ്റൻഷൻ ഓഫീസറും പരിശോധിച്ച് ഉറപ്പുവരുത്തേതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

ഒപ്പ്

ഡയറക്ടർ

സി 2/11754/06

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി 3.2.2007

സർക്കുലർ

വിഷയം :- **ക്ഷീരവികസന വകുപ്പ് - ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം- വാർഷിക പൊതുയോഗം കൂടുന്നത് - സംബന്ധിച്ച്**

സൂചന :- **ഈ ഓഫീസിലെ 14.11.06 ലെ ഇതേ നമ്പർ സർക്കുലർ**

മേൽ സൂചന സർക്കുലറിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ ജില്ലയിലെ ക്ഷീരസഹകരണ സംഘങ്ങളിൽ സഹകരണ നിയമ പ്രകാരവും, സംഘം നിയമാവലി പ്രകാരവും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് വാർഷിക പൊതുയോഗം കൂടുന്നതിനുള്ള കർശന നിർദ്ദേശം സംഘങ്ങൾക്ക് കേരള സഹകരണ നിയമം വകുപ്പ് 66എ പ്രകാരം നൽകേ താണ്.

1. വകുപ്പ് 29 പ്രകാരം ഓരോ സംഘവും വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും പൊതുയോഗം കൂടേതാണ്. സഹകരണ വർഷത്തിൽ അവസാനത്തെ തുടർന്ന് മൂന്നു മാസത്തിനുള്ളിൽ ആപ്കോസ് ബൈലാ (4.2) പ്രകാരവും, മറ്റു സംഘങ്ങൾ ബൈലാ പ്രകാരവും വാർഷിക പൊതുയോഗം നടത്തേ താണ്. ഈ പൊതുയോഗത്തിൽ സംഘത്തിന്റെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ടും, വരവ് ചെലവു കണക്ക്, ആ വർഷത്തെ വ്യാപാര കണക്ക്, ലാഭ നഷ്ട കണക്ക്, ബാക്കി പത്രം എന്നിവയും അവതരിപ്പിക്കേ താണ്. വാർഷിക പൊതുയോഗങ്ങൾ കൂടുന്നതിന് കുടിശ്ശികയുള്ള സംഘങ്ങൾ അവസാനമായി കൂടിയ പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങിയതിനുശേഷമുള്ള കണക്കുകൾ പൂർണ്ണമായും വർഷം തിരിച്ച് മേൽ പറഞ്ഞ പ്രകാരം തയ്യാറാക്കി പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേ താണ്.

2. **അജ തയ്യാറാക്കേ വിധം** - ഒരു വാർഷിക പൊതുയോഗം വിളിക്കേത് സംഘം ഭരണസമിതിയാണ്. പൊതുയോഗം കൂടുന്ന സ്ഥലം, തീയതി, സമയം, അതിൽ ചർച്ച ചെയ്യേ വിഷയങ്ങൾ, ഉൾക്കൊളളുന്ന അജ ഇവ ഉൾക്കൊളളിച്ച് വോട്ട് അധികാരമുള്ള എല്ലാ അംഗങ്ങൾക്കും ബൈലായിൽ പ്രസ്താവിച്ച ദിവസത്തിൽ കുറയാതെ നോട്ടീസ് കൊടുത്ത് പൊതുയോഗത്തിന്റെ അംഗീകാരം വേ എല്ലാ പ്രധാനപ്പെട്ട കാര്യങ്ങളും മുൻപ് നടന്ന കമ്മിറ്റി മീറ്റിംഗിന്റെ തീർപ്പുകൾ പ്രകാരം പൊതുയോഗത്തിന്റെ പരിഗണയ്ക്കായി നീക്കിവെയ്ക്കപ്പെട്ട എല്ലാ വിഷയങ്ങളും ഉൾക്കൊളളിച്ചിരിക്കേ താണ്. അജ ഭരണസമിതി അംഗീകരിച്ചതായിരിക്കണം.

3. **പൊതുയോഗനോട്ടീസ് -** ആനന്ദ് മാതൃക ക്ഷീരസംഘങ്ങളുടെ നിയമാവലി ക്ലോസ്സ് 4(4) പ്രകാരം വാർഷിക പൊതുയോഗത്തിന് 10 ദിവസത്തെ നോട്ടീസും പ്രത്യേകം പൊതുയോഗത്തിന് 7 ദിവസത്തെ നോട്ടീസും നൽകിയിരിക്കേ താണ്.

4. പൊതുയോഗത്തിൽ പങ്കെടുക്കാനുള്ള അർഹത - 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 2 കെ പ്രകാരം പൊതുയോഗം എന്നാൽ സംഘകാര്യങ്ങളിൽ വോട്ട് ചെയ്യാൻ അവകാശമുള്ളവരുടെ യോഗം എന്നാണ്. ആനന്ദ് മാതൃകക്ഷീര സംഘങ്ങളുടെ നിയമാവലി ക്ലോസ്സ് 3.3 ബി (iii) പ്രകാരം മുൻകൊല്ലത്തിൽ സംഘത്തിന് 180 ദിവസത്തിൽ കുറയാതെ പാൽ നല്കിയിരിക്കുകയോ, പാൽ നൽകിയ ദിവസങ്ങളുടെ എണ്ണം 180 ദിവസത്തിൽ കുറവാണെങ്കിൽ മുൻകൊല്ലം സംഘത്തിന് നൽകിയ പാലിന്റെ അളവ് 500 ലിറ്റർ കുറവാകാതെയിരിക്കുകയോ ചെയ്താൽ മാത്രമേ പൊതുയോഗത്തിൽ ഹാജരാകുന്നതിനും വോട്ട് ചെയ്യുന്നതിനും അംഗങ്ങൾക്ക് അർഹത ഉായിരിക്കുകയുള്ളൂ.

5. **പരമ്പരാഗത ക്ഷീരസഹകരണ സംഘങ്ങൾ ശ്രദ്ധിക്കേവ** -പരമ്പരാഗത ക്ഷീരസഹകരണ സംഘങ്ങൾ തങ്ങളുടെ നിയമാവലി പ്രതിപാദിച്ചിരിക്കുന്ന പ്രകാരമുള്ള ദിവസത്തെ നോട്ടീസും, പൊതുയോഗത്തിൽ പങ്കെടുക്കാൻ അംഗങ്ങൾക്ക് പ്രതിപാദിച്ചിരിക്കുന്ന യോഗ്യ

തയും പാലിച്ചായിരിക്കണം പൊതുയോഗം കൂടന്നതിന് നടപടി സ്വീകരി ക്കേ ത് .

6. **പൊതുയഗോ നോട്ടീസ്** - പൊതുയോഗ നോട്ടീസ് സംഘം പ്രസിഡന്റോ സെക്രട്ടറിയോ (ഭരണസമിതിയുടെ ഉത്തരവ് അനുസരിച്ച്) ഒപ്പിട്ട് അയ ക്കാവുന്നതാണ്. അർ സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിങ്ങ് ആയോ നേരിട്ടോ നോട്ടീസ് നൽകാവുന്നതാണ്. അർ സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിങ്ങിൽ അയക്കുമ്പോൾ നോട്ടീസ് അയച്ച തീയതി മുതൽ നിയമാവലി അനുശാ സിക്കുന്ന പ്രകാരമുള്ള സമയവും, നേരിട്ട് നൽകുമ്പോൾ ഏറ്റവും അവ സാനം നോട്ടീസ് കൈപ്പറ്റിയ അംഗത്തിന് നിമായവലി അനുശാസിക്കുന്ന പ്രകാരമുള്ള സമയവും കൃത്യമായി ഉന്നെ് ഉറപ്പാക്കേത് ഭരണസമി തിയുടെയും സെക്രട്ടറിയുടെയും ഉത്തരവാദിത്വമാണ്.

7. **അജ യിൽ ഉൾപ്പെടു ത്തേ വിഷ യ ങ്ങൾ** -പൊതുയോഗത്തിൽ അവ തരിപ്പിക്കേ വിഷയങ്ങൾ ഓരോ ബൈലായിലും പ്രത്യേകം പ്രസ്താ വിച്ചിരിക്കും. 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 29 പ്രകാരം ഭരണ റിപ്പോർട്ട്,. ആഡിറ്റ് റിപ്പോർട്ട്, ബൈലാഭേദഗതി, ലാഭ വിഭജനം, സംഘത്തിന്റെ വാർഷിക ബഡ്ജറ്റ്, ഭരണസമിതി പൊതുയോഗത്തിൽ അവതരിപ്പിക്കുന്ന പ്രധാന വിഷയങ്ങൾ , കിട്ടാകടങ്ങൾ എഴുതിതള്ളൽ, ആഡിറ്റ് ന്യൂനതാപരിഹാര റിപ്പോർട്ട് പാസ്സാക്കൽ എന്നിവയെല്ലാം പൊതു യോഗത്തിൽ അവതരിപ്പിക്കേതായ ചോദ്യങ്ങളും പ്രമേയങ്ങളും ഭര ണസമിതി ചർച്ചക്ക് എടുത്ത് വിവരം പൊതുയോഗത്തിനെ ധരിപ്പിക്കേ ഉത്തരവാദിത്വം ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കും. സംഘത്തിന്റെ പൊതുയോഗത്തിന് പരമാധികാരം ഉങ്കെിലും ബൈലാ പ്രകാരമോ നിയമാനുസൃതമായോ ഭരണസമിതിക്കോ പ്രസിഡന്റിനോ ഉദ്യോഗ സ്ഥർക്കോ നൽകിയിട്ടുള്ള അധികാരങ്ങളിൽ പൊതുയോഗം ഇടപെട്ടു കൂടാത്തതാണ് (കേരള സഹകരണ നിയമം വകുപ്പ് 27).

8. **പൊതുയോഗ നടപടിക്രമം** - പൊതുയോഗത്തിന്റെ മിനിട്ട്സിൽ മീറ്റിംഗ് കൂടിയ സമയം, സ്ഥലം, തീയതി, ആരുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു എന്നിവയും മെമ്പർമാരുടെയും ഡയറക്ടർമാരുടെയും പേരും വിവരവും ഒപ്പും രേഖപ്പെടുത്തിയിരിക്കണം. കാര്യപരിപാടിയിലെ ഏതെ

ങ്കിലും ഇനത്തിൽമേൽ തീരുമാനങ്ങളും യോഗം പിരിഞ്ഞ സമയവും രേഖപ്പെടുത്തി അദ്ധ്യക്ഷൻ ഒപ്പ് വെയ്ക്കേതാണ്. പൊതുയോഗ ത്തിന്റെ ഹാജർ രേഖപ്പെടുത്തുന്നതിനു മാത്രമായി ഒരു പ്രത്യേക പൊതുയോഗ ഹാജർ രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്. ഓരോ തീരു മാനവും കൈക്കൊള്ളുമ്പോഴും പൊതുയോഗത്തിന് ഉായിരിക്കേ ക്വാറം ഉ് എന്ന് അദ്ധ്യക്ഷൻ ഉറപ്പ് വരുത്തേതാണ്. ഹാജരായ അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും ഒപ്പ് രേഖപ്പെടുത്താവുന്നതാണ്.

ഏതൊരു സംഘത്തിന്റെയും പൊതുയോഗത്തിന് പ്രസിഡന്റ് അദ്ധ്യ ക്ഷത വഹിക്കണം. പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ നിയമാവലി പ്രകാരം വൈസ്പ്രസിഡന്റ് ഉളള സംഘങ്ങൾ ആണെങ്കിൽ അദ്ദേഹവും രുപേരും ഇല്ല എങ്കിൽ പൊതുയോഗത്തിൽ ഹാജരായ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗമായിരിക്കണം അദ്ധ്യ ക്ഷത വഹിക്കേത്. അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ചിട്ടുള്ള സംഘ ങ്ങളിൽ അഡ്മിനിസ്ട്രേറ്റർമാർക്ക് ഭരണസമിതിയുടെയും പ്രസിഡന്റി ന്റെയും അധികാരം ഉളളത് കൊ് അദ്ധ്യക്ഷത വഹിക്കാവുന്നതാ ണ്.

പൊതുയോഗം കൂടുന്നതിനും ബൈലായിൽ നിഷ്കർഷിച്ചിട്ടുള്ള കോറം ഉായിരിക്കേ താണ്.

തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് വോട്ട് എടുപ്പ് ആവശ്യമാകുന്ന പക്ഷം 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 21 പ്രകാരം ഓരോ മെമ്പറും നേരിട്ട് ഹാജരായി വോട്ട് രേഖപ്പെടുത്തേതാണ്. വോട്ട് എടുപ്പിൽ വോട്ട് തുല്യമായി വരുന്ന പക്ഷം അദ്ധ്യക്ഷന് ഒരു കാസ്റ്റിംഗ് വോട്ട് കൂടി 1969ലെ കേരള സഹകരണ നിയമം വകുപ്പ് 20 പ്രകാരം അനുവദനീയമാണ്.

9. **പൊതുയോഗത്തിൽ അവതരിപ്പിക്കേ കണക്കുകളും നിയമാവലി ഭേദഗതി നിർദ്ദേശങ്ങളും മറ്റു നിർദ്ദേശങ്ങളും** - പൊതുയോഗത്തിൽ അവതരിപ്പിക്കേ കണക്കുകൾ തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പി ക്കേ ഉത്തരവാദിത്വം സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവിൽ നിക്ഷിപ്തമായിരിക്കും. കേരള സഹകരണ നിയമം ചട്ടം 29,30,33

പ്രകാരം ഒരു സഹകരണ വർഷം അവസാനിച്ച 3 മാസത്തിനുള്ളിൽ സംഘത്തിന്റെ കണക്കുകൾ, സ്റ്റേറ്റുമെന്റുകൾ മുഴുവൻ തയ്യാറാക്കേതും നശ്ചിത സമയത്തിനുളളിൽ രജിസ്ട്രാർക്ക് സമർപ്പിക്കേതിന്റെയും ഉത്തരവാദിത്വം 1969 ലെ കേരള സഹകരണ നിയമം ചട്ടം 33 (2) പ്രകാരം ചീഫ് എക്സിക്യൂട്ടീവിൽ നിക്ഷിപ്തമാണ്. അപ്രകാരം ചെയ്യാത്ത പക്ഷം വകുപ്പ് 94(40 പ്രകാരമുള്ളനടപടികൾ സ്വീകരിക്കാൻ രജിസ്ട്രാർക്ക് അധികാരമുായിരിക്കുന്നതാണ്.

നിയമാവലി ഭേദഗതി നിർദ്ദേശങ്ങൾ തയ്യാറാക്കുമ്പോൾ നിയമാവലി ക്ലോസ്സ് നമ്പർ, നിലവിലുള്ളത്, ഭേദഗതിക്ക് ശേഷം നിലവിൽ വരുന്നത്, കാരണം എന്നിവ രേഖപ്പെടുത്തേതും പൊതുയോഗം ആയതിന് അംഗീകാരം നൽകിയെങ്കിൽ ആയതും മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തേ താണ്.

സ്ഥലം, കെട്ടിടം എന്നിവ വാങ്ങുന്നതിനോ പണിയുന്നതിനോ ഉദ്ദേശിക്കുന്ന പക്ഷം പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങുന്ന കരട് ബഡ്ജറ്റിൽ ആയതിൽ ആവശ്യമായ തുകകൾ വകയിരുത്തേതാണ്.

1969ലെ കേരള സഹകരണ നിയമം വകുപ്പ് 27 പ്രകാരം സംഘത്തിന്റെ പരമാധികാരം പൊതുയോഗത്തിൽ നിക്ഷിപ്തമാണെങ്കിലും ഭരണസമിതിക്കോ ഏതെങ്കിലും ഉദ്യോഗസ്ഥനോ ബൈലാ പ്രകാരമോ നിയമാനുസൃതമായോ ലഭിച്ച അധികാരം വിനിയോഗിക്കുന്നതിന് പൊതുയോഗത്തിന്റെ അധികാരം ഒരു തടസ്സമായി തീരുവാൻ പാടില്ല.

10. സംഘങ്ങൾ ബഡ്ജറ്റ് പാസ്സാക്കുമ്പോൾ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്ക് പ്രത്യേകം തുക വകകൊളളിക്കേതാണ്. പ്രസിഡന്റുമാർക്ക് ഓണറേറിയം നൽകുന്നതിന് പ്രത്യേക തുക ബഡ്ജറ്റിൽ വകയിരുത്തണം. സംഘങ്ങളിലെ സ്ഥിരം ജീവനക്കാരെ സ്വാശ്രയ പെൻഷൻ പദ്ധതിയിൽ ഉൾക്കൊളളിക്കുന്നതിന് ഓരോ സംഘവും പ്രത്യേകം ശ്രദ്ധിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

ഈ സർക്കുലർ കൈപ്പറ്റി ഉടൻ തന്നെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേതും വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേ തുമാണ്.

ഒപ്പ്

ജി.ശ്രീനാഥൻ

ക്ഷീരവികസന വകുപ്പ് ഡയറക്ടർ (ഇൻ ചാർജ്ജ്)

നം.റ്റി.സി/10352/08

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി 14.08.2008

ഡയറക്ടർ

എല്ലാ ഡയറികൾക്കും

സർ,

വിഷയം :- **ക്ഷീരവികസന വകുപ്പ് – ഓണക്കാലത്ത് വിപണിയിലെത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം – സംബന്ധിച്ച്**

കേരളത്തിൽ ഓണക്കാലത്ത് പാൽ ഉപഭോഗം വർദ്ധിയ്ക്കുന്നതോടെ, രാസവസ്തുക്കളും മായം ചേർത്തതുമായ പാൽ ധാരാളമായി വിപണിയിലെത്തുന്നതായി ക്ഷീരവികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടു്. ഇത് കേരളത്തിലെ മുഴുവൻ ജനതയുടെയും ആരോഗ്യത്തെ സാരമായി ബാധിയ്ക്കുമെന്നതിനാൽ ഇതിനെതിരെ കർശന നടപടികൾ കൈക്കൊള്ളുവാൻ MMPO സ്റ്റേറ്റ് രജിസ്റ്ററിംഗ് അതോറിറ്റി എന്ന നിലയിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർ തീരുമാനിച്ചിട്ടു്.

താങ്കളുടെ ഡയറിയിൽ നിന്നും വിപണനം നടത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഇതിനാൽ നിർദ്ദേശം നൽകുന്നു. ഏതെങ്കിലും കാരണവശാൽ താങ്കളുടെ ഡയറിയിൽ നിന്നും വിപണനം നടത്തുന്ന പാലിന്റെ ഗുണനിലവാരം (Phsysical, Chemical and Bacteriological Quality) മോശമായി കാൽ താങ്കൾക്കെതിരെ മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട്സ് ഓർഡർ 1992 നിയമപ്രകാരം കർശന നടപടി സ്വീകരിക്കുന്നതാണന്നും അതിന് ഉത്തരവാദി താങ്കൾ മാത്രമായിരിക്കുമെന്നും ഇതിനാൽ അറിയിക്കുന്നു.

ഓണക്കാലത്ത് കേരളീയർക്ക് ശുദ്ധവും സുരക്ഷിതവുമായ പാൽ നൽകുന്നതിന് താങ്കളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ഡയറക്ടർ

GOVERNMENT OF KERALA

Abstract

Nomination of Director of Dairy Development as the Registering Authority for issue of Registration Certificate under Milk and Milk Product Order, 1992 - Orders Issued.

AGRICULTURE (DAIRY) DEPARTMENT

G.O(RT)No. 1731/93/AD. Dated, Thiruvananthapuram, 20.12.1993

Read :- 1. **Letter No. 9-5-/92-DP Dated, 27.08.1993 from Ministry of Agriculture, Department of Animal Husbandry and Dairying, Govt. of India.**

ORDER

Consequent upon the new Industrial Policy announced by the Government of India in July 1991, a number of industries compulsory licensing. In order to have a check on the mushroom growth of dairy units in the organised/private sector, Government of India had issued Milk and Milk Product Order (MMPO), 1992 on 9th June 1992, to enforce discipline in the milk trade.

2. As per paragraph 5(2), a person handling more than 10,000 liters on milk per day or milk sold in excess of five hundred tonnes per annum, is required to obtain registration certificate from Registering Authority for carrying on their business. A Notification has been issued by Government of India to this effect delegating powers to the State Government concerned for registration of units handling upto 75,000 liters of milk per day or 3,750 metric tonnes of milk sold per year, subject to the conditions that the entire milk shed lies within a State.

3. Government of India have now requested State Government to nominate Registering Authority. Government have examined the request and are pleased to nominate the Director of Dairy Development of the State as the Registering Authority who will be responsible for issue for Registration Certificate.

By Order of the Governor

N. CHANDRASEKHARA PILLAI, Deputy Secretary to Government